KNANAYADEEPAM
SINCE 1989

# ക്നാനായദീപം

Vol: 28 / Issue: 12 October 2018 ₹ :10/-



# ST. GREGORIOS KNANAYA SYRIAN CHURCH

## Kingdom of Bahrain

### MANAGING COMMITTEE 2018-2019

**PRESIDENT**



**FR. ALIAS SCARIA**
Elavankalam

**TRUSTEE**



**STEPHEN JACOB**
Kandathil Parambil
St. Thomas Valiyapally, Ranni.

**SECRETARY**



**JINSON CHANDY**
Naikamadathil
Mor Ignatious Knanaya Church Kurichy

### COMMITTEE MEMBERS



**SAJI JACOB**
Moolamkulam
St. Marys Salem Church Chingavanam



**DONY CHACKO**
Kodinjoor
St. Peter's Knanaya Church
Thottapuzha



**BYJU THOMAS**
Nyppallyuzhathil
St. Peters Knanaya Church
Thottapuzha



**CYRIL JACOB**
Kizhakkekuttu
St.Simon Knanaya Church, Vakathanam



**ROHITH BENSY**
Velamparampil
St. Kuriakose Knanaya Church
Aythala



**JACOB RAJU ( RIBY)**
Padiyara
Mor Yuhanon Mamdana Knanaya
Church Ennikadu



**SHONA MATHEW CHERIAN**
Kodinjoor Kunnumpurathu
St.Marys Knanaya Church , Eraviperoor

# ക്നാനായ ദീപം

SINCE 1989

2018 ഒക്ടോബർ പുസ്തകം 29 ലക്കം 10

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. John Mathew Moolamkulam**

**Members**
Abraham Kallissery
Abraham K. Mathew Kdaithara
K. T. Abraham Kariyil
Jose A.T. Amakkattu
Jinto K. Abraham Minerva

**Press Manager**
**Rev. Fr. Jiby Joseph**

**Press Managing Committee**
Arun T. C., Thakidiyil
Juby K. Jacob Kollamparambil
Thomaskutty A. Kurian Aphisil
Manish Joy Ozhukuthara
Jacob Kuruvilla Anakkattu
Mathew Kuruvilla Puthiyaparambil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thodathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**


**Visit www.knanayadeepam.com**

## ഉള്ളടക്കം


**എഡിറ്റോറിയൽ** 04

**വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം** 05

**ബൈബിൾ : ഒരു ആമുഖ പഠനം** 06
ഫാ. ജിനു കുരുവിള

**മലങ്കരസഭ** 08
പ്രൊഫ. പി. കെ. സ്കറിയ

**ഇടക്കുളത്തിന്റെ തേജസ്സ്** 10
ഫാ. അനിൽ കെ. തോമസ്

**നിങ്ങളിൽ കുറ്റമില്ലാത്തവർ കല്ലെറിയട്ടെ** 15
ലിഷാ സിജോ

**ദൈവം ആളത്വമാകുന്നു** 16
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

**എന്തേ തുമ്പി തുള്ളാത്തെ** 17
അലക്സ് തെക്കുംതറ

**വചനാമൃതം** 20
ഫാ. റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ

**മാമ്മോദീസ** 23
ലീലമ്മ ഏബ്രഹാം

**പ്രളയബാധിതർക്കൊപ്പം** 25
അനീഷ് റ്റി. സി.

**ബാലദീപം** 27

**കർത്താവിന്റെ മലർവാടി** 28

**കാല്പാടുകൾ** 37
എബി

**കുടുംബചിന്തകൾ** 38
ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ

**മാട്രിമോണിയൽ** 43



ക്നാനായദീപം വരിസംഖ്യ കുടിശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തൻ അവയവങ്ങളാകുന്നു (1.കൊരി.12:27). ക്രൈസ്തവ സഭയ്ക്ക് നൽകിയിട്ടുള്ള ഒരു നിർവചനം "സഭ ക്രിസ്തുവിന്റെ ശരീരമാണ്" അത് തികച്ചും ദൈവശാസ്ത്രപരവും വേദപുസ്തത്തിൽ അധിഷ്ഠിതവുമാണ്. എന്നാൽ ഇന്നത്തെ സഭയുടെ സാക്ഷാൽ സ്വഭാവവും ജീവിതവും നോക്കുമ്പോൾ ഈ നിർവചനം സാധൂകരിക്കത്തക്കതാണോ എന്ന് ആരും ചോദിച്ചുപോകും. ഇന്ന് യേശുക്രിസ്തുവിന്റെ ഏറ്റവും വലിയ ശത്രു സഭയാണെന്ന് ചിലർ പറയാറുണ്ട്. അതായത് യേശുക്രിസ്തുവിന്റെ സുവിശേഷത്തിനും സ്വഭാവത്തിനും ജീവിതത്തിനും നിരക്കാത്ത ഒരു ദുഷിച്ച നിലവാരം പുലർത്തുന്ന സഭ തന്നെയാണ് ക്രിസ്തുവിന് ഏറ്റവും വലിയ വിലങ്ങുതടിയായി തീർന്നിരിക്കുന്നത്. യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിശുദ്ധ ബൈബിളിൽ ക്രിസ്തുവിനെ സ്നേഹം, കരുണ, ത്യാഗം, സഹിഷ്ണത, വിനയം എന്നിവയുടെ മൂർത്തീകരണമായിട്ടും. ക്ലേശവും കഷ്ടതയും സഹിച്ചു നന്മ ചെയ്തുകൊണ്ടു സഞ്ചരിച്ചവനായിട്ടും അവസാനം സത്യത്തിനും മനുഷ്യ രക്ഷയ്ക്കുംവേണ്ടി സ്വയം കുരിശുമരണം വരിച്ചവനായിട്ടും ആണ് ചിത്രീകരിച്ചിട്ടുള്ളത്. ആ ക്രിസ്തുവിന്റെ ശരീരമാണെന്ന് അവകാശപ്പെടുന്ന സഭയിൽ ഇന്നെന്താണു കാണുന്നത്. സ്പർദ്ധയും വഴക്കും കേസുകളും അധികാരത്തിനുള്ള വടംവലികളും, പള്ളിപിടുത്തങ്ങളും എല്ലാം നഗ്നമായ ലൗകീകത്വമല്ലേ. ക്രിസ്തുവിന്റെ ആത്മാവും ആദർശങ്ങളും ജീവിതലക്ഷ്യവുമില്ലാത്ത ഒരു സമൂഹത്തെ ക്രിസ്തുവിന്റെ ശരീരമെന്നു എങ്ങനെ പറയാൻ കഴിയും. "നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കയും ഞാൻ ചെയ്യുന്നത് ചെയ്യാതിരിക്കുന്നതും എന്ത്" എന്നു യഹൂദസഭയോട് ചോദിച്ച ചോദ്യം തന്നെ ഇന്ന് നമ്മുടെ സഭയോടും ചോദിക്കുന്നുണ്ടാകും. നാം ആരാധനയ്ക്കു പ്രഥമസ്ഥാനം കൊടുക്കുന്ന ഒരു സഭയാണെന്ന് സ്വയം അഭിമാനിക്കാറുണ്ട്. എന്നാൽ ആരാധിച്ചതു കൊണ്ടുമാത്രം നാം ക്രിസ്തുവിന്റെ രാജ്യത്തിൽ കടക്കണമെന്നില്ല. "എന്നോട് കർത്താവേ കർത്താവേ എന്നു പറയുന്നവൻ അല്ല എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവർ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്" എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. ഇന്നു സഭ ദൈവത്തിന് അനിഷ്ടമായിട്ടുള്ളതെല്ലാം ചെയ്യുന്നു എന്നതാണ് പരമാർത്ഥം. സഭയെ വിമർശിക്കുന്നതു നമ്മേ തന്നെ വിമർശിക്കയാണെന്നുള്ള കാര്യം മറന്നിട്ടല്ല ഇതു പറയുന്നത്. സഭ പരിപൂർണ്ണമായി തീരണമെന്നുള്ള അതിയായ ആഗ്രഹം കൊണ്ടത്രേ. മലങ്കരസഭയുടെ ചരിത്രം പരിശോധിച്ചാൽ ഒരു കേവലം ലൗകീക സ്ഥാപനത്തിനുപോലും ലജ്ജതോന്നത്തക്ക അക്രമവും അനീതിയും ക്രിസ്തുവിന്റെയും സത്യവിശ്വാസത്തിന്റെയും പേരിൽ അത് ചെയ്തിട്ടുള്ളതായി കാണാം. പരിശുദ്ധന്മാർ എന്ന് സ്വയം നാമകരണം ചെയ്യുകയല്ലാതെ പരിശുദ്ധന്മാരുടെ സംഘമായിരുന്നിട്ടില്ല. ഒരു ദീർഘവീക്ഷണമെടുക്കാൻ സഭ തിന്മയേക്കാൾ കൂടുതൽ നന്മ ചെയ്തെന്നു പറയാമായിരിക്കാം. എന്നാൽ ആധുനിക ലോകത്തിൽ ത്രാസിന്റെ തട്ട് ഏതു വശത്തേക്കാണ് തൂങ്ങുന്നതെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകാം. നമ്മുടെ മലങ്കരയിലെ സഭയേപ്പറ്റി മാത്രം ചിന്തിച്ചാൽ വിധിയെഴുതേണ്ട ആവശ്യമില്ല.

ഒരു കാര്യം തീർച്ചയാണ്. ആത്മീയ നേതൃത്വത്തിന്റെ അഭാവം എന്നത്തേക്കാളും അധികമായി ഇന്നു അനുഭവപ്പെടുന്നുണ്ട്. യുവലോകം സഭയിൽ നിന്ന് അകന്നകന്നു പോകുന്നു എന്നുള്ള പരാതി പരക്കെ കേൾക്കാം.എന്നാൽ അദൃശ്യവാദികളും അക്ഷമരുമായ യുവാക്കളെ ആകർഷിക്കാൻ മതിയായ ആദർശസമ്പത്തും അദ്ധ്യാത്മികതയും ത്യാഗജീവിതവുമുള്ള എത്രപേരേ സഭയിൽ ചൂണ്ടിക്കാണിക്കാനുണ്ട്. അവിശ്വാസം വർദ്ധിച്ചുവരുന്ന ഈ കാലത്തു വിശ്വാസ വീരന്മാരെയാണാവശ്യം. പരി. പരുമല തിരുമേനിക്ക് ജന്മം നൽകിയ സഭയാണ് കഴിഞ്ഞ തലമുറയിൽ. ഇന്ന് ആരുണ്ട്. ഇന്നും നമ്മുടെ ഇടവകകളിൽ അവിടവിടെയായി കാണാവുന്ന ലളിത മാനസരായ സാധാരണ ജനങ്ങളുടെ വിശ്വാസവും കടന്നുപോയ പുണ്യവാന്മാരുടെയും പുണ്യവതികളുടെയും പ്രാർത്ഥനയും സർവ്വോപരി ദൈവത്തിന്റെ അതിരറ്റ കരുണയും കൊണ്ട് ഈ സഭ നിലനിന്നു പോകുന്നു എന്നു പറയേണ്ടിയിരിക്കുന്നു. എന്നും ഇങ്ങനെ നിലനിൽക്കണമെന്നുമില്ല. എത്രയെത്ര സഭകൾ ഭൂമുഖത്തുനിന്നും അപ്രത്യക്ഷമായിട്ടുണ്ട്.

സഭാനാഥനായ ക്രിസ്തു സഭയുടെ ജീവിതത്തിന്റെയും പരിപാടികളുടെയും കേന്ദ്രത്തിലേക്കു തിരിച്ചുവരണം. ഇന്നു ക്രിസ്തു സഭയുടെ പരിസരങ്ങളിൽ ചുറ്റിപ്പറ്റിനിൽക്കുന്ന പ്രതീതിയാണ് ഉണ്ടാകുന്നത്.

വ്യാപാര മനോഭാവമാണിന്ന് വ്യക്തികളേയും, സമൂഹങ്ങളേയും നയിക്കുന്നത്. ലാഭവും ധനസമ്പാദനവും ഏറ്റവും വലിയ ജീവിതേച്ഛയായി തീർന്നിരിക്കുന്നു. പണത്തിന് ദൈവീകത്വം നൽകി പണത്തെ ആരാധിക്കുന്നു. ഉല്പാദന ശക്തിക്കുമാത്രം വിലകല്പിക്കുന്ന-ലാഭമത്സരത്തിൽ വിജയം മാത്രം ലക്ഷ്യമാക്കിയിരിക്കുന്നു. സമൂഹത്തിൽ മൂല്യങ്ങൾ പലതും അവഗണിക്കപ്പെടുന്നു. കൺവൻഷനുകളും പെരുന്നാളുകളും എല്ലാം അനുഗ്രഹമായിരുന്നു എന്നു വിലയിരുത്തുന്നത് ലഭിച്ച വരുമാനം നോക്കിയാണ്. പല പള്ളികളിലെയും ചുമതലക്കാർ വിലപിക്കുന്നതു കേട്ടിട്ടുണ്ട്. ഈ വർഷത്തെ പെരുന്നാൾ നഷ്ടമായിരുന്നു എന്ന് (വരവിനേക്കാൾ ചിലവു കൂടുതലായി എന്ന്) ഇതൊക്കെ കേൾക്കുമ്പോൾ ലജ്ജിച്ചു തല താഴ്ത്തുകയാണ്. സഭ ലോകത്തിനു നൽകേണ്ട ഏക ദാനം ദൈവത്തിന്റെ പുത്രനായ ക്രിസ്തുവിനെ അത്രേ. ക്രിസ്തുവിനെ മാറ്റി നിർത്തികൊണ്ട് എന്തു ചെയ്താലും പ്രയോജനമല്ല. നമുക്ക് ലോകാവസാനത്തോളം നമ്മോടുകൂടെ ഇരിക്കാമെന്ന് അരുളിചെയ്ത അരുമനാഥന്റെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും അനുഭവിച്ചറിഞ്ഞ് മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കാം. അതായിരിക്കട്ടെ ഏറ്റവും വലിയ സുവിശേഷ വേല.

**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം

ക്രിസ്തീയ ജീവിത വിജയത്തിന് സഹനവും ത്യാഗവും അത്യന്താപേക്ഷിതമാണ്. ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്നത്രേ കർത്താവു നമ്മെ പഠിപ്പിച്ചത്. കഷ്ടതകളിൽ നിന്ന് ഒളിച്ചോടുന്നവനല്ല മറിച്ച് കഷ്ടതകളെ ദൈവാശ്രയത്തിൽ പരാജയപ്പെടുത്തുന്നവനാണ് ക്രിസ്ത്യാനി.

യോശുവയുടെ മരണശേഷം യിസ്രായേലിൽ രാജാവുണ്ടാകുംവരെ ന്യായാധിപന്മാരാണു ദേശത്തു ന്യായപാലനം ചെയ്തിരുന്നത്. ഈ ന്യായാധിപന്മാരുടെ കാലത്ത് യഹൂദ്യയിലെ ബേത്‌ലഹേം പട്ടണത്തിൽ വസിച്ചിരുന്ന എലീമേലെക്ക് എന്ന യഹൂദൻ തന്റെ ഭാര്യയായ നവോമിയോടും പുത്രന്മാരായ മഹ്ലോനോടും കില്ല്യോനോടും ഒത്തു മോവാബു ദേശത്തു പോയി പാർത്തു. ബേത്‌ലഹേമിൽ ഭക്ഷ്യക്ഷാമം ഉണ്ടായതിനാലാണ് ഈ കുടുംബം മോബാവുദേശത്തുപോയത്. ബേത്‌ലഹേം എന്ന വാക്കിന്റെ അർത്ഥം അപ്പത്തിന്റെ ഭവനം (ബയ്ത്തോ ദ്‌ലഹമോ) എന്നത്രേ. ജീവന്റെ അപ്പമായ മ്ശിഹാ ജനിക്കാനിരുന്ന പട്ടണമായതുകൊണ്ടായിരിക്കാം ഈ പട്ടണത്തിന് ബേത്‌ലഹേം എന്ന് പേരു വന്നത്. രക്ഷകനായ യേശു ജനിക്കാനിരിക്കുന്ന സ്ഥലം ബേത്‌ലഹേം എന്ന് മീഖാ പ്രവാചകൻ ക്രിസ്തുവിനും 800 വർഷങ്ങൾക്കുമുമ്പു പ്രവചിച്ചിരുന്നു (മീഖാ.5:2).

ക്ഷാമത്തെ അതിജീവിക്കാൻ എലിമേലേക്ക് തിരഞ്ഞെടുത്ത സ്ഥലം മോവാബ് ദേശമാണ്. സോദോം ഗോമോറാ തീയാൽ നശിപ്പിക്കപ്പെട്ടപ്പോൾ ലോത്ത് തന്റെ രണ്ടു പെൺക്കളുമായി പർവ്വതത്തിലേക്കോടിപ്പോയി രക്ഷപ്പെട്ടു. അവിടെവച്ചു ലോത്തിന്റെ മൂത്തമകൾ, അപ്പനായ ലോത്തിനാൽ ഗർഭിണിയായി. അവൾ പ്രസവിച്ച മോവാബിന്റെ പിൻതലമുറക്കാരാണ് മോവാബ് ദേശത്തുവസിക്കുന്ന മോവാബ്യർ. ഒരു മോവാബ്യന് ദേവാലയത്തിൽ കയറുവാനുള്ള അവകാശമില്ല. അവന്റെ പത്താം തലമുറയ്ക്കുപേലും ദേവാലയ പ്രവേശനം നിഷേധിച്ചിരിക്കുന്നു.

മിസ്രയിമീൽ നിന്നു വിടുവിക്കപ്പെട്ട ദൈവജനം മരുഭൂമിയിലൂടെ കനാനിലേക്കു യാത്ര ചെയ്യുമ്പോൾ അവരെ എതിരിട്ട രാജാക്കന്മാരെയെല്ലാം യുദ്ധത്തിൽ തോല്പിച്ചു. ദൈവജനത്തിന് മോവാബുദേശത്തുകൂടിയും കടന്നുപോകേണ്ടിയിരുന്നു. യുദ്ധംകൊണ്ടു ദൈവജനത്തെ തോല്പിക്കാൻ സാധിക്കയില്ല എന്ന് മോവാബു രാജാവായ ബാലാക്കിനു മനസ്സിലായി. ദൈവത്തിന്റെ പ്രവാചകനായ ബിലയാമിനെ പണംകൊടുത്തു വശീകരിച്ചു ദൈവജനത്തെ ശപിച്ചു നശിപ്പിക്കാൻ ഒരുങ്ങി. എന്നാൽ ശാപവാക്കുകൾ പ്രയോഗിക്കാൻ നിന്ന ബിലയാമിന്റെ വായിൽ ദൈവം അനുഗ്രഹവചനങ്ങളെ കൊടുത്തു. ബാലാക്കിന്റെ ആഗ്രഹം വിഫലമായി. കോപിഷ്ഠനായ ബാലാക്കിനു ബിലയാം കൊടുത്ത ഉപദേശമാണ്; ഈ ജാതിയുടെ രക്തശുദ്ധി നഷ്ടപ്പെടുത്തി അവരെ നശിപ്പിക്കുക. അതിൻപ്രകാരം പ്രവർത്തിച്ച മോവാബ്യരെയും ദൈവജനത്തെയും ദൈവം നശിപ്പിച്ചു. (സംഖ്യാപുസ്തകം 21-25 അദ്ധ്യായങ്ങൾ) ക്ഷാമത്തിൽ നിന്നു രക്ഷനേടുവാൻ എലിമേലെക്ക് തിരഞ്ഞെടുത്ത ദേശത്തിന്റെ മഹത്വവും വായനക്കാർ മനസ്സിലാക്കുക. ഫലമോ എലിമേലേക്കും തന്റെ മക്കളും ശപിക്കപ്പെട്ട ഭൂമിയിൽവച്ചുമരിച്ചുപോയി. ഇതിനോടകം ദൈവം ബേത്‌ലഹേമിലെ തന്റെ ജനത്തെ കടാക്ഷിച്ച് ആഹാരം കൊടുത്തവിവരം അറിഞ്ഞു നവോമി ബേത്‌ലഹേമിലേക്കു മടങ്ങുന്നു.

യഹൂദ്യായിലെ ബേത്‌ലഹേം ഒരു ചെറിയപട്ടണമെങ്കിലും അനേകം കുടുംബങ്ങൾ അവിടെ ഉണ്ടായിരുന്നു. ക്ഷാമത്തിൽ നിന്നു രക്ഷനേടുവാൻ ഏലീമേലെക്ക് അല്ലാതെ മറ്റാരും അപ്പത്തിന്റെ ഭവനം വിട്ടു ശപിക്കപ്പെട്ട ഭൂമിയിലേക്കു പോയില്ല. എല്ലാവരും ക്ഷാമത്തെ ദൈവാശ്രയത്തോടെ അഭിമുഖീകരിച്ചു; അതിജീവിച്ചു. ജീവിത വിജയം കണ്ടെത്തി. ഏശാവിനെപ്പോലെ ഉദരത്തെ സ്നേഹിച്ച് ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയില്ല.

വിശ്വാസത്താൽ മോശ താൻ വളർന്നപ്പോൾ പാപത്തിന്റെ തൽക്കാലഭോഗത്തേക്കാളും ദൈവജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുത്തു (എബ്രാ.11:24). യഹൂദാവംശത്തിൽ പിറന്ന മോശ വളർന്നത് മിസ്രയിമിലെ ഫറവോരാജാവിന്റെ കൊട്ടാരത്തിൽ. സകലവിദ്യകളും അഭ്യസിച്ചു രാജ്യാവകാശിയായി. ഫറവോന്റെ കൊട്ടാരത്തിൽ വസിച്ച മോശ ഈ കൊട്ടാരജീവിതവും ഇവിടുത്തെ സുഖസൗകര്യങ്ങളും താല്ക്കാലികമെന്നും ഇതുപേക്ഷിച്ചു ദൈവജനത്തോടൊരുമിച്ചുള്ള മരുപ്രയാണവും, കഷ്ടങ്ങളുടെ സഹനവും മാത്രമേ നിത്യജീവിതത്തിന് അർഹത നല്കൂ എന്ന തിരിച്ചറിവാണ് കൊട്ടാരം ഉപേക്ഷിക്കാൻ മോശയെ പ്രേരിപ്പിച്ചത്. മിസ്രയീമിലെ രാജകീയജീവിതം ഉപേക്ഷിച്ച് ദൈവകരങ്ങളിൽ ഏല്പിക്കപ്പെട്ടപ്പോൾ ദൈവം അവനെ യിസ്രായേല്യരുടെ നേതാവായി ഉയർത്തി.

സഹിഷ്ണതയും ത്യാഗവും നമ്മുടെയും മുഖമുദ്രയാകട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ



**ആർച്ച്ബിഷപ്പ് മോർ സേവേറിയോസ്**
**കുറിയാക്കോസ് വലിയമെത്രാപ്പോലീത്ത**




# ബൈബിൾ: ഒരു ആമുഖ പഠനം

ഫാ. ജിനു കുരുവിള, കിഴക്കേമുട്ടത്തിൽ

## ഉത്തമഗീതം

ഗീതങ്ങളുടെ ഗീതം (Song of Songs) എന്നാണ് ഈ പുസ്തകത്തിന്റെ ശീർഷകം. ഗീതങ്ങളിൽ ഏറ്റവും ശ്രേഷ്ഠം അഥവാ ഉത്തമഗീതം എന്നർത്ഥം. 'മെഗില്ലോത്ത്' എന്നറിയപ്പെടുന്ന ചുരുളുകളിൽ പ്രഥമവും പ്രാധാന്യം അർഹിക്കുന്നതുമാണ് ഈ പുസ്തകം. പ്രണയ കാവ്യങ്ങളുടെ ഒരു പരമ്പരയാണിത്. അവയിൽ കാമുകീ കാമുകന്മാരുടെ ഒരു ചേരലും വേർപിരിയലും പരസ്പരാന്വേഷണവും കണ്ടുമുട്ടലുമെല്ലാം ഹൃദയഹാരിയായി ആവിഷ്ക്കരിച്ചിരിക്കുന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധം ഇത്രമനോഹരമായി വർണ്ണിച്ചിരിക്കുന്നഭാഗങ്ങൾ ചുരുക്കമാണ്. യിസ്രായേലും ദൈവവുമായുള്ള ഉടമ്പടിയെ വിവാഹബന്ധവുമായി മറ്റു സ്ഥലങ്ങളിലും താരതമ്യം ചെയ്യുന്നതായി കാണാം. പ്രേമബദ്ധരായ സ്ത്രീയും പുരുഷനും തമ്മിലുള്ള സംഭാഷണ രൂപത്തിൽ ആറുഗീതങ്ങൾ ഉൾക്കൊള്ളുന്നതാണ് ഉത്തമഗീതം. ആദിമ ക്രൈസ്തവർ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ പ്രതീകമായിട്ടാണ് ഉത്തമഗീതത്തെ വ്യാഖ്യാനിച്ചിട്ടുള്ളത്.

ഈ ഗ്രന്ഥത്തെ സ്വാഭാവിക അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നത് കൂടുതൽ വ്യക്തവും ഉചിതവുമായി തോന്നുന്നു. സ്ത്രീപുരുഷ സ്നേഹം ആവിഷ്ക്കരിക്കുന്ന പ്രണയഗീതങ്ങളുടെ ഒരു സമാഹാരമാണിത്.

## 4. പ്രഭാഷകൻ (ബാർ അസീറെ)

സുറിയാനി വേദപുസ്തകത്തിൽ ഇതര കാനോനിക ഗ്രന്ഥങ്ങളുടെ വിഭാഗത്തിലുള്ള പുസ്തകമാണ് ബാർ അസീറാ. കത്തോലിക്കാ ബൈബിളിൽ പ്രഭാഷകൻ എന്നപേരിൽ ഈ പുസ്തകം അറിയപ്പെടുന്നു. എബ്രായ കാനോനിൽ ഈ പുസ്തകം ഉൾപ്പെടുത്തിയിട്ടില്ല. ഗ്രീക്ക് വേദപുസ്തകമായ സപ്തതിയിൽ സിറാക്കിന്റെ ജ്ഞാനം എന്ന പേരിൽ ഈ പുസ്തകം കാണുന്നു. ഗ്രന്ഥകർത്താവിനെയും ഗ്രന്ഥത്തിന്റെ ഉദ്ദേശ്യത്തെയും കുറിച്ചുള്ള സൂചനകൾ ഗ്രന്ഥത്തിന്റെ അവസാനഭാഗത്തുനിന്നു ലഭിക്കുന്നു. യെരുശലേം കാരനായ സീറാക്കിന്റെ മകൻ യേശു തന്റെ ജ്ഞാനത്തിന്റെ ബഹിർ പ്രകാശമനുസരിച്ച് ഈ ജ്ഞാനപൂർണ്ണമായ ഉപദേശം എഴുതി (50:27) എന്നു കാണുന്നു. സുഭാഷിതങ്ങളുമായി (സദൃശ്യ വാക്യങ്ങളുമായി) വളരെ സാമ്യമുള്ള ഈ ഗ്രന്ഥത്തിൽ ദീർഘകാലത്തെ വിശുദ്ധ ഗ്രന്ഥധ്യാനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ചിന്തകളാണിതിലുള്ളത്.

## ഘടന

1–43 സാന്മാർഗിക നിർദ്ദേശങ്ങൾ

44–50 യിസ്രായേലിലെ മഹാന്മാരുടെ കീർത്തനം

51 കൃതജ്ഞതാ സ്തോത്രം, വിജ്ഞാന തീക്ഷ്ണതയെക്കുറിച്ചുള്ള ഗീതം

സദൃശ്യവാക്യങ്ങളുമായി വളരെ സാമ്യമുള്ള ഈ ഗ്രന്ഥത്തിൽ പരമ്പരാഗത ബോധ്യങ്ങൾ തന്നെയാണ് കാണുന്നത്. ബൈബിളിന്റെ കാനോനിക ഭാഗമല്ലാത്ത ഒരു മുഖവുര ചില പതിപ്പുകളിൽ കാണുന്നുണ്ട്. അവിടെ ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ഇപ്രകാരം കാണുന്നു. "അറിവു സമ്പാദിക്കുന്നതിൽ താത്പര്യമുള്ളവർ ഈ ഗ്രന്ഥം ശ്രദ്ധാപൂർവ്വം പാരായണം ചെയ്ത് ഉടമ്പടി അനുസരിച്ച് ജീവിക്കുന്നതിൽ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കണം എന്നതാണ് ഈ ഗ്രന്ഥത്തിന്റെ ലക്ഷ്യം".

## ബാറുക്

ബാറൂക് യിരമ്യാ പ്രവാചകന്റെ ഒരു സഹായി ആയിരുന്നുവെന്ന് യിരമ്യാവിന്റെ പുസ്തകത്തിൽ നിന്ന് മനസ്സിലാക്കാം (യിര: 36:4–8). ബാറുക് ബാബിലോണിൽ വച്ച് എഴുതി യെരുശലേമിലേക്ക് അയച്ചു കൊടുത്തതാണ് ഈ ഗ്രന്ഥം (1:1). എന്നാൽ ഈ പുസ്തകത്തിന് പിമ്പിൽ ചിലർ പ്രവർത്തിച്ചിട്ടുണ്ടെന്നും ഇത് ഒരു സമാഹാരമാണെന്നും ചിലർ അഭിപ്രായപ്പെടുന്നു.

ദീർഘമായ ഒരു ആമുഖത്തിനുശേഷം (1:1–14) തെറ്റുകൾ ഏറ്റുപറഞ്ഞുകൊണ്ടും പാപമോചനം യാചിച്ചുകൊണ്ടും വിശ്വാസം പ്രഖ്യാപിച്ചുകൊണ്ടുമുള്ള പ്രാർത്ഥനയാണ് അദ്യഭാഗം (1:15–3:8). ജ്ഞാനത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള ഒരു ഗീതമാണ് അടുത്ത ഭാഗം. (3:9–4:4). പ്രവാസത്തിലാണ്ടുപോയ മക്കളെചൊല്ലി വിലപിക്കുന്ന യെരുശലേമിന് ആശ്വാസം പകരുന്ന വചനങ്ങളാണ് തുടർന്ന് കാണുന്നത്. പ്രവാസം അവസാനിക്കാറായി അവളുടെ മക്കൾ താമസിയാതെ തിരിച്ചു വരും (4:5–5:9). ആറാം അദ്ധ്യായം വിശുദ്ധ ഗ്രന്ഥത്തിൽ യിരമ്യായുടെ ലേഖനം എന്ന പേരിൽ 72 വാക്യങ്ങൾ ഒരു പുസ്തകമായി ചേർത്തിരിക്കുന്നു. ഇത് വിഗ്രഹാരാധനയ്ക്ക് എതിരായ ഒരു വിശദീകരണകുറിപ്പാണ്. പ്രവാസികളുടെ മതാത്മക ജീവിതത്തിലേയ്ക്ക് വെളിച്ചം വീശുകയും പ്രവാസം എങ്ങനെ ജീവിത നവീകരണത്തിന് ഉപകരിച്ചു എന്നു കൂടി വ്യക്തമാക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ.

വന്ദ്യ കണിയാമ്പറമ്പിൽ അച്ചൻ തർജ്ജിമ ചെയ്ത വിശുദ്ധ ഗ്രന്ഥത്തിൽ ബാറുക് 1 എന്ന പേരിൽ 53 വാക്യങ്ങൾ മാത്രമുള്ള ഒരു പുസ്തകം കൂടി കാണുന്നുണ്ട്. യെരുശലേമിൽ നിന്ന് ബാബേലിലേക്ക് ബാറൂക്ക് ശാസ്ത്രി അയച്ച ലേഖനം എന്നാണ് ഇതിന്റെ തലക്കെട്ട്. ഇത് പി.ഒ.സി. ബൈബിളിൽ കാണുന്നില്ല.

## മഹാജ്ഞാനം

ഈ ഗ്രന്ഥം ശലോമോന്റെ പേരിലാണ് അറിയപ്പെടുന്നത് (9:7,8,12). ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ ഇതിന്റെ ശീർഷകം ശലോമോന്റെ ജ്ഞാനം എന്നാണ്. ലത്തീൻ വുൾഗാത്തയിൽ ജ്ഞാനത്തിന്റെ പുസ്തകം എന്ന് ഇതിനു പേര് നൽകിയിരിക്കുന്നു. ശലോമോൻ അല്ല ഇതിന്റെ ഗ്രന്ഥകർത്താവെന്നും. യഹൂദ മതത്തിൽ അഗാധ പാണ്ഡിത്യമുള്ള ഒരു വ്യക്തിയാണ് ഇത് എഴുതിയതെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ശലോമോന്റെ ജ്ഞാനത്തക്കുറിച്ചുള്ള പ്രസിദ്ധി കാരണം അദ്ദേഹത്തിന്റെ പേരിൽ ഈ ഗ്രന്ഥം അറിയപ്പെടണമെന്ന് ഗ്രന്ഥകാരൻ ആഗ്രഹിച്ചതിനാലാകണം ശലോമോന്റെ പേരിൽ ഇത് അറിയപ്പെടുന്നത്.

## ഉള്ളടക്കം

ആദ്യഭാഗത്ത്(1-5) മനുഷ്യന്റെ അന്ത്യം നിർണ്ണയിക്കുന്നതിൽ ജ്ഞാനത്തിനുള്ള പങ്ക് വിവരിച്ചിരിക്കുന്നു. ജീവിച്ചിരിക്കുമ്പോഴും മരണാനന്തരവും എല്ലാവരും നേരിടേണ്ട വിധിയെപ്പറ്റിയാണ് പ്രധാന പ്രതിപാദ്യം. രണ്ടാം ഭാഗത്ത് (6-9) ജ്ഞാനത്തിന്റെ ഉത്ഭവത്തെയും സ്വഭാവത്തേയും കുറിച്ച് വിവരിക്കുകയും അത് കരസ്ഥമാക്കേണ്ടത് എങ്ങനെയെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ചരിത്രത്തിൽ ദൈവവും ജ്ഞാനവും വഹിച്ച പങ്കിനെയാണ് മൂന്നാം ഭാഗത്ത് (10-19) വിവരിക്കുന്നത്. വിഗ്രഹാരാധനയെക്കുറിച്ച് സുദീർഘവും വിശദവുമായ ഒരു വിചിന്തനവും ഈ ഭാഗത്തുണ്ട്.

സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തിൽ നിന്ന് പുറപ്പെടുന്ന ഒന്നായിട്ടാണ് ഈ ഗ്രന്ഥത്തിൽ ജ്ഞാനത്തെ കാണുന്നത്. ജ്ഞാനം നിത്യപ്രകാശത്തിന്റെ ഒരു പ്രതിഫലനമാണ്, ദൈവീക നന്മയുടെ ഒരു പ്രതിഛായയുമാണ് (7:25-20). അതിനാൽ അത് ദൈവത്തിൽ നിന്ന് വ്യത്യസ്ഥമാണ് (7:22-8:8). പുതിയ നിയമത്തിലെ വചനത്തെക്കുറിച്ചുള്ള ദൈവശാസ്ത്രത്തിന് ഈ ഭാഗവുമായി ഏറെ ബന്ധമുണ്ട് (കൊലോ. 1:15-16), എബ്രാ 1 :3,യോഹ.1:1-14, 3:16-17).

# ക്നാനായ ദീപത്തിന്റെ കർമ്മ പദത്തിൽ ഒരു പൊൻതൂവൽ കൂടി

സ്നേഹമുള്ളവരേ,

ക്നാനായ ദീപം മാസികയ്ക്ക് നാളിതുവരെ വിശ്വാസികൾ നൽകിവരുന്ന എല്ലാ പിന്തുണയ്ക്കും ആദ്യം തന്നെ നന്ദി രേഖപ്പെടുത്തുന്നു.

ആത്മീയവും സമകാലികവുമായ നിരവധി ലേഖനങ്ങൾകൊണ്ട് മികച്ച നിലവാരം പുലർത്തുന്ന ശ്രേണിയിൽ നമ്മുടെ ഔദ്യോഗിക മാസികയുമുണ്ടെന്നത് ഏറ്റം അഭിമാനകരമാണ്.

നവ മാധ്യമങ്ങളുടെ ആധുനിക സമൂഹത്തിൽ കാലഘട്ടത്തിന് അനുസരിച്ചു മാറ്റങ്ങളിലൂടെ പുതിയ ചുവടുകൾ കൊടുക്കേണ്ടത് ഏറ്റവും അനിവാര്യമായതിനാലാണ് ക്നാനായദീപം മൊബൈൽ ആപ്ലിക്കേഷൻ എന്ന ചിന്ത ഞങ്ങളിൽ ഉരുത്തിരിഞ്ഞത്.

പരിശുദ്ധസഭയും ദൈവവുമായും കൂടുതൽ അടുക്കുവാൻ നവമാധ്യമങ്ങൾ അവിഭാജ്യ പങ്ക് വഹിക്കുന്നുണ്ടെന്നത് ഒരു വലിയസത്യമാണ്. ആധുനിക സാങ്കേതിക വിദ്യകളിൽ നിന്ന് സഭയെ ഒരിക്കലും മാറ്റിനിർത്തുവാൻ സാധ്യമല്ല എന്ന ദീർഘവീക്ഷണമാണ് ക്നാനായദീപം എന്ന നമ്മുടെ മാസികയ്ക്ക് പുതിയ മാനങ്ങൾ കൊണ്ടുവന്നത്.

ഈ സംരംഭത്തിൽ തോളോടു തോൾ ചേർന്നുനിന്ന ക്നാനായ ദീപത്തിന്റെ ചീഫ് എഡിറ്റർ വെരി.റവ.ഫാ. റോയി മാത്യു മുളമൂട്ടിൽ, മാനേജിംഗ് എഡിറ്റർ, ഫാ. ജോൺ മാത്യു മൂലംകുളം, എഡിറ്റോറിയൽ ബോർഡ് മെംബർമാരായ ഏബ്രഹാം കല്ലിശ്ശേരി, ഏബ്രഹാം മാത്യു ക്ടായിത്തറ, കെ.റ്റി.ഏബ്രഹാം കാരിയിൽ, ജോസ് എ. റ്റി. ആമക്കാട്ട് എന്നിവരുടെ വിലപ്പെട്ട ചിന്തയും സമയവും ഈ സംരംഭത്തിനായി ചിലവിട്ടത് ഈ അവസരത്തിൽ വിസ്മരിക്കാവുന്നതല്ല. ഒരു ലാഭയിച്ഛയും കൂടാതെ മനോഹരമായി ഈ ആപ്ലിക്കഷൻ നമുക്കായി ഡവെലപ്പ്ചെയ്തുതന്ന രെഞ്ചിത്ത് രാജു തെക്കേകരോട്ടിനെ (സെന്റ് ജോൺസ് പുത്തൻപള്ളി) ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു.

രണ്ടു മാസത്തിനുള്ളിൽ തന്നെ ഏകദേശം മൂവായിരത്തോളം പേർ ഈ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്തു എന്നത് ക്നാനായ ജനം ഇതിനെ ഇരുകൈയ്യും നീട്ടി സ്വീകരിച്ചു എന്നതിനു തെളിവാണ്. 2018 ആഗസ്റ്റ് മാസം മുതൽ ക്നാനായ ദീപം മാസികയുടെ പതിപ്പുകൾ വെബ്സൈറ്റിലും, ആൻഡ്രോയിഡ് ഐഫോൺ മൊബൈൽ ആപ്ലിക്കേഷൻ വഴി സ്മാർട്ട് ഫോണിലും ലഭ്യമായി തുടങ്ങി. വിദേശത്തും മറ്റു സംസ്ഥാനങ്ങളിലും കഴിയുന്നവരായ നമ്മുടെ കുടുംബാംഗങ്ങൾക്കും ഈ സേവനങ്ങൾ കൂടുതൽ ഉപയോഗപ്പെടും.

ക്നാനായ ദീപം ഡിജിറ്റൽ ആക്കുന്നതിലൂടെ വാർത്തകളും ലേഖനങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാൻ സാധിക്കും എന്ന വിശ്വാസത്തോടും ക്നാനായ ദീപത്തിന്റെ പ്രഥമ ശില്പിയായ കൂബർനീത്തി ഹാക്കിമോ മോർ ക്ലീമ്മീസ് തിരുമേനിയുടെ പാവനസ്മരണക്കു മുമ്പിൽ സാഷ്ടാംഗം നമിച്ചുകൊണ്ടും എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കുവേണ്ടി നിങ്ങളുടെ ഏവരുടെയും പ്രിയപ്പെട്ട

**ജിന്റോ കെ. ഏബ്രഹാം**

**മിനർവ**

# മലങ്കരസഭ

പ്രൊഫ. പി.കെ. സ്കറിയാ, കുന്നത്തിൽ

## ഭിന്നിപ്പിന്റെ ബാക്കിപത്രം (തുടർച്ച)

**B) തർക്കങ്ങളും വ്യവഹാരങ്ങളും**

**(1) വട്ടിപ്പണകേസ്** : ബാവാകക്ഷിയും മെത്രാൻ കക്ഷിയും തമ്മിലുണ്ടായ തർക്കം നിമിത്തം 1908 മുതൽ വട്ടിപ്പണത്തിന്റെ പലിശ ആർക്കും വാങ്ങാൻ സാധിച്ചിരുന്നില്ല. (വട്ടിപ്പണത്തെക്കുറിച്ച് നേരത്തെ വിശദീകരിച്ചിരുന്നല്ലോ). പലിശ വാങ്ങുന്നതിനുള്ള അവകാശം സംബന്ധിച്ച് ഇരു കക്ഷികളും തമ്മിൽ തർക്കം ആയപ്പോൾ വട്ടിപ്പണത്തിന്റെ മുതൽ പിടിക്കാരായ ബ്രിട്ടീഷ് ഗവൺമെന്റ് (സ്റ്റേറ്റ് സെക്രട്ടറി) വാദിയായി മെത്രാൻ കക്ഷിക്കാരായ മാർ ദിവന്നാസ്യോസ് (വട്ടശ്ശേരി) അദ്ദേഹിന്റെ കൂട്ടുട്രസ്റ്റികളായ പാലപ്പള്ളിൽ മാണി പൗലോസ് കത്തനാർ, കോര കൊച്ചു കോരുള എന്നിവരും ബാവാ കക്ഷിക്കാരായ മാർ കൂറിലോസ് (കൊച്ചുപറമ്പിൽ) കൂട്ടുട്രസ്റ്റികളായ കോര മാത്തൻ മൽപ്പാൻ, സി. ജെ.കുര്യൻ എന്നിങ്ങനെ 6 പേരെ പ്രതികളാക്കി തിരുവനന്തപുരം ജില്ലാ കോടതിയിൽ 1913 ൽ 94-ാം നമ്പരായി കേസ് ഫയൽ ചെയ്തു.

കേസ് ഇരുകൂട്ടരും ശക്തിയായി വാദിച്ചു. ഈ കേസ് നിലവിൽ ഇരിക്കുമ്പോഴാണ് വിഫലമായ എറണാകുളം സന്ധിയാലോചന നടക്കുന്നത്.

ഏതായാലും 10 വർഷങ്ങൾക്കുശേഷം 1923 ൽ തിരുവിതാംകൂർ ഹൈക്കോടതി ബാവാ കക്ഷിക്ക് അനുകൂലമായി വിധി പ്രഖ്യാപിച്ചു. ദിവന്നാസ്യോസിന്റെ മുടക്ക് സാധുവാണെന്നും അന്ത്യോഖ്യാ സിംഹാസനത്തിന് മലങ്കര സഭമേൽ അധികാരം ഉണ്ടെന്നും ആയിരുന്നു വിധി.

എന്നാൽ ഈ വിധികൊണ്ട് പ്രയോജനം ഉണ്ടായില്ല. കേസിലെ ബാവാ കക്ഷിക്കാരനായിരുന്ന മാർ കൂറിലോസ് 1917 ൽ നിര്യാണം പ്രാപിച്ചതുകൊണ്ട് പകരം മലങ്കര മെത്രാപ്പോലീത്താ ആയി അങ്കമാലി ഇടവകയുടെ മാർ അത്താനാസ്യോസിനെ 1918 ൽ തെരഞ്ഞെടുക്കുകയും അദ്ദേഹം കേസിൽ കക്ഷിചേരുകയും ചെയ്തിരുന്നുവെങ്കിലും ഒന്നാം ലോകമഹായുദ്ധം കാരണം ശീമയുമായുള്ള എഴുത്തുകുത്തുകൾ തടസ്സപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പിന് അന്ത്യോഖ്യായിൽ നിന്ന് സ്ഥിരീകരണം ലഭിച്ചിരുന്നില്ല. പാത്രിയർക്കീസിന്റെ അംഗീകാരം മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അത്യന്താപേക്ഷിതമായിരുന്നതിനാൽ മാർ അത്താനാസ്യോസിന്റെ സ്ഥാനത്തിന് ന്യൂനതയുണ്ടെന്നും അദ്ദേഹത്തിന് മാർ കൂറിലോസിന്റെ സ്ഥാനത്തു കയറാൻ അവകാശം ഇല്ലെന്നും അപ്പീലിൽ കോടതി വിധിച്ചു.

1923 ൽ ബാവ കക്ഷിയ്ക്ക് അനുകൂലമായിരുന്ന വിധി മെത്രാൻ കക്ഷിയ്ക്ക് അനുകൂലമായി ഉണ്ടായി. അനേക വർഷത്തെ വട്ടിപ്പണപലിശ വട്ടശ്ശേരി ഒരുമിച്ചുവാങ്ങുകയും വട്ടിപ്പണകേസ് അവസാനിക്കയും ചെയ്തു.

**(2) ഒന്നാം സമുദായകേസ് (1936-1950)** മാർ ദിവന്നാസ്യോസ് ആറാമൻ (വട്ടശ്ശേരി) 1934 ൽ നിര്യാണം പ്രാപിച്ചു. ആ വർഷം ഡിസംബർ 26 ന് മെത്രാൻ കക്ഷിക്കാർ കോട്ടയം എം.ഡി. സെമിനാരിയിൽ മലങ്കര അസ്സോസിയേഷൻ കൂടി ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ കതോലിക്കായെ മലങ്കര മെത്രാപ്പോലീത്താകൂടിയായി നിയമിച്ചു. അവിടെവച്ചു തന്നെ മെത്രാൻ കക്ഷിയ്ക്ക് ഒരു ഭരണഘടനയും 'ഓർത്തഡോക്സ് സുറിയാനി സഭ' എന്ന പേരും ഔദ്യോഗികമായി സ്വീകരിച്ചു.

1935 ഓഗസ്റ്റ് 22-ാം തീയതി കരിങ്ങാച്ചിറ പള്ളിയിൽചേർന്ന ബാവാ കക്ഷി പള്ളിപ്രതിപുരുഷന്മാരുടെ യോഗം മാർ പൗലോസ് അത്താനാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കുകയും ആയത് അന്ത്യോഖ്യാസിംഹാസനം സ്ഥിരീകരിക്കയും ചെയ്തു.

തുടർന്ന് 1936 മാർച്ച് 10-ാം തീയതി സമുദായകേസ് ആരംഭിച്ചു. മാർ ദിവന്നാസ്യോസ് 6-ാമന്റെ യഥാർത്ഥ പിൻഗാമിയായ മലങ്കര മെത്രാപ്പോലീത്താ താനാണെന്നും കാതോലിക്കോസും കൂട്ടരും സഭയുടെ സ്വത്തുക്കൾ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കയാണെന്നും അവരിൽ നിന്ന് അതു തിരികെ കിട്ടണമെന്നും കാണിച്ച് യാക്കോബായ പക്ഷത്തെ മേൽ പറഞ്ഞ പൗലോസ് മാർ അത്താനാസ്യോസ് കോട്ടയം ജില്ലാകോടതിയിൽ കേസ് ഫയൽ ചെയ്തു. ഓർത്തഡോക്സ് കാതോലിക്കാ (ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ) യുടെ സ്ഥാനം അസാദ്ധ്യമാണെന്നും മാർ ദിവന്നാസ്യോസിന്റെ (വട്ടശ്ശേരി) 1933 ലെ മരണപത്രപ്രകാരം കാതോലിക്കായുടെ കൈവശത്തിലെത്തിയ സമുദായസ്വത്തുക്കൾ തിരികെ കിട്ടണമെന്നും യാക്കോബായ പക്ഷം വാദിച്ചു.

ജില്ലാ കോടതിയിലും ഹൈക്കോടതിയിലുമായി വർഷങ്ങൾ നീണ്ടകേസ് 1946 ൽ പാത്രിയർക്കീസ് പക്ഷത്തിന് അനുകൂലമായി വിധി ഉണ്ടായി. എന്നാൽ ഈ വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് മെത്രാൻ കക്ഷിക്കാർ ഹൈക്കോടതിയിൽ പുനർഹർജി നൽകി. അങ്ങനെ ഒന്നിനു പിറകെ ഒന്നായി കേസ് നടന്നു. കക്ഷികൾ ഇടവിട്ട് ജയിക്കയും തോൽക്കുകയും ചെയ്തുകൊണ്ടിരുന്നു. 1958 ൽ സുപ്രീം കോടതിയിൽ നിന്നുണ്ടായവിധി മെത്രാൻ കക്ഷിയ്ക്ക് പൂർണ്ണമായും അനുകൂലമായിരുന്നു. അതോടുകൂടിയാണ് 1958 ഡിസംബർ 16-ാം തീയതി രണ്ടു വിഭാഗങ്ങളും തമ്മിൽ യോജിക്കുന്നതിന് കളമൊരുങ്ങിയത്. എന്നാൽ നേരത്തെ കണ്ടതുപോലെ ഈ യോജിപ്പ് പൂർണ്ണമല്ലായിരുന്നു. പുറമെ രമ്യതപ്പെട്ടെങ്കിലും വൈകാരിക ഐക്യം ഉണ്ടായിരുന്നില്ല. ഇരു കക്ഷികളും അന്യോന്യം കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. പക്ഷെ 1970 വരെ പുറമെയെങ്കിലും ഇരു കക്ഷികളും ഒരുമിച്ച് മുന്നോട്ടുപോയി.

1970 ൽ കാതോലിക്കാ ബാവാ"മോർ തോമ്മായുടെ സിംഹാസനത്തിൽ ആരൂഢൻ" എന്ന് ലെറ്റർഹെഡിൽ അച്ചടിച്ചു. ഇതു കൂടുതൽ പിണക്കത്തിനു കാരണമായി. പരി. യാക്കോബ് ത്രിതിയൻ പാത്രിയർക്കീസ് ബാവ 'മാർ തോമ്മായുടെ സിംഹാസനത്തെ നിഷേധിച്ചുകൊണ്ട് 1970 ജൂണിൽ 203-ാംനമ്പരായി കല്പന പുറപ്പെടുവിച്ചു.

1971 ൽ പാത്രിയർക്കാ ഡലിഗേറ്റായ അപ്രേം ആബുദിറമ്പാൻ മെത്രാൻപട്ടം ഏൽക്കുവാൻ ശീമയിൽ പോയി. അദ്ദേഹത്തിന്റെ തിരിച്ചുവരവ് സഭയുടെ ഐക്യത്തിന് സഹായകരമാവുകയില്ലെന്ന് മാർ ബസേലിയോസ് ഔഗേൻ കാതോലിക്കാ പാത്രിയർക്കീസിനെ അറിയിച്ചു. എന്നാൽ ആബുദിറമ്പാൻ മെത്രാനായി തിരികെ മലങ്കരയിൽ എത്തി. വീണ്ടും കക്ഷി തിരിയുന്നതിന്റെ പ്രാരംഭം ആയിരുന്നു അത്. 1958 ൽ തുടങ്ങിയ ഐക്യം മുന്നോട്ടുകൊണ്ടുപോകാൻ സാദ്ധ്യമല്ലാതായി. 1972 ൽ മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയിൽനിന്ന് അന്ത്യോഖ്യാ പക്ഷക്കാരായ 17 പേർ ഇറങ്ങിപ്പോയി. മലങ്കരസഭ ഉൾഭരണ സ്വാതന്ത്ര്യമുള്ള സഭയാണ്, അന്ത്യോഖ്യൻ സഭ സഹോദരിസഭയാണ്. മാർതോമ്മാശ്ലീഹായുടെ സിംഹാസനത്തിലാണ് കാതോലിക്കാ ആരൂഢൻ ആയിരിക്കുന്നത്, ഇവിടെ ഒരു ഡെലിഗേറ്റിന്റെ ആവശ്യം ഇല്ല മുതലായ അഭിപ്രായങ്ങൾ കാതോലിക്കാ പരസ്യമായി പ്രസംഗിച്ചു തുടങ്ങി.

1927 ൽ അന്ത്യോഖ്യാഭക്തർ 'മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ' എന്ന സംഘടന രൂപീകരിച്ചു. അതേസമയം ഡെലിഗേറ്റാണ് സഭയിൽ പിളർപ്പുണ്ടാകുന്നതെന്നും അദ്ദേഹത്തിന് തുടർന്നു വിസാ നൽകരുതെന്നും കാണിച്ച് കാതോലിക്കാ കക്ഷി സർക്കാരിന് എഴുതി.

ആ വർഷം തന്നെ അന്ത്യോഖ്യാഭക്തരായ 85 വൈദികർ താഴെ പറയുന്ന വിഷയങ്ങൾ കാണിച്ച് എപ്പിസ്കോപ്പൽ സുന്നഹദോസിന് മെമ്മോറാണ്ഡം സമർപ്പിച്ചു.(1) മലങ്കര സഭയും അന്ത്യോഖ്യൻ സഭയും സഹോദരിസഭകളല്ല (2) മാർത്തോമ്മായുടെ സിംഹാസനം എന്ന വാദം തെറ്റാണ് (3) പട്ടം കൊടശുശ്രൂഷയിൽ പാത്രിയർക്കീസിന്റെ നാമം അനുസ്മരിക്കണം. അതുപോലെതന്നെ ടി. ശുശ്രൂഷയിൽ റോമിലെ മാർപാപ്പായെ ശപിക്കുന്നു എന്ന ഭാഗം നീക്കരുത്. (4) വൈദിക സെമിനാരിയിൽ സത്യവിശ്വാസം പഠിപ്പിക്കണം. അവിടുത്തെ പ്രൊഫസറന്മാരുടെ പ്രൊട്ടസ്റ്റന്റ് ആശയങ്ങളും സൺഡേസ്ക്കൂൾ പുസ്തകങ്ങളിലെ പ്രൊട്ടസ്റ്റന്റു വേദവിപരീതങ്ങളും നീക്കണം.(5) സെറാമ്പൂർ കോളജുമായുള്ള അഫിലിയേഷൻ അവസാനിപ്പിക്കണം (6) ഇവിടെ പാത്രിയർക്കാ ഡലിഗേറ്റ് ആവശ്യമാണ്.(7) പാത്രിയർക്കീസിന് റിശ്ശീസ്സാകൊടുക്കണം.

1973 ൽ ഡലിഗേറ്റ് അപ്രേം ആബൂദിക്ക് ഇന്ത്യ വിടേണ്ടി വന്നു. കോട്ടയം,കൊച്ചി, അങ്കമാലി മുതലായി മിക്ക ഭദ്രാസനങ്ങളിലും വൈദികരും ജനങ്ങളും രണ്ടു ചേരിയിലായി. വൈദികരെയും മെത്രാൻമാരെയും എതിർവിഭാഗക്കാർ പള്ളികളിൽ തടയാൻ തുടങ്ങി. കോടതികേസുകൾ ഒന്നിനു പിറകെ ഒന്നായി ഉണ്ടായി.

1974 ജനുവരി 13 ന് പാത്രിയർക്കീസ് ബാവാ കാതോലിക്കായോട് വിശദീകരണം ആവശ്യപ്പെട്ടു. മാർച്ച് 5 ന് കാതോലിക്കാ സിനഡ് പാത്രിയർക്കിസ് ബാവായുടെ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുകയും പാത്രിയർക്കീസിനല്ല സിനഡിനാണ് കാതോലിക്കായെ ചോദ്യം ചെയ്യാനുള്ള അവകാശം എന്ന് അറിയിക്കുന്നതിനു തീരുമാനിക്കയും ചെയ്തു. (മാർ ക്ലീമ്മീസ്, മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാർ ഈ സിനഡ് യോഗത്തിൽ സംബന്ധിച്ചില്ല).

1974 ജൂലൈ 15 ന് പാത്രിയർക്കീസ് ബാവാ വീണ്ടും വിശദീകരണം ആവശ്യപ്പെട്ടു. അതിന് ഓഗസ്റ്റ് 3 ന് കാതോലിക്കാ കക്ഷി താഴെപറയുന്ന മറുപടി കൊടുത്തു.

(1) മലങ്കരസഭ Autocephalous (Having its own head-independent പൂർണ്ണ സ്വാതന്ത്ര്യം) ആണ്. ആത്മിക ലൗകിക കാര്യങ്ങളിൽ സ്വാതന്ത്ര്യം ആണ്. (2) കാതോലിക്കായോട് വിശദീകരണം ചോദിക്കാൻ പാത്രിയർക്കീസിന് അധികാരം ഇല്ല.- ഇവിടുത്തെ autonomy ഇല്ലാതാക്കാൻ ശ്രമിക്കുന്നു. ഡലിഗേറ്റിനെ അയച്ചതും ഡലിഗേറ്റ് ചിലർക്കും പട്ടം കൊടുത്തതും തെറ്റാണ്-മലങ്കരസഭയോട് ആലോചിക്കാതെ പാത്രിയർക്കീസ് ചിലർക്ക് പട്ടം കൊടുത്തത് ഭരണഘടനാലംഘനം ആണ് (4) മാർതോമ്മാ സിംഹാസനത്തിലാണ് പൗരസ്ത്യ കാതോലിക്കാ ആരൂഢനായിരിക്കുന്നത്- അന്ത്യോഖ്യൻ സഭ സഹോദരിസഭയാണ്.

**(3) രണ്ടാം സമുദായക്കേസ്:** 1974 ജൂൺ 28 ന് കാതോലിക്കാ കക്ഷി യാക്കോബായക്കാർക്കെതിരെ കേസ് ഫയൽ ചെയ്തു. ഈ കേസിൽ മലങ്കര സഭയിലെ 1064 പള്ളികളെയും ഉൾപ്പെടുത്തിയിരുന്നു. മലങ്കര സഭ പരിപൂർണ്ണ സ്വതന്ത്രസഭയാണ് എന്നതായിരുന്നു പ്രധാന വാദം.

ഇതിനോടിടയ്ക്ക് ഇരുകക്ഷികളും മെത്രാന്മാരെ വാഴിച്ചുകൊണ്ടിരുന്നു. കേസ് ആദ്യം സബ്കോടതിയിലും (O.S. No.142/1974) പിന്നീട് എറണാകുളം അഡീഷണൽ ഡിസ്ട്രിക്ട് കോടതിയിലും (O.S. 81/1977) വാദം നടന്നു.

ഈ സമയത്ത് മറ്റ് അനേകം കോടതി കേസുകളും നിരോധനങ്ങളും യോഗങ്ങളും പ്രകടനങ്ങളും ഏറ്റുമുട്ടലുകളും ഉണ്ടായി. 1975 ജനുവരി 10 ന് പാത്രിയർക്കീസ് കാതോലിക്കായെ സസ്പെന്റ് ചെയ്തു. 1975 ജൂൺ 16 മുതൽ 20 വരെ ഡമാസ്കസ്സിൽ ചേർന്ന അന്ത്യോഖ്യൻ സിനഡ് കാതോലിക്കായെയും (ഔഗേൻ പ്രഥമൻ) കൂടെ നിന്ന മെത്രാന്മാരെയും മുടക്കി 'സ്ഥാനഭ്രഷ്ടരാക്കി' 1975 സെപ്തംബർ 7 ന് പൗലോസ് മാർ പീലക്സീനോസിനെ പൗരസ്ത്യ കാതോലിക്കോസ് എന്ന പേരിൽ പാത്രിയർക്കീസ് വാഴിച്ചു.

പാത്രിയർക്കീസിന്റെ മുടക്കു കല്പന കൈപറ്റുന്നതിനു മുമ്പ് തന്നെ ഔഗേൻ കാതോലിക്കാ സ്ഥാനത്യാഗം ചെയ്തു. പകരം ബസേലിയോസ് മാർതോമ്മാ മാത്യൂസ് പ്രഥമൻ (വട്ടക്കുന്നേൽ) കാതോലിക്കാ ആയി സ്ഥാനമേറ്റു (അദ്ദേഹത്തെ 1970 ൽ തന്നെ കാതോലിക്കായുടെ പിൻഗാമിയായി തെരഞ്ഞെടുത്തിരുന്നു)

പാത്രിയർക്കീസ് പക്ഷം 1975 ൽ ഡിസംബർ 20 ന് മലങ്കര അസ്സോസിയേഷൻ വിളിച്ചുകൂട്ടി ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ശ്രേഷ്ഠകാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താകൂടി ആയി നിശ്ചയിക്കയും ചെയ്തു. ഈ സമയത്ത് പല വലിയ പള്ളികളിലും കക്ഷി തിരിഞ്ഞ് വഴക്കുണ്ടായതിനാൽ ചില പള്ളികൾ റിസിവർ ഭരണത്തിലാവുകയും ചില പള്ളികൾ പൂട്ടി ഇടേണ്ടിവരികയും ചെയ്തു.

*(തുടരും)*

### എഡിറ്റോറിയൽ തുടർച്ച

മൂന്നു വർഷക്കാലം ദീപത്തിന്റെ പ്രവർത്തനങ്ങൾക്ക് ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടും പ്രത്യേകിച്ച് സത്യസന്ധമായി പണം കൈകാര്യം ചെയ്ത് ഒരു വൻതുക Fixed Deposit ചെയ്യുവാൻ തക്കവണ്ണം പ്രവർത്തിച്ച മാനേജിംഗ് എഡിറ്റർ ബഹുമാനപ്പെട്ട മൂലംകുളം ജോൺ മാത്യു അച്ചനോടും, കമ്മറ്റി അംഗങ്ങളോടും വിശ്വസ്തതയോടെ പ്രവർത്തിച്ച എല്ലാ സ്റ്റാഫ് അംഗങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

**നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

# “ഇടക്കുളത്തിന്റെ തേജസ്”

## ബഹു. മുണ്ടപ്ലാക്കൽ പി. കെ. കുറിയാക്കോസ് കശ്ശീശ്ശാ

**ഫാ. അനിൽ കെ. തോമസ് കൊന്നക്കൽ**

സേവനം ഒരു ഉപാസനയും വൈദികവൃത്തി ഒരു വ്രതവുമാക്കിയ ഞങ്ങളുടെ ഇടക്കുളത്തച്ചൻ (മുണ്ടപ്ലാക്കൽ ബഹു. പി. കെ. കുറിയാക്കോസ് കശ്ശീശ). ഇമ്പങ്ങളുടെ പറുദീസയിലേക്ക് മാറ്റപ്പെട്ടിട്ട് ഈ വരുന്ന നവംബർ മൂന്നാം തീയതി 25 വർഷം പൂർത്തീകരിക്കുകയാണ്. 1931 ജൂൺ മാസം 9-ാം തീയതി മുണ്ടപ്ലാക്കൽ കുരുവിള-ഏലിയാമ്മ ദമ്പതികളുടെ ത്രിതീയ പുത്രനായി ജാതനായി. പ്രാഥമിക വിദ്യാഭ്യാസം വടശ്ശേരിക്കരയിലും ഹൈസ്കൂൾ വിദ്യാഭ്യാസം ഇടക്കുളം ഗുരുകുലം ഹൈസ്കൂളിലും പൂർത്തീകരിച്ചു. തുടർന്ന് ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ ചേർന്ന് പഠിച്ചു. ചെറുപ്പത്തിൽതന്നെ ആത്മീയതത്പരനായിരുന്ന ബഹു. അച്ചൻ പ്ലാത്തോട്ടത്തിൽ ശമുവേൽ ഉപദേശിയുടെ ഭവനത്തിൽ സൺഡേസ്കൂൾ പഠിക്കുകയും പിന്നീട് പഠിപ്പിക്കുകയും ചെയ്തു. ഒരിക്കൽ ശമുവേൽ ഉപദേശി സൺഡേസ്കൂൾ പഠിതാക്കളുടെ ബുക്കിൽ പേര് എഴുതികൊടുത്ത അവസരത്തിൽ പി. കെ. കുറിയാക്കോസിന്റെ ബുക്കിൽ ദൈവനിയോഗം പോലെ റവ. ഫാ. പി. കെ. കുറിയാക്കോസ് എന്ന് പരിശുദ്ധാത്മാവ് അദ്ദേഹത്തെ പ്രേരിപ്പിക്കുകയും അങ്ങനെ തന്നെ എഴുതുകയും ചെയ്തു.

ഇടക്കുളത്ത് ഒരു ദേവാലയം ഇല്ലാത്തത് അദ്ദേഹത്തെ വളരെയധികം ദുഃഖിപ്പിക്കുകയും ആയതിനുവേണ്ടി മുട്ടിന്മേൽനിന്ന് രാത്രികാലങ്ങളിൽ പ്രാർത്ഥിക്കുകയും ചെയ്യുന്ന പതിവ് അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ പഠനകാലത്ത് വൈദികനാകുന്നതിൽ അദ്ദേഹം തത്പരനായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസകാലത്ത് ടൈഫോയിഡ് പിടിപെടുകയും ദീർഘമായ ആയുർവേദ ചികിത്സയിൽ പ്രയോജനം ലഭിക്കാതിരുന്നിട്ട് കോട്ടയം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും രോഗം സുഖപ്പെടുകയും ചെയ്തു. എന്നാൽ വീട്ടിലേക്ക് പോകുന്നതിന് തലേദിവസം വീണ്ടും പനികൂടുകയും ഡിസ്ചാർജ് മാറ്റിവയ്ക്കുകയും ചെയ്തു. ഇത് പല പ്രാവശ്യം ആവർത്തിച്ചപ്പോൾ കൊച്ചുകുറിയാക്കോസ് ഒരു തീരുമാനം എടുത്തു ഇനി ഒരിക്കലും വൈദികവൃത്തി എന്ന തീരുമാനത്തിൽനിന്ന് പിന്മാറുകയില്ല. അങ്ങനെ രോഗം പൂർണ്ണമായി മാറുകയും വീട്ടിലേക്ക് പോകുകയും ചെയ്തു. പിന്നീട് വീണ്ടും ചിന്തയ്ക്ക് മാറ്റമുണ്ടാകുകയും താൻ വൈദികനാകുന്നില്ല ദൈവത്തിനായി ജീവിച്ചുകൊള്ളാമെന്നും തീരുമാനിച്ചു. ആ സമയത്ത് മഞ്ഞപിത്തം പിടിപ്പെട്ട് രോഗം മൂർച്ഛിക്കുകയും മന്ദമരുതി ആശുപത്രിയിൽ കൊണ്ടുപോകുകയും ആശുപത്രി വരാന്തയിൽവച്ച് ഞാൻ പിന്മാറുന്നതുകൊണ്ടാണ് അസുഖം ഉണ്ടാകുന്നത് എന്ന് കരുതുകയും ചെയ്തു. അന്ന് ഉറച്ച തീരുമാനമെടുത്തു. താൻ ഒരിക്കലും വൈദികവൃത്തിയിൽ നിന്ന് പിന്മാറില്ല. തുടർന്നുള്ള പരിശോധനയിൽ മഞ്ഞപിത്തം ഇല്ല എന്ന് കണ്ടുപിടിക്കുകയും ചെയ്തു.

1952 ജൂൺ 15-ാം തീയതി റാന്നി വലിയ പള്ളിയിൽ വച്ച് അഭി. ഇടവക മെത്രാപ്പോലീത്ത ഏബ്രഹാം മാർ ക്ലിമീസ് തിരുമേനിയിൽനിന്നും കോറൂയോപട്ടം സ്വീകരിച്ചു. 10-3-57 ൽ ചെങ്ങളം പള്ളിയിൽ വച്ച് യൗഫദ്യക്നോ പട്ടം സ്വീകരിച്ചു. 28-10-57 ൽ ചരിവുപറമ്പിൽ ബഹു. സി. പി. കുറിയാക്കോസ് കശ്ശീശയുടെയും മറിയാമ്മയുടെയും മകൾ സാറാമ്മയെ ഇടക്കുളം കുരിശുപള്ളിയിൽ വച്ച് വിവാഹം കഴിച്ചു. 22-12-57 ൽ മാമ്പുഴക്കരി പള്ളിയിൽ വച്ച് പൂർണ്ണ ശെമ്മാശപട്ടവും 19-1-1958 ൽ റാന്നി വലിയ പള്ളിയിൽവച്ച് അഭി. ഏബ്രഹാം മാർ ക്ലിമീസ് തിരുമേനിയിൽ നിന്ന് വൈദികപട്ടവും സ്വീകരിച്ചു. മോർ അപ്രേം സെമിനാരിയിലും തുടർന്ന് മഞ്ഞിനിക്കര ദയറായിൽ അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് ബാവായുടെ ശിക്ഷണത്തിലും വൈദിക പഠനം പൂർത്തീകരിച്ച് 16-2-58 ൽ ഇടക്കളം കുരിശുപള്ളിയിൽ നവപൂജാർപ്പണം നടത്തി. ഇടക്കുളത്ത് ദേവാലയമുണ്ടാകണമെന്ന് അഗമ്യമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ബഹു. അച്ചന് ആയത് ബഹു. പുരയ്ക്കൽ അച്ചനിലൂടെയും ബഹു. ചരിവുപറമ്പിൽ അച്ചനിലൂടെയും പൂർത്തീകരിക്കുന്നത് കാണുന്നതിനും തന്റെ വിവാഹവും പുത്തൻ കുർബ്ബാനയും നടത്തപ്പെടുന്നതിനും ആ ഇടവകയിലെ പ്രഥമ വൈദികനാകുന്നതിനും സാധിച്ചു. തന്റെ 35 വർഷത്തെ സേവനകാലത്ത് മാസത്തിൽ 2 തവണയെങ്കിലും മുടങ്ങാതെ ഈ ദേവാലയത്തെ ശുശ്രൂഷിക്കുവാനും സാധിച്ചു.

ഇടക്കുളത്തെ നാനാജാതി മതസ്തരുടെ എല്ലാ കാര്യങ്ങളിലും വളരെ താത്പര്യത്തോടെ അദ്ദേഹം ഇടപെടുമായിരുന്നു. ആയതിനാൽ നാട്ടുകാർ അദ്ദേഹത്തെ “ഇടക്കുളത്തച്ചൻ” എന്നായിരുന്നു വിളിച്ചിരുന്നത്. ബഹുമാനപ്പെട്ട അച്ചന് യാതൊരു യാത്രാസൗകര്യമില്ലാതിരുന്ന ആ കാലത്ത് സീതത്തോട്, കണമല, നാറാണംമൂഴി, ഗുരുനാഥൻമണ്ണ്, മടന്തമൺ എന്നീ പ്രദേശങ്ങളിൽ ദേവാലയങ്ങൾ പണിയുവാൻ സാധിച്ചത് ബഹു. അച്ചന്റെ അശ്രാന്തപരിശ്രമം ഒന്നുകൊണ്ടു മാത്രമാണ്.

അദ്ദേഹം അനേകം കുട്ടികളെ വി. മദ്ബഹാ ശുശ്രൂഷയ്ക്കായി ഒരുക്കുകയും പലരേയും വൈദികവൃത്തിയിലേക്ക് പ്രേരിപ്പിക്കുകയും ചെയ്തു. ഇന്ന് റാന്നിയിലെ മുതിർന്ന വൈദികർ മിക്കവരും അദ്ദേഹത്തിന്റെ പ്രേരണയാൽ വൈദിക പദവിയിലെത്തിയവരാണ്. ബലഹീനനായ എന്നെയും മദ്ബഹായിലേക്ക് തലയിൽ കൈവച്ച് പ്രാർത്ഥിച്ച് കയറ്റിയത് ബഹു. അച്ചനാണ്.

നല്ല തലയെടുപ്പുള്ള ആകാരം, സൗന്ദര്യം നിറഞ്ഞ മുഖം, വിടർന്ന ചിരി, സമൃദ്ധമായ മീശ, ഇമ്പകരമായ ശബ്ദം, വിനയമുള്ള ആകൃഷ്ടമായ പെരുമാറ്റം, മാന്യമായ സംസാരം ഇവയെല്ലാം അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. ബഹുമാനപ്പെട്ട അച്ചന്റെ സ്മരണയ്ക്കു മുമ്പിൽ നമ്രശിരസ്ക്കരായി നിന്നുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം.

“ആചാരേശ്യ മ്ശിഹ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക നാഥാ പുണ്യം സ്തോത്രം”

# 50 – ാം വിവാഹ വാർഷികം

07 – 10 – 2018



**ഉതുപ്പാൻ ജോസഫ് (കുഞ്ഞുമോൻ) & മറിയാമ്മ ഉതുപ്പാൻ**

**വല്ലാംപറമ്പിൽ, ഐത്തല, റാന്നി**

*ആശംസകളോടെ*

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - S


# ദോഹ പള്ളിയിലെ സീനിയേഴ്സ് പ്രയർ ഫോറം വീട് നിർമ്മിച്ചു നൽകി



St. Peter's Knanaya Church Doha Seniors Prayer forum ത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യവീടിന്റെ കൂദാശ കർമ്മം കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളി വികാരി **ഫാ. ഷാജി പുത്തൻ പുരക്കൽ, ഫാ. ബിനു പയ്യനാട്ടും നടത്തി. താക്കോൽ ദാനം ഷെവലിയാർ സക്കറിയാ കുറിയാക്കോസ് ആലുങ്കൽ** നിർവ്വഹിച്ചു. Doha Seniors Prayer forum Co-Ordinators ശ്രീ. സണ്ണി സക്കറിയാ കാരക്കാട് ചിറയിൽ, ബോബി തോമസ്, ദോഹ പള്ളി ട്രസ്റ്റി ജേയ്ക്കബ് ചെറിയാൻ ആയിരം തൈക്കൽ എന്നിവർ സമീപം.

Advt - O

# വിവാഹിതരായി



കുറ്റൂർ സെന്റ്മേരീസ് ഊർശ്ലേം ഇടവകയിൽപ്പെട്ട ഇടയാടിയിൽ ജെയിംസ് എ. എം ന്റെയും സുജ ജെയിംസിന്റെയും മകൾ **ജിനു ജെയിംസും** ചെന്നൈ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽപ്പെട്ട കിഴക്കേതിൽ കെ. എ. കുരുവിളയുടെയും ലീലാമ്മ കുരുവിളയുടെയും മകൻ **എബ്രഹാം കുരുവിളയും** തമ്മിലുള്ള വിവാഹം 2018 ആഗസ്റ്റ് 20-ാം തീയതി കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

Advt - R

## ഈ വർഷത്തെ (2018 – 2019) സംസ്ഥാന അദ്ധ്യാപക അവാർഡ് നേടിയ ശ്രീമതി സിജിമോൾ ജേക്കബ്



അദ്ധ്യാപനത്തിൽ നവീന ആശയങ്ങൾ ആവിഷ്ക്കരിച്ച സിജിമോൾ എറണാകുളം DARUL ULOOM V.H.S.S. Voccational Teacher in Travel and Tourism ആയി വർക്ക് ചെയ്യുന്നു. J.C.I. India National Trainer കൂടിയായ സിജിയ്ക്ക് 2005 ലെ NCERT ലെ national award for the best voccational teachers, 2006 ലെ Executive award by Rotary club of Cochin harbour, 2010, 2012 ലെ State award for the best Tourism club teachers Co-dinator 2013 ലെ P.M. Foundation award for the best teacher എന്നിവയും കരസ്ഥമാക്കിയിട്ടുണ്ട്. Cochin port trust for Officer Piousmound Ockattu Taji Joseph ന്റെ പത്നിയും കരിങ്ങച്ചിറ കണ്ണാടിപുഴ K. I. ജേക്കോച്ചന്റെയും ശാന്തമ്മയുടെയും സീമന്തപുത്രിയുമാണ്. മക്കൾ Cherishma and Joseph.

Advt - O

# Doctorate in Physics



University of Littoral Opal Coast, France ൽ നിന്നും Physics- ൽ Doctorate നേടിയ **Dr. Allen Mathew** തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകാംഗം, ക്നാനായ സുവിശേഷ സമാജം മുൻ ജനറൽ സെക്രട്ടറിയായിരുന്ന അമ്പലപ്പാട്ട് മാത്യൂ എബ്രഹാമിന്റെയും അനു മാത്യുവിന്റെയും മകൻ.

Best wishes : Paven Thomas Mathew (Brother)
Ph. D. Student (Physics) in Dublin, Ireland

# 50-ാം വിവാഹ വാർഷികം

**28-10-2018**



## P.K.Mathew & Pennamma Mathew

**Punnucheril, Pakkil**
**Kottayam**

**"ഇത്രത്തോളം യഹോവ സഹായിച്ചു**
**ഇത്രത്തോളം ദൈവം നടത്തി"**

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - R

# 50 – ാം വിവാഹ വാർഷികം

**20-10-2018**

"ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി"



## O. P. Thomas (Joy) & Annamma Thomas

### Ozhumannil, Aythala, Ranny

*ആശംസകളോടെ*
*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - O



# വിവാഹിതരായി



Aythala St. Kuriakose ഇടവകയിൽ Meparathil പരേതനായ Jose ന്റെയും Kujumol ടെയും മകൻ **Jino M. Joseph** ഉം Kuttoor St. Mary's Jerusalem Knanaya Church ഇടവകയിൽ Maliyackal Abraham M. A യുടെയും Rajamma Abraham ന്റെയും മകൾ **Mikey Abraham** ഉം തമ്മിലുള്ള വിവാഹം 2018 ആഗസ്റ്റ് 23 –നു Cherukulanji St. Mary's Knanaya പള്ളിയിൽ നടത്തപ്പെട്ടു.

Advt - O

# വിവാഹിതരായി



മാന്നാർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കൊറ്റംകുഴിയിൽ ബേബി കെ. പി യുടെയും സൂസമ്മ ബേബിയുടെയും മകൻ **നിതിൻ കെ. ബേബിയും** കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ തേക്കുംമൂട്ടിൽ ഷിബി തോമസിന്റെയും സുനി ഷിബിയുടെയും മകൾ **നിമിഷ ഷിബിയും** തമ്മിലുള്ള വിവാഹം 2018 ഓഗസ്റ്റ് 19-ാം തീയതി കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt - R

# ഡോക്ടറേറ്റ് ലഭിച്ചു



അമേരിക്കയിലെ പെൻസിൽവാനിയ **വില്ക്കേഴ്സ് യൂണിവേഴ്സിറ്റി**യിൽ നിന്നും **ഷൈനി മാത്യു**വിന് ജീരിയാട്രിക് നഴ്സിംഗിൽ ഡോക്ടറേറ്റ് ലഭിച്ചു. ന്യൂജേഴ്സിയിൽ നഴ്സ് പ്രാക്റ്റീഷനർ ആയി ജോലി ചെയ്യുന്ന ഷൈനി, ചിങ്ങവനം മാലത്തുശേരിയിൽ ഏലിയാസ് മാത്യൂ (മോട്ടി)വിന്റെ ഭാര്യ ആണ്. കുറുപ്പന്തറ കണ്ണച്ചാൻ പറമ്പിൽ കെ. എം. ജോസഫ് – മേരിക്കുട്ടി ദമ്പതികളുടെ മകളുമാണ്. മൂന്ന് മക്കൾ രാഹുൽ, സാഗർ, പ്രിയ

# 25-ാം വിവാഹ വാർഷികം



## ഷൈനി മാത്യൂ & എലിയാസ് മാത്യൂ(മോട്ടി)

**മാലത്തുശേരി, ചിങ്ങവനം**
**ന്യൂ ജേഴ്സി, അമേരിക്ക**

**25-ാം വിവാഹ വാർഷികം ആഘോഷിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ഷൈനിക്കും മോട്ടിക്കും പ്രാർത്ഥനാ നിർഭരമായ മംഗളാശംസകൾ.**

സ്നേഹത്തോടെ
പപ്പാ, മമ്മി, ഷാജു ചേട്ടായി, മീന ചേച്ചി, ഷിജു, സോണി, ഷീന, ജോബി.

Advt - O

# "നിങ്ങളിൽ കുറ്റമില്ലാത്തവർ കല്ലെറിയട്ടെ

ലിഷ സിജോ, വിലങ്ങൻപാറ

നാം ഓരോരുത്തരും നമ്മോടു തന്നെ ചോദിക്കേണ്ട ഒരു ചോദ്യമാണ് "എനിക്ക് കല്ലെറിയാൻ യോഗ്യതയുണ്ടോ"? യോഗ്യതയുണ്ടെങ്കിലും ഇല്ലെങ്കിലും വലിയ കരിങ്കൽ കഷണങ്ങൾ ഉപയോഗിച്ച് എറിയുവാനാണ് നമുക്കിഷ്ടം. 2018 വർഷങ്ങൾക്കു മുമ്പ് യേശുക്രിസ്തു ചോദിച്ച ഈ ചോദ്യത്തിന്റെ പ്രസക്തി ഈ കാലയളവിൽ ഏറ്റവും കൂടുതൽ ചിന്തിക്കേണ്ട ഒരു വിഷയമാണെന്ന് തോന്നിയതുകൊണ്ടാണ് ഇതെഴുതുന്നത്. ഇന്ന് ഞാനുൾപ്പെട്ട എല്ലാവർക്കും വളരെ ഉത്സാഹത്തോടെ ഒരു മടുപ്പുമില്ലാതെ ചെയ്യാനിഷ്ടമുള്ള ഒരു കാര്യമാണ് പരദൂഷണം പറച്ചിൽ. ആരെയെങ്കിലുമൊക്കെ രണ്ടു കുറ്റം പറഞ്ഞാൽ അതിൽപരം ആനന്ദം വേറെയില്ല എന്നുള്ള മട്ടാണ്. എവിടെ ചെന്നു നിന്നാലും ആരെ കണ്ടാലും എന്തെങ്കിലുമൊക്കെ രണ്ടു കുറ്റം പറഞ്ഞില്ലെങ്കിൽ അതെന്തോ വലിയ അപരാധം പോലെയാണ്. ഞായറാഴ്ച പള്ളിയിൽ ചെന്നു നിന്നാൽ കുർബ്ബാന ചൊല്ലുന്ന അച്ചനെ രണ്ടു കുറ്റം പറയണം. കൂടെ നിൽക്കുന്ന ആരെയെങ്കിലും കുറിച്ച് എന്തെങ്കിലും പരദൂഷണം പറയണം. ഇതൊന്നും ചെയ്തില്ലെങ്കിൽ ഒരു വിരസത പോലെയാണ്. പിന്നെ ഒരു കല്യാണത്തിനുപോയാലോ പെണ്ണിന്റെയും ചെറുക്കന്റെയും കുറ്റം കണ്ടുപിടിക്കണം. അവരുടെ ബന്ധുക്കളെക്കുറിച്ച് എന്തെങ്കിലും ദോഷം പറയണം. ഏതു ചടങ്ങിനു പോയാലും അവിടുത്തെ പ്രധാന വിഷയവും ഈ പരദൂഷണം പറച്ചിൽ തന്നെ. ആരെയെന്നില്ല, എന്തിനെയെന്നില്ല ആരുടെയെങ്കിലും എന്തെങ്കിലുമൊക്കെ കുറ്റം എപ്പോഴും പറഞ്ഞുകൊണ്ടിരിക്കണം. അതൊരു വിനോദം, പോലെയാണ്. രാജ്യം ഭരിക്കുന്നവരാകാം, മതമേലദ്ധ്യക്ഷന്മാരാകാം വൈദികരാകാം ബന്ധുക്കളോ, അയൽവാസികളോ, കൂട്ടുകാരോ ആരെങ്കിലുമൊക്കെ എന്നും നമ്മുടെ വിധി നിർണ്ണയത്തിനിരയാകാറുണ്ട്. ചില ടി.വി. ചാനലുകൾപോലും കുറച്ചു സമയം ഈ കല്ലെറിയൽ ചടങ്ങിനായി (കുറ്റം കണ്ടുപിടിക്കലും, അവതരിപ്പിക്കലും) മാറ്റി വച്ചിട്ടുണ്ട്. സീരിയലുകളിലെ മുഖ്യ പ്രതിപാദ്യവും കുറ്റങ്ങൾ തന്നെയാണ്. സോഷ്യൽ മീഡിയ കൂടുതൽ ഉപയോഗിക്കുന്നതും മറ്റുള്ളവരെ കളിയാക്കാനും വിമർശിക്കാനും വേണ്ടിയാണ്. എന്തുകൊണ്ടാണ് ഈ കുറ്റപ്പെടുത്തലുകൾ നാം നടത്തുന്നത്? ഞാൻ വളരെ നല്ലതാണ് എന്ന ചിന്താഗതി. ഞാൻ ചെയ്യുന്നതും പ്രവർത്തിക്കുന്നതും മാത്രം ശരി. ഈ ചിന്താഗതിയിൽ നിന്നാണ് മറ്റുള്ളവരെ കുറ്റപ്പെടുത്താനുള്ള പ്രേരണ ഉണ്ടാകുന്നത്. മറ്റൊരു കാരണം മനുഷ്യന്റെ അസൂയയും കുശുമ്പുമാണ്. ഒരാളോട് അസൂയ തോന്നിയാൽ, അയാൾ ചെയ്യുന്നതെന്തും, കുറ്റങ്ങളായിട്ടേ കാണാൻ കഴിയൂ. ഒരാളുടെ നന്മ കേൾക്കുന്നതിനേക്കാൾ ഏറെ വ്യഗ്രതയോടെ അയാളുടെ ദോഷവശം കേൾക്കാനാണ് എല്ലാവർക്കുമിഷ്ടം. ഒരു പത്രമെടുത്ത് വായിച്ചാൽപോലും നമ്മുടെ നാടിനെ സംബന്ധിച്ച് ഏതെങ്കിലും നല്ല കാര്യം വായിക്കുന്നതിനേക്കാൾ താല്പര്യത്തോടെയാണ് പീഡനങ്ങളും കൊലപാതകങ്ങളും വായിക്കുന്നത്. തൊണ്ണൂറ്റിയൊൻപത് നന്മയുണ്ടെങ്കിലും നൂറാമത്തെ തിന്മയെ വാഴ്ത്തിപ്പാടാനാണ് എല്ലാവർക്കുമിഷ്ടം.

വിശുദ്ധ മത്തായിയുടെ സുവിശേഷം 7:1-4 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു. "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളേയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും. എന്നാൽ സ്വന്തകണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നത് എന്ത്?" അതെ പ്രിയമുള്ളവരെ താഴ്മയോടും എളിമയോടും നമ്മുടെ കുറവുകളെ മനസ്സിലാക്കിയും ജീവിക്കാൻ ശ്രമിക്കുക. അപ്പോൾ മറ്റുള്ളവരെക്കുറിച്ച് നല്ലതു പറയാനും അവരിലെ നന്മയെ കാണാനും നമുക്ക് സാധിക്കും. നാം ഒരാളുടെ നേരെ ചൂണ്ടുവിരൽ നീട്ടുമ്പോൾ ബാക്കി മൂന്നു വിരലുകളും നമ്മുടെ സ്വന്തം മുഖത്തിനു നേരെയാണ് തിരിഞ്ഞിരിക്കുന്നതെന്ന് ഓർക്കുക.

യാക്കോബ് 3:5-6 ൽ പറയുന്നു. അങ്ങനെ തന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു. നാവും ഒരു തീ തന്നെ, അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവ ചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു." ആകയാൽ നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ നമ്മുടെ ചിന്തകളേയും വാക്കുകളേയും കർത്താവ് കാൽവറി മലയിൽ ചീന്തിയ തിരുരക്തം കൊണ്ട് കോട്ട കെട്ടി സംരക്ഷിക്കേണമേയെന്നു പ്രാർത്ഥിക്കാം. അലസഹൃദയം സാത്താന്റെ പണിപ്പുര ആകുന്നു എന്നാണല്ലോ ചൊല്ല്. വെറുതെ ഒന്നും ചെയ്യാനില്ലാതെ മടിച്ചിരിക്കുമ്പോഴാണ് ആരുടെയെങ്കിലും കുറ്റം കണ്ടു പിടിക്കാനും, അതു പറഞ്ഞു നടക്കാനും തോന്നുന്നത്. മനസ്സിനെ എന്തെങ്കിലും നല്ല കാര്യങ്ങളിൽ വ്യാപരിപ്പിച്ചു കൊണ്ടിരിക്കുക; നല്ല പുസ്തകങ്ങളോ വേദപുസ്തകമോ ഒക്കെ വായിക്കാം. അല്ലെങ്കിൽ പരിശുദ്ധാത്മാവിനാൽ നിറയണമേ എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടിരിക്കാം. അങ്ങനെ മനസ്സിന്റെ അലസത മാറ്റിയെടുക്കാം. മാസത്തിലൊരിക്കൽ വി. കുമ്പസാരം നടത്താം. അപ്പോൾ കുറ്റം കണ്ടു പിടിക്കാനും അതു പറയാനുമുള്ള സമയമില്ലാതെ വന്നോളും.

ഞാൻ പറഞ്ഞു വരുന്നതിന്റെ അർത്ഥം എന്തു തെറ്റു കണ്ടാലും പ്രതീകരിക്കാതിരിക്കരുത് എന്നല്ല. മറിച്ച് തെറ്റു കണ്ടാൽ അതു ചൂണ്ടിക്കാണിക്കുക തന്നെ വേണം. പക്ഷേ അതു നേരിട്ടായിരിക്കണമെന്നു മാത്രം. അതു മൂന്നാമതൊരാളോട് പങ്കു വയ്ക്കുമ്പോഴാണ് പരദൂഷണങ്ങൾ ആകുന്നത്. ആരോഗ്യകരമായ വിമർശനങ്ങൾ നല്ലതു തന്നെ. അതു മറ്റുള്ളവരെ വേദനിപ്പിക്കാതെ അവർക്ക് അവരുടെ തെറ്റുകൾ മനസ്സിലാക്കി കൊടുക്കുന്ന രീതിയിൽ ആകണമെന്നു മാത്രം.

എത്ര പാപിയായിരുന്നാൽപോലും അവനിലും എന്തെങ്കിലുമൊക്കെ നന്മകാണുമെന്നോർക്കുക. മറ്റുള്ളവരിലെ തിന്മയെ മാത്രം ചികഞ്ഞു നോക്കാതെ പരമാവധി അവരിലുള്ള നന്മയെ കണ്ടെത്താൻ ശ്രമിക്കുക. നമുക്കു തന്നെ എന്തെങ്കിലും ഇടർച്ച വരുത്തുന്നവരായിക്കൊള്ളട്ടെ, അവരിലെ തെറ്റുകൾ കാൽവറി ക്രൂശിൽ നമുക്കുവേണ്ടി മരിച്ച കർത്താവിന്റെ തിരുരക്തം കൊണ്ട് കഴുകി കളയണമേയെന്നു

# ദൈവം ആളത്വമാകുന്നു

**കൊച്ചുമോൻ, പള്ളിക്കപറമ്പിൽ, ചിങ്ങവനം**

ക്രിസ്തീയ വിശ്വാസത്തിൽ ഏറ്റവും വിഷമം പിടിച്ചതും ഇടർച്ചകല്ലുമായ ഒരു മഹാമർമ്മമാണ് ത്രീത്വം. അത്യുന്നതനായ ദൈവത്തിന്റെ ഉന്നതമായ പ്രകൃതി ഒരു മർമ്മം അല്ലെങ്കിൽ ദൈവം ഏത്നിലയിൽ സ്ഥിതി ചെയ്യുന്നുവെന്ന് പരിമിതമായ മനുഷ്യബുദ്ധിക്കൊണ്ട് പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിഞ്ഞാൽ ദൈവം ദൈവമല്ലാതായിത്തീരും. ത്രീത്വ ഉപദേശം ഒരു മർമ്മം ആയതിനാൽ ആ സത്യം തെറ്റാണെന്നു വരുന്നില്ല. കാരണം ഒരു മർമ്മം എന്നു പറഞ്ഞാൽ അത് എങ്ങനെയാണെന്ന് നമുക്കറിഞ്ഞുകൂടാ എന്നാണ്. എന്നാൽ അതുണ്ടെന്ന് നമുക്ക് അറിയുകയും ചെയ്യാം. ത്രീ ഏകം എന്ന ഈ ദൈവീക ജ്ഞാനത്തിനു മുമ്പാകെ വിവിധതരം അഭിപ്രായങ്ങൾ കേൾക്കാറുണ്ട്. ചിലർ രൂപകാലങ്കാരത്തിൽ വ്യാഖ്യാനം ചെയ്യാറുള്ളത് സൂര്യൻ ഏകനെങ്കിലും ചൂടും, പ്രകാശവും പുറപ്പെടുവിക്കുന്നതുപോലെ ഒരു വസ്തുവിന്റെ മൂന്നു സ്വഭാവമായി ചിത്രീകരിക്കുന്നു. ഒന്നിൽനിന്ന് പുറപ്പെടുന്ന മൂന്ന് അവസ്ഥാഭേദങ്ങൾപോലെയും, മറ്റ് ചിലർ റബ്ബർ മരത്തിന്റെ കായ് മൂന്നുകുരു ഒന്നായിരിക്കുന്നതുപോലെയും അതിൽ ഒന്ന് പൊട്ടിതെറിച്ചതുപോലെയാണ് പുത്രനായ യേശു എന്നും, ഇൻഡ്യൻ നാണയത്തിന്റെ അശോകസ്തംഭത്തിൽ ഏക ശരീരത്തിൽ മൂന്നു തലകൾ രൂപപ്പെടുത്തിയിരിക്കുന്നതുപോലെയും അവരുടെ ഭാവനയിൽ അനുമാനിക്കാറുണ്ട്.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരിലുള്ള ത്രീത്വ വിശ്വാസമാണല്ലോ സഭ പഠിപ്പിക്കുന്നത്. അതായത് ഏകത്വത്തിൽ ത്രീത്വവും, ത്രീത്വത്തിൽ ഏകത്വവും. ഈ മർമ്മമാണ് മനുഷ്യനു ഗ്രഹിക്കുവാൻ പ്രയാസമായിട്ടുള്ളതും. മൂന്നാളത്വങ്ങൾ എങ്ങനെ ഏകമായിരിക്കും. മനുഷ്യ സൃഷ്ടിയുടെ ആരംഭത്തിൽ, വരിക നാം നമ്മുടെ സാദൃശ്യ ത്തിൽ മനുഷ്യനെ സൃഷ്ടിക്കാം എന്നു പറഞ്ഞിരിക്കുന്നതിനാൽ ബഹുവചനത്തിൽ ഒന്നിലധികം ആളത്വങ്ങൾ ഉള്ളതായി കാണാം. അതിനാൽ ദൈവം മൂന്ന് ആളത്വങ്ങളാണെങ്കിലും മൂന്ന് ദൈവങ്ങളല്ലതാനും, ഇതാണ് മർമ്മം.

ഭാര്യാഭർത്താക്കന്മാർ അവർ ഇരുവരും ഒരു ദേഹിയാകുന്നതുപോലെ ദൈവം മൂന്ന് ആളത്വങ്ങൾ തമ്മിൽ സജീവമായ ബന്ധത്തിന് കാരണമായ ഒരാളത്വം തന്നെയാണ്. ഇതിന് അപൂർണ്ണമായ ഒരുദാഹരണമാണ് ഓരോ മനുഷ്യനും ഒരു ആളത്വം മാത്രമേയുള്ളു എങ്കിലും തന്റെ ആത്മാവിനേയും, മനസ്സിനേയും, പ്രാണനേയും ഞാൻ എന്നു തന്നെ പറയാവുന്നതാണ്. പക്ഷേ ഞാൻ മൂന്നല്ല ഒറ്റ വ്യക്തിയാണ്. കൃത്യമായി പറഞ്ഞാൽ മനുഷ്യൻ എന്ന വ്യക്തി പൂർണ്ണനാകണമെങ്കിൽ ഇവയിൽ ഒന്നു മാത്രം പോരാ മൂന്നും വേണം. അങ്ങനെ ഇവ മൂന്നും അന്യോന്യം യോജിച്ച് ഞാൻ എന്ന വ്യക്തി രൂപം കൊള്ളുന്നതുപോലെ. സ്നേഹാധിക്യത്താലത്രെ ആളത്വത്തിൽ ദൈവം മൂന്നാണെങ്കിലും ഒന്നാണെന്നുള്ളതിന്റെ അർത്ഥം മനസ്സിലാക്കാൻ സാധിക്കുന്നത്.

പുത്രനായ യേശു ജനിച്ചുവെന്ന് പറയുന്നതിൽനിന്ന് സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ല. അറിയൂസിന്റെ വേദവിപരീതം കുശവൻ പാത്രം നിർമ്മിക്കുന്ന പ്രകാരം ദൈവം തന്റെ കൈകളാൽ പുത്രനെ സൃഷ്ടിച്ചു എന്ന് പഠിപ്പിച്ചു. എന്നാൽ ആദാമിൽനിന്ന് കായീൻ ജനിച്ചെന്ന് പറയുന്നതുപോലെ യേശു ദൈവത്തിൽനിന്ന് ജനിച്ചവനാണ് ഇതിന് Begotton എന്നാണ് അല്ലാതെ Creation അല്ല. എന്നാൽ ഭൂമിയിൽ മനുഷ്യൻ ജനിക്കുന്നതിന് സ്ത്രീയും, പുരുഷനും ഒരുപോലെ പങ്കാളികളാണല്ലോ. അല്ലാതെയും ജനനം എന്ന പ്രക്രിയ നടക്കുന്നുണ്ട്. ഒരു കപ്പത്തണ്ട് മുറിച്ചിട്ടാലും ജനിക്കുമെന്നപോലെ പിതാവിൽനിന്ന് ജനിച്ചവൻ എന്ന് ചിന്തിക്കുമ്പോൾ മാനവ ചരിത്രത്തിനു മുമ്പു തന്നെ മാതാവില്ലാതെ പിതാവിൽനിന്ന് ജനിച്ചവൻ എന്നാണ്. പുത്രനായ യേശു പിതാവിൽനിന്ന് ജനിച്ചവൻ എന്നാണ്. പുത്രനായ യേശു പിതാവിൽനിന്ന് ജനിച്ചതായിട്ടനുമാനിക്കുന്നതിൽ അപാകതയില്ല. ഇതിനു കാരണം താൻ ആരിൽനിന്നും ജനിക്കാത്ത സ്വയം ഭൂവല്ല. പിന്നയൊ നിത്യനായ പിതാവിന്റെ പുത്രനാകുന്നതു കൊണ്ടാണ് നിത്യനായ ദൈവത്തിന് നിത്യനല്ലാത്ത പുത്രനെ ജനിപ്പിക്കുവാൻ സാധിക്കുമൊ? സാദൃ. 8:22–32.

അതിനാൽ നാം സ്വർഗ്ഗത്തിലും, ഭൂമിയിലും സാക്ഷ്യപ്പെടുത്തുന്നവർ മൂവർ. പിതാവും, പുത്രനും പരിശുദ്ധാത്മാവും ആകുന്നു. നിങ്ങൾ പുറപ്പെട്ട് പിതാവിന്റേയും, പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിൽ വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുവാൻ പറഞ്ഞിരിക്കുന്നത് (മത്താ.28:19) ഇവിടെ നാമത്തിൽ എന്ന ഏകവചന രൂപത്തിൽ പറയുന്നതിനാൽ ദൈവത്തിന്റെ ഏകത്വത്തെ സ്ഥിരീകരിക്കുകയാണ്. സത്യക്രിസ്ത്യാനികൾ ഒരിക്കലും മൂന്നു ദൈവങ്ങൾ എന്ന ഉപദേശം അംഗീകരിച്ചിട്ടില്ല. ഇതിന് തെളിവായി വിശ്വാസപ്രമാണവും, നിഖ്യവിശ്വാസവും, ഉപദേശങ്ങളും ഏകത്വത്തിൽ ത്രീത്വവും, ത്രീത്വത്തിൽ ഏകത്വവും എന്ന മർമ്മത്തിൽ കലാശിച്ചിരിക്കുകയാണ്.

ദൈവം തന്നെക്കുറിച്ച് വെളിപ്പെടുത്തിത്തന്നിട്ടുള്ളതിൽ കൂടുതലായി നമുക്ക് മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. അതിനാൽ ദൈവത്തെപ്പറ്റിയുള്ള തർക്കങ്ങൾ ദൈവ ദൂഷണമാകുന്നു. ദൈവത്തിന്റെ ഏകത്വത്തെ ത്രീത്വോപദേശം ഖണ്ഡിക്കുന്നതായി ചിലർ അവകാശപ്പെടാറുണ്ട്. എങ്കിലും ത്രീത്വം ഒരു മർമ്മമാണെന്ന് വിശ്വസിക്കുകയാണ് ഉചിതമായത്.

---

പ്രാർത്ഥിക്കാം. കുറ്റം പറയണമെന്ന് നമുക്കു തോന്നിയാൽ, നമ്മുടെ മനസ്സിനെയും നാവിനെയും തിരുരക്തംകൊണ്ട് സംരക്ഷിച്ചു നിർത്തണമെയെന്ന് പ്രാർത്ഥിക്കാം. യെഹൂദരുടെ നിന്ദകളും പരിഹാസങ്ങളും ഏറ്റിട്ടും, ക്രൂശിൽ തറയ്ക്കാൻ വിധിക്കപ്പെട്ടിട്ടും, അവരെയൊന്നും നിന്ദിക്കാതെ, "പാപികളായ ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" എന്നു പ്രാർത്ഥിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പാത നമുക്കും പിൻതുടരാം. മറ്റുള്ളവരോട് പരമാവധി ക്ഷമിച്ച്, മറ്റുള്ളവരിലെ നന്മകളെ കണ്ടെത്തി സമാധാനത്തോടെ ജീവിക്കാൻ നമുക്കും ശ്രമിക്കാം.

# എന്തേ തുമ്പീ തുള്ളാത്തേ ........

അലക്സ് തെക്കുംതറ, തിരുവനന്തപുരം

**എന്തേ** തുമ്പീ! തുള്ളാത്തെ, **എന്തേ** തുമ്പീ! തുള്ളാത്തെ, — പൂവ് പോരാഞ്ഞോ, പൂക്കുട പോരാഞ്ഞോ എന്തു രസമാ! തുമ്പീ തുള്ളല്.

എല്ലാ ഓണത്തിനും കാണാറുള്ള താഴെപ്പറമ്പിലെ കുട്ട്യേടത്തീടെ തുള്ളൽ ഓർമ്മിച്ചു- കാത്തു. കയ്യിൽ പൂവും ചെടിയും പിടിച്ച് മുടിയഴിച്ചിട്ട് കുഴഞ്ഞ് ഉറഞ്ഞ് തുള്ളി മറിയുന്ന കുട്ട്യേടത്തീടെ തുമ്പി തുള്ളല്.

കുട്ടിത്തം മാറാത്ത കാർത്ത്യായനിക്കുട്ടിയുടെ ഓമനപ്പേരാണ് കാത്തു -കാത്തൂന്ന്. എഴാം തരത്തിലെ ഓണപ്പരീക്ഷക്ക് ഒരുങ്ങണം. ഇന്ന് അത്തം. 2018 ഓഗസ്റ്റ് 15. പത്ത് ദിവസം കഴിഞ്ഞാൽ തിരുവോണം.

കുടുക്ക പൊട്ടിച്ച് അന്നുവരെ ശേഖരിച്ച തുക എണ്ണി. തൊണ്ണൂറ്റി മൂന്ന് രൂപ-മതി - ധാരാളം. വാങ്ങിയ സാധനങ്ങളെല്ലാം വീട്ടിൽകൊണ്ടുവന്ന് ഒന്നുകൂടി പരിശോധിച്ചു. തനിക്കൊരു മുത്തുമണി മാലയും- വളകളും. പിന്നെ - പിന്നെ സ്വർണക്കരയുള്ള മഞ്ഞത്തോർത്ത് - ഓണപ്പുടവ ഓണത്തിന്റെയന്ന് ഇത് മണിക്കുട്ടിയുടെ കഴുത്തിൽ കെട്ടി തുള്ളിക്കണം

കാത്തൂന്റെ പ്രിയപ്പെട്ട കളിക്കൂട്ടുകാരിയാണ് വെളുത്ത് മേനി കൊഴുത്ത ആ കൊച്ചു ആട്ടിൻകുട്ടി മണിക്കുട്ടിയെന്ന പൊന്നോമന. അവളുടെ ആദ്യത്തെ ഓണമല്ലേ.! കുട്ട്യേടത്തിയേക്കാൾ ഭംഗിയായി തുള്ളിച്ചാടും എന്റെ മണിക്കുട്ടി.
ഒരു റിഹേഴ്സൽ എന്ന പോലെ അടുത്ത് നിന്ന മണിക്കുട്ടിയുടെ കഴുത്തും ഉടലും മൂടി മഞ്ഞപ്പുടവ പുതപ്പിച്ചു. കാര്യം അറിയാതെ വിഭ്രാന്തിയോടെ മണിക്കുട്ടി തുള്ളിച്ചാടി - മഞ്ഞപ്പുടവയുമായി. എന്തു ചേലായിരുന്നു ആ തുള്ളിച്ചാട്ടം.

പേടിക്കാതെടീ. നിന്നെയിത് ഓണത്തിന് പുതപ്പിക്കാനാ. അന്ന് നീ തുള്ളിക്കളിക്കണം. ന്തേ മണിക്കുട്ടീ തുള്ളാത്തേ —-എന്ന് ഞാൻ പാടുമ്പോ. കേട്ടോടീ കള്ളീ കാത്തു മഞ്ഞമുണ്ട് എടുത്ത് മടക്കി മാറ്റി വച്ചു. തിരുവോണത്തിന് തരാട്ടോ.

കാത്തൂന്റെ മറ്റൊരു കൂട്ടുകാരിയാണ് പൂച്ച്യൂട്ടി എന്ന പൂച്ചക്കുട്ടി. അവൾക്കുമുണ്ട് ഓണ സമ്മാനം. സിന്ദൂരപ്പൊട്ടും മഞ്ഞ നിറമുള്ള റിബ്ബണും. ഇനിയൊരുത്തനുണ്ട്. വീട്ടിലെ കാവൽനായ. കറുകറുത്ത നിറമുള്ളവൻ കടുമൻ അവനാളു പിശകാണ്. തക്കം കിട്ടിയാൽ മണിക്കുട്ടിയേം പൂച്ച്യൂട്ട്യേം വിരട്ടിപ്പേടിപ്പിക്കുന്നവനാ. എന്നാലും! അവനും കൊടുക്കാം സമ്മാനം. കറുത്ത കഴുത്തിൽ കെട്ടാൻ ഒരു വെളുത്ത പ്ലാസ്റ്റിക് ബെൽറ്റ്. ഹയ്യടാ! ഭാവനയിൽ ഇതൊക്കെ കണ്ട കാത്തു ഊറിച്ചിരിച്ചു. ങ്ഹാ ! ഓണമാകട്ടെ അതുവരെ ഇതെല്ലാം മേശപ്പുറത്തിരിക്കട്ടെ പഠനസാമഗ്രികളോടൊപ്പം സമ്മാനങ്ങൾ സൂക്ഷിച്ചുവച്ചു.

വെളിയിൽ തോരാത്ത മഴ പെയ്യുന്നത് കാത്തു ശ്രദ്ധിച്ചില്ല. അപ്പോഴാണ് പത്താം തരത്തിൽ പഠിക്കുന്ന ചേച്ചി പേടിച്ചു പറയുന്നത് കാത്തു കേട്ടത്. ഈ നശിച്ച മഴ നമ്മളേം കൊണ്ടേ പോകൂ !

ഈ ചേച്ചീടെയൊരു പേടിയേ മുറ്റത്തെ തേന്മാവിന്റെ താഴ്ന്ന് കിടന്ന ഇലത്തുമ്പുകളിൽ നിന്ന് മണി മണിപോലെ തുളുമ്പി വീണ മഴതുള്ളികൾ കൈയ്യെത്തിപ്പിടിച്ച് കളിക്കുമ്പോഴും കാത്തു ചിരിച്ചില്ലെന്നേയുള്ളു. മഴയെങ്ങാനാ. നമ്മളെ കൊണ്ട് പോണേല്ലേ, മുത്തശ്ശീ.

ങാഹാ ! അങ്ങനൊന്നും പറയേണ്ടന്റെ കാത്തുമോളേ ദുർബലമായ മോണകൾക്കിടയിൽ വെറ്റില ചുരുട്ടി വച്ചു അല്പം ഭയാശങ്കയോടെ മുത്തശ്ശി പറഞ്ഞു.

യ്യോ!. ഈ മുത്തശ്ശിക്കും പേടിയാ ! ചേച്ചിയെപ്പോലെ

ഇരുളും മഴയും കൂട്ടു പിടിച്ചപ്പോൾ എന്തോ ഒരു പന്തികേട് . പേമാരി-തുള്ളിക്കൊരുകുടം. വെള്ളം പൊങ്ങി പൊങ്ങി വരുന്നു. കടുമൻ നായ മാനത്തു നോക്കി ഓലിയിടുന്നു. അശുഭലക്ഷണം. കാത്തൂനും പേടിയായി.

എന്നും സന്ധ്യയാകുമ്പോൾ താഴെപ്പറമ്പിലെ കുട്ട്യേടത്തിടെ വീട്ടീന്ന് രാമായണം പാരായണം ചെയ്തും, മേലേ വീട്ടിലെ ഗ്രേസിയാന്റിയും കുഞ്ഞുമേരിയും ചേട്ടനും ചേർന്ന് യേശുകർത്താവിന്റ പടത്തിനു മുൻപിൽ തിരി കത്തിച്ച് സന്ധ്യാ കീർത്തനങ്ങൾ പാടിയും പ്രാത്ഥിക്കും. ഇതിനിടെയിലാണ് ഓടുമേഞ്ഞ കൊച്ചുവീട്ടിലെ ഉമ്മറത്ത് ദീപം തെളിച്ച് കാത്തുവും ചേച്ചിയും നാമം ജപിക്കാറ്. രണ്ട് കാലുകളും നീട്ടിവച്ച് മുത്തശ്ശിയും അടുത്തുണ്ടാകും. ചുറ്റുപാടും ഈശ്വര ചൈതന്യം നിറഞ്ഞു തുളുമ്പുന്ന പ്രതീതി.
എന്നാലിന്നെന്തേ ഇതൊന്നും കേൾക്കുന്നില്ലല്ലോ. കരണ്ടും പോയി പേടിച്ചിരിക്കുകയാവും പാവങ്ങൾ കാത്തു ചിന്തിച്ചു.

ഞാനെന്തിനാ പേടിക്കുന്നേ എനിക്കെന്റെ അച്ഛനുണ്ടല്ലോ. അച്ഛന്റെ ഓട്ടോറിക്ഷയിൽ കേറ്റി ഞങ്ങളെ രക്ഷിച്ചോളും. അച്ഛനാരാ മോൻ. കാത്തുമോൾ ധൈര്യപ്പെട്ടു . ദാ, നനഞ്ഞു കുളിച്ച് അച്ഛൻ ഓടിക്കേറി വരുന്നു. ങ്ഹാ അച്ഛാ ഓട്ടോറിക്ഷ കൊണ്ട് വന്നില്ലേ

എന്റെ മോളേ ഓട്ടോറിക്ഷാ അങ്ങ് സ്കൂളിന്റെ മുറ്റത്തിട്ടിരിക്യാ. ഇങ്ങടെങ്ങും കൊണ്ട് വരാൻ പറ്റില്ല. വഴി മുടക്കി വെള്ളം തന്നെ വെള്ളം അച്ഛൻ നിസ്സഹായത പ്രകടിപ്പിച്ചു പറഞ്ഞു.

ഇപ്പം വെള്ളം അത്രയ്ക്കോ കാത്തു പരിഭ്രമിച്ചു.രാത്രി 8 മണിയായി. തൊഴുത്തിൽ നിന്നൊരു ദയനീയ ശബ്ദം. കാത്തു വിളിച്ചു പറഞ്ഞു അച്ഛാ ! നമ്മുടെ കള്ളി ചെല്ലമ്മ കരയുന്നച്ഛാ ! ന്റെ മണിക്കുട്ടിയും അവിടാണച്ഛാ ! ദിവസേന പാൽ ചുരത്തി, കുടുംബത്തെ ഒരളവുവരെ പോറ്റുന്ന തള്ളയാടാണ് കള്ളിചെല്ലമ്മ. കാത്തൂന്റെ സങ്കടം കണ്ട അച്ഛൻ വെള്ളത്തിലൂടെ നടന്നിഴഞ്ഞ് തൊഴുത്തിലെത്തി. ഹാവൂ ! തള്ളയും മണിക്കുട്ടിയും വെള്ളത്തിൽ കാലുകളൂന്നി ചുരുണ്ട് കൂടി വിറച്ചു നിൽക്കുന്നു. വീപ്പക്കുറ്റിയും വിറകും ഒക്കെ അടുക്കി ഒരു താൽക്കാലിക തട്ടുനിരത്തി ചെല്ലമ്മയെ ഒരുവിധത്തിൽ പൊക്കിയെടുത്ത് തട്ടിൽ നിറുത്തി കയർ തൂണിലുയർത്തിക്കെട്ടി ഒന്നു തടവി ആശ്വസിപ്പിച്ചു. മണിക്കുട്ടിയെ തോളിലെടുത്ത് അച്ഛൻ

ഉമ്മറത്തെത്തിച്ചു. വിറയ്ക്കുന്ന മണിക്കുട്ടിയെ തന്റെ പാവട യുടെ തുമ്പുകൊണ്ട് തോർത്തി കാത്തു കെട്ടിപ്പിടിച്ചു. പേടിക്കേണ്ടടീ ഈ ചേച്ചിയില്ലേ. പേടിച്ച് വിറച്ച് പൂച്ച്യൂട്ടിയും- പൂച്ചക്കുഞ്ഞ് കാത്തുന്റെ ശരീരത്തിൽ വാൽ വിറപ്പിച്ച് ഉരുമ്മിക്കരഞ്ഞു. ങ്യാവൂ-ങ്യാവൂ കടുമൻനായ വിഷണ്ണ നായി ദയനീയമായി കാത്തൂനെ നോക്കി വാതിൽപ്പടിയ്ക്കു പുറത്ത്. ഞാനും ഒന്നകത്തോട്ട് കയറിക്കോട്ടേയെന്ന യാചനാഭാവത്തിൽ.

വേണ്ട! വേണ്ട! നീയിവരെ ശല്യപ്പെടുത്താനാ പക്ഷേ അവന്റെ ഭയവും പരിഭ്രമവും കണ്ട കാത്തു മൂളി. ബാ! പക്ഷേല്, ഇവരെയൊന്നും ചെയ്യരുത് ട്ടോ! എങ്കിബാ കാത്തുവിനു ചുറ്റും ചങ്ങാതിമാർ വിറച്ചും ഭയന്നും ചുരുണ്ട് ഉരുമ്മിയിരുന്നു. അഭയാർത്ഥികളെപോലെ. തിമിർത്തു പെയ്യുന്ന മഴ. വെട്ടം പുലർന്നപ്പോൾ കണ്ട കാഴ്ച്ച അവരെ നടുക്കി. വീടിനു താഴേപ്പറമ്പുവരെ കായൽ പോലെ വെള്ളം. ജലപ്രളയം. കൂടാതെ മഴയും.

നേരം വൈകിവരുന്നു. വെള്ളത്തിൽ വള്ളങ്ങൾ നിയന്ത്ര ണമില്ലാതെ പൊങ്ങിയും താഴ്ന്നും. ഒപ്പം പിഴുതുവീണ മരങ്ങൾ, മറ്റെന്തൊക്കെയോ. ആരോ വിളിച്ചു കൂവിപ്പറയുന്നു. കിട്ടുന്ന വള്ളത്തിൽ കേറി രക്ഷപ്പെടാൻ നോക്കിക്കോ

മക്കളേ ! ഇരുട്ടുന്നതിനു മുൻപ് രക്ഷപ്പെട്ടേ പറ്റൂ. — ഒന്നും എടുക്കാൻ നിൽക്കേണ്ട പോകാൻ തയ്യാറായി നിന്നോ അച്ഛന്റെ മുന്നറിയിപ്പ്. മുത്തശ്ശിയും അമ്മയും കൈയ്യിൽ കിട്ടിയതെന്തോക്കെയോയെടുത്തു താഴേപ്പറമ്പിൽ ഇറങ്ങി നിന്നു.

കാത്തു തന്റെ ഉറ്റമിത്രങ്ങളെ അടുത്തു ചേർത്തുനിർത്തി. മണിക്കുട്ടി-പൂച്ച്യൂട്ടി പിന്നെ കടുമനും. അതാ അവരെ ലക്ഷ്യം വച്ച് ഒരു വള്ളം വരുന്നു. നിറയെ ആളുണ്ട്. രക്ഷാ പ്രവർത്തകരാണ് സ്ഥലമില്ലെങ്കിലും ഇങ്ങട് കേറെന്നേ, രക്ഷപ്പെടേണ്ടേ വള്ളക്കാർ പറഞ്ഞു. കേറ്-കേറ്- വേഗം വേഗം

രണ്ടുമൂന്നുപേർമുത്തശ്ശിയെതൂക്കിയെടുത്ത് വള്ളത്തിലാ ക്കി. പുറകേ, ഓരോരുത്തരേയും. കുട്ട്യേടത്തീ – ബാ കാത്തു വിളിച്ചു. കരയുന്ന കുഞ്ഞിനെ എടുത്ത് മറുപടി പറഞ്ഞു. ഞങ്ങൾ അടുത്ത വള്ളത്തിൽ വരാം, നിങ്ങളു പൊക്കോ. വള്ളത്തിൽ കയറിയ കാത്തു കൈനീട്ടി ആദ്യം അവളുടെ മണിക്കുട്ടിയെ വള്ളത്തിലേയ്ക്ക് പിടിച്ചു കേറ്റാൻ ശ്രമിച്ചു.

നീരസത്തോടെ വള്ളത്തിലിരുന്ന് ആരോ വിലക്കി. ഇവിടെ മനുഷ്യന് ഇടമില്ല. അതിനിടെ ആടും പട്ടിയും. രക്ഷപ്പെടാൻ നോക്ക് കൊച്ചേ! വള്ളത്തിൽ മുൻകാലുകൾ വച്ച മണിക്കുട്ടിയെ വെള്ളത്തിലിറങ്ങി ഒരാൾ തിരിയേ പറമ്പിലേക്ക് തള്ളിയിട്ടു. കടുമൻ അയാളെ രൂക്ഷമായി നോക്കിയിട്ട് മണിക്കുട്ടിയെ അവന്റെ അടുത്തിരുത്തി. മുൻ കാലുകൾക്കിടയിൽ താടിയ്ക്കു കീഴേ പൂച്ച്യൂട്ടിയേയും.

യ്യോ! എന്റെ മണിക്കുട്ടി പൂച്ച്യൂട്ടി. ച്ഛാ! കാത്തു ദയനീയമായി യാചിച്ചു കരഞ്ഞു. ആരോ വള്ളം തള്ളി നീക്കി. വള്ളം അകലുമ്പോൾ വിടപറയുന്ന ചങ്ങാതികളുടെ കണ്ണിലെ പരിഭ്രമവും നിരാശയും കാത്തൂനെ തളർത്തി കടുമാ അവൾ വിളിച്ചു കൂവി നീയിവരെ രക്ഷിക്കണേ ടാ! അവൻ അംഗരക്ഷകനേപ്പോലെ പൂച്ച്യൂട്ടിയേയും മണിക്കു ട്ട്യേം ചേർത്തു നിർത്തി വാലാട്ടി വള്ളക്കാരെ യാത്രയാക്കി. ദുരന്തത്തിലും ദു:ഖത്തിലും ശത്രു തുണയേകുന്നു. - ഇപ്പോൾ മിത്രത്തേപ്പോലെ

അച്ഛനും അമ്മയും മറ്റുചിലരും കാത്തൂന്റെ കണ്ണീരൊപ്പി സാരമില്ല മോളേ, അവര് നീന്തിയും തട്ടിൽ കയറിയും ഒക്കെ രക്ഷപ്പെട്ടോളും. മോളുകരയാതെ.

ദുരിതാശ്വാസ കേന്ദ്രത്തിലെ കറുത്ത ദിനങ്ങൾ. കാത്തൂന് ഭീതി. എന്റീശ്വരാ! എന്റെ ചങ്ങാതികൾ അവർക്ക് ആപത്തൊന്നും വരുത്തല്ലേയീശ്വരാ ! കേന്ദ്രത്തിൽ എല്ലാ വരും ഒരുപോലെ. ഒരേ ഭക്ഷണം. ഒരേ മുറി. പണക്കാരനും പാവപ്പെട്ടവനും ഒന്നുപോലെ. ജാതിയില്ല. മതമില്ല. എല്ലാവർ ക്കും ഈശ്വരൻ–ദൈവം ഒന്ന്. ഒരു ജാതി ഒരു മതം ഒരു ദൈവം. കാത്തു ചിന്തിച്ചു. ഇതായിരിക്കും മാവേലി പ്രതീക്ഷിക്കുന്നതും. ചുമ്മാതല്ല പാടുന്നത് "മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരും ഒന്നുപോലെ."

ഒരാഴ്ച്ച കഴിഞ്ഞു ക്യാമ്പിൽ നിന്നിറങ്ങി നടന്നു. വെള്ളത്തിലും ചെളിയിലും ചവിട്ടി വീടിന് അടുത്തേക്ക്. കാത്തു ഞെട്ടിപ്പോയി. പ്രളയം വികൃതമാക്കിയ പരിസരം. നാട്ടുകാർക്ക് മധുരം വിളയിക്കുന്ന തേന്മാവ് കടപുഴകി വീണുകിടക്കുന്നു. താഴെപ്പറമ്പിൽ കുട്ട്യേടത്തീടെ വീടിന്റെ ഷീറ്റ്മേഞ്ഞ മുൻഭാഗം നിലംപൊത്തി കിടക്കുന്നു. അച്ഛനും അമ്മയും മുത്തശ്ശിയോട് പറയുന്നത് കാത്തു കേട്ടു. രക്ഷ പ്പെടാനുള്ള തിടുക്കത്തിനിടെ വിശന്ന് കരഞ്ഞ പാറുക്കു ഞ്ഞിനെ മുലയൂട്ടിക്കൊണ്ടിരിക്കെ, കുട്ട്യേടത്തിയെ, പാറുക്കു ട്ടിയോടൊപ്പം ഇരച്ചു കയറിയ വെള്ളം ചുഴിയിലേക്ക് വലി ച്ചെടുത്തത്രേ. കൂടെ വീടിന്റെ പാതിയും.

അയ്യോ! കുട്ട്യേടത്തിയും കുഞ്ഞും പോയോഛരാ ! കാത്തു അമ്പരന്നു. ഇല്ല മോളേ, തെരച്ചിൽ ഇപ്പോഴും നടക്കാ ! വീണ്ടെടുക്കാൻ.

ജീവനോടോ ? അതോ —----


## വിവാഹ ഒരുക്ക സെമിനാർ

2018 നവംബർ മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 8, 9, 10 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായ മുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായ മുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പു തന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലിഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാ റിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Thomas Abraham, Malayasseril**
(Director)
Ph: 0469-2608155, 9447411554

**Fr. Shaji Jacob, Puthenpurackal**
(Secretary)
Ph: 9446986780

കുട്ട്യേടത്തിയുടെ തുമ്പി തുള്ളൽ നിലച്ചോയീശ്വരാ ! കുട്ട്യേടത്തീ.....മോളേ കുഞ്ഞിപ്പാറൂ!

ചെളിയിൽ കൂടി വീട്ടിലേയ്ക്ക് ഓടിയ കാത്തൂനെ അച്ഛൻ വിലക്കി മോളേ ഞാൻ വന്നിട്ട്. കതക് തള്ളി ത്തുറ ന്നു. ചെളിയും വെള്ളവും പുറത്തേയേക്ക്. പഠനസമാഗ്രി കളും പുസ്തകങ്ങളും മറ്റു സാധങ്ങളും ആകെ അലങ്കോല മായിക്കിടക്കുന്നു. ചെളിയിൽ ചവിട്ടി അച്ഛനോടൊപ്പം കാത്തുവും. അവൾ പരതി. എവിടെ? രക്ഷപ്പെട്ട എന്റെ കൂട്ടു കാർ.

ഒരു ദുർബലസ്വരം. ങ്യാവൂ-ങ്യാവൂ! യ്യോ! എന്റെ പൂച്ച്യൂട്ടി. മുകളിൽ ഒരു തട്ടുപലകയിൽ അള്ളിപ്പിടി ച്ചിരിക്കുന്നു. അവശയായ അവൾ കാത്തൂന്റെ ശരീരത്തിലേ യ്ക്ക് തളർന്ന് വീണു മോങ്ങിക്കരഞ്ഞു.

എവിടെ മോളേ ? നമ്മുടെ മണിക്കുട്ടിയും കടുമനും. പൂച്ച്യൂട്ടി വാൽ വിറപ്പിച്ചു അകത്തേയ്ക്ക് കയറി ഉടനെ തിരിച്ചുവന്നു. വീണ്ടും മുറിയ്ക്കകത്തേയ്ക്ക്. പിന്നാലെ കാത്തുവും. ജന്നൽ തുറന്നപ്പോൾ കാത്തൂ അലറിക്കൂവി

ഹെന്റെമ്മേ ! നോക്കമ്മേ! എന്റെ മണിക്കുട്ടീ – അച്ഛാ. തൂവെള്ളനിറം. മെഴുകിട്ടു മിനുസപ്പെടുത്തിയ പോലെയുള്ള മണിക്കുട്ടിയുടെ ശരീരം ചേറുപുരണ്ട് വികൃതമായി നാലുകാലുകളും വടിപോലെ മേലോട്ടുയർത്തി തല ഒരു വശം ചരിഞ്ഞ് വാ പിളർന്ന് കിടക്കുന്ന കാഴ്ച്ച കാത്തൂന് സഹിച്ചില്ല. ചെവിയിൽ കൂടിയും വായിൽ കൂടിയും ജലപ്രാണികൾ കയറുന്നു ഇറങ്ങുന്നു. തൊട്ടടുത്ത് മുൻകാലുകൾ ഉറപ്പിച്ച് കടുമൻ നായ. അവന്റെ കണ്ണുകൾ തുറിച്ചിരുന്നു. അവസാനശ്വാസംവരെ വിശ്വസ്തനായ കാവൽക്കാരനെപ്പോലെയും മണിക്കുട്ടിയുടെയും പൂച്ച്യൂട്ടിയുടെയും അംഗരക്ഷകനെപ്പോലെയും സേവനം ചെയ്ത കൃതാർത്ഥതയോടെ ചത്തുകിടക്കുന്നു. അവന്റെ നെഞ്ചിനോടു ചേർന്ന് കാത്തു അവനുവേണ്ടി കരുതിയ വെളുത്ത ബെൽറ്റ്, ചെളിപുരണ്ട്.

മുറ്റത്തിറങ്ങിയ ചേച്ചി വിളിച്ചു കരയുന്നു ച്ഛാ! നമ്മുടെ കള്ളിച്ചെല്ലമ്മ കയറിൽ തുങ്ങി ചത്തുക്കിടക്കുന്നച്ഛാ ! ഓടി വാ. കലികാലം കലികാലം മുത്തശ്ശി നെടുവീർപ്പെട്ടു.

കാത്തു കരളുരുകി ഈശ്വരനോടെന്നോണം ചോദിച്ചു. ഈ കാഴ്ച്ചയാണല്ലോയീശ്വരാ ഞാൻ കണ്ടത്, തിരികേ ഞാൻ എത്തുമ്പോൾ മേശയുടെ കോണിൽ താഴേയ്ക്കു വീഴറായ നിലയിൽ നനഞ്ഞു കുതിർന്ന ആ മഞ്ഞമുണ്ട്. മണിക്കുട്ടിയുടെ ഓണപ്പുടവ. ഇപ്പോൾ അതിന്റെ നിറം മഞ്ഞയെന്നു പറയാനാവില്ല. ഇന്ന് 2018 ആഗസ്റ്റ് 25- തിരു വോണം. കാത്തു ആ ഓണപ്പുടവ നിവർത്തി നിറഞ്ഞകണ്ണു കളോടെ മണിക്കുട്ടിയുടെ ചേതനയറ്റ ശരീരത്തിൽ പുതപ്പിച്ച് കവിണ് വീണ് തന്റെ പൊന്നോമനയെ കെട്ടിപ്പുണർന്ന് പൊട്ടിക്കരഞ്ഞു. ആ പിഞ്ചുഹൃദയത്തിന്റെ വേദന കണ്ടു നിന്നവരുടെ മിഴി നനയിച്ചു.

NB:- പ്രളയ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട എല്ലാ സഹേദരങ്ങളെയും, മാത്രമല്ല. എല്ലാ ജീവജാലങ്ങളേയും സ്മരിച്ചുകൊണ്ടും അവശേഷിക്കുന്ന മനുഷ്യരെയും ജീവ ജാലങ്ങളേയും പ്രകൃതിയേയും സംരക്ഷിക്കണമേയെന്ന് പ്രാർത്ഥിച്ചുകൊണ്ടും നടന്നിരിക്കാനിടയുള്ള ഈ ദുരന്താനുഭവം കഥാരൂപത്തിൽ ആവിഷ്ക്കരിച്ച് അവർക്കു വേണ്ടി സമർപ്പിക്കുന്നു.

●

## ധനസഹായം നൽകി



സെന്റ് പോൾസ് ക്നാനായ പ്രയർ ഗ്രൂപ്പ് റിയാദിന്റെ ചാരിറ്റി പ്രവർത്തനത്തിന്റെ ഭാഗമായി ദുരിതാശ്വാസത്തിന്റെ ഒന്നാം ഘട്ടം. ഈ കഴിഞ്ഞ ജലപ്രളയത്തിൽ ഭാഗികമായി വീട് നഷ്ടപ്പെട്ട വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായവലി യപള്ളി ഇടവകയിൽപ്പെട്ട നമ്മുടെ ഒരു സഹോദരിക്ക് ധനസഹായം ബഹു. ഇടവക വികാരി ജോൺ തോമസ് അച്ചന്റെ സാന്നിദ്ധ്യത്തിൽ പ്രയർ ഗ്രൂപ്പ് അംഗങ്ങളായ രഞ്ജി മാത്യു, സോനു ജോസഫ്, മനീഷ് മാത്യു എന്നിവർ നൽകുകയു ണ്ടായി.

# വചനാമൃതം



റോയി മാത്യു കോർ–എപ്പിസ്ക്കോപ്പ

## സ്ലീബായ്ക്കുശേഷം 6–ാം ഞായർ

ധനവും, പ്രമാണിത്വവും, യുവത്വവും സമജ്ഞസമായി ഒത്തു ചേരുന്ന ഒരുവൻ വളരെ പ്രതീക്ഷയോടെ നിത്യജീവന്റെ പൊരുൾ തേടി കർതൃസന്നിധിയിലെത്തുകയും എന്നാൽ അതീവ ദുഃഖിതനായി മടങ്ങി പോവുകയും ചെയ്തതിന്റെ ചിത്രമാണ് ഇന്നത്തെ ഏവൻഗേലിയോൻ. തന്റെ കഴിവുകൾ കൊണ്ട് വെട്ടിപ്പിടിച്ച് സ്വന്തമാക്കിയിരുന്ന ലൗകീക ഉപാധികൾ സംതൃപ്തി നൽകാതിരുന്നതുകൊണ്ടാണ് സമാധാന പ്രഭുവായ യേശു ക്രിസ്തുവിങ്കലേക്ക് അവൻ കടന്നുവന്നതും, സ്വർഗ്ഗരാജ്യം അവകാശമാക്കുവാൻ താൻ എന്തു ചെയ്യണം എന്ന് ആരായുന്നതും. യേശുവിനെ നമസ്ക്കരിച്ച് നല്ല ഗുരോ എന്ന് സംബോധന ചെയ്യുന്നതിലൂടെ മറ്റുള്ളവരെ ആദരിക്കുക എന്ന മര്യാദ അന്വർത്ഥമാക്കുകയാണ് ആ യുവാവ്. സാമൂഹ്യബന്ധങ്ങളെ സുദൃഢമാക്കുന്നതും ധാർമ്മീക ജീവിതത്തെ പരിപുഷ്ടിപ്പെടുത്തുന്നതുമായ കല്പനകളുടെ അനുഷ്ഠാനത്തിൽ അതീവ തല്പരനായിരുന്നു എന്നതും ആ യുവാവിന്റെ മേന്മയായിരുന്നു. പക്ഷേ ഇവ ഒന്നും രക്ഷാമാർഗ്ഗത്തിലേക്കുള്ള ഗമനം അനായസമാക്കുവാൻ പര്യപ്തമാകുന്നില്ല എന്നതാണ് സത്യം. ലൗകീക ധനത്തിന്റെ അടിമ ആയിരുന്നു എന്നതാണ് അവന്റെ ന്യൂനത. പരിപൂർണ്ണ സമർപ്പണത്തിനു വിഘാതമായി നിൽക്കുന്ന ധനം വിറ്റ് ദരിദ്രർക്കു കൊടുക്കണമെന്ന കർത്തൃവചനത്തിൽ വിഷാദിച്ച് തിരികെ പോകുന്ന യൗവനക്കാരൻ.

(ഗരീബിഹഠാവോ) അഥവാ ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യുക എന്ന മുദ്രാവാക്യം രാഷ്ട്രങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ യേശു ആവശ്യപ്പെടുന്നു. നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് പകുത്തു കൊടുക്കുക എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്ക. ദിവ്യ വചനം അനുസരിച്ച് ജീവിക്കുന്നവർ മറ്റുള്ളവരുടെ ആവശ്യം പരിഗണിച്ച് തങ്ങളുടേതായ സുഖസൗകര്യാദികൾ ഒഴിവാക്കും. സമ്പൂർണ്ണ സമർപ്പണത്തിലൂടെ ദൈവീകതയിലേക്ക് വളരുവാൻ വിളിക്കപ്പെട്ടിരിക്കുന്ന മനുഷ്യന് മറ്റുള്ളവരെ കരുതാതെ ക്രിസ്തുവിങ്കലേക്കുള്ള ലക്ഷ്യം സാധ്യമായി തീരുക ഇല്ല. നിത്യജീവങ്കലേക്ക് എത്തിക്കുവാൻ നമ്മേ സഹായിക്കുന്ന ഒരു കൊച്ചരുവിയാണ് അപരർക്കായി നാം ചെയ്യുന്ന സേവനം. നന്മാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ അവരെ ദൈവത്തിന്റെ പക്കലേക്ക് ആനയിച്ച് ദൈവമഹത്വം വർദ്ധിപ്പിക്കുക. താനും തന്റെ സമ്പത്തും എന്ന ഇടുങ്ങിയ ചിന്തയിലേക്ക് ആ പ്രമാണി ഒറ്റപ്പെടുന്നു. അവന്റെ അന്തർഗതങ്ങൾ അവനെ അവന്റെതായ ലോകത്തിൽ ബന്ധിപ്പിക്കുന്നു. നമ്മുടെ അനുദിനജീവിതം ധന്യമായ ഒരനുഭവമാണ് എന്ന് പറയണമെങ്കിൽ നമ്മിൽ നിറഞ്ഞു നിൽക്കുന്ന ദൈവത്തെ ദർശിക്കുവാൻ സാധിക്കണം. മറ്റുള്ളവരുടെ ഉന്നമനത്തിനുവേണ്ടി നമ്മളാൽ കഴിയുന്ന പരിഹാരങ്ങൾ ചെയ്യുമ്പോൾ മാത്രമേ ആത്മീയ ജീവിതം പൂർണ്ണമാകുകയുള്ളു. ഒ.എൻ.വി. കുറിപ്പിന്റെ വിരുന്ന് എന്ന കവിതയിൽ "എന്നുയിർ തീയിൽ സ്വയം പൊരിഞ്ഞു ഞാനാ കുന്നിൽ മുനമ്പിലൊരു റൊട്ടി തുണ്ടമായി ഭവിച്ചെങ്കിൽ" ഒരു കൊച്ചു കുഞ്ഞിന്റെ വിശപ്പ് സ്വന്തം വിശപ്പായി മാറുന്ന കവി ഔദാര്യത്തിന്റെ വിളനിലമാകുന്നു. സദൃ.14:3 ദരിദ്രനോട് കൃപ കാണിക്കുന്നവൻ അവനെ ബഹുമാനിക്കുന്നു. ഹൃദയത്തെ അത്യാഗ്രഹങ്ങളിൽനിന്നു വിമോചിപ്പിച്ച് ദാന ധർമ്മങ്ങളാൽ ലഭ്യമാകുന്ന സ്വർഗ്ഗീയ നിക്ഷേപത്തെ കരസ്ഥമാക്കുവാൻ യേശു കല്പിക്കുന്നു. ഉപേക്ഷിക്കേണ്ടവയെ ഉപേക്ഷിച്ച് അനുതാപത്തോടുകൂടെ ഒരു തിരിച്ചു വരവ് സ്വന്തമാക്കുന്നവർക്ക് മാത്രമേ ക്രിസ്തുവിനെ അനുഗമിക്കുവാൻ കഴിയു.

## സ്ലീബായ്ക്കുശേഷം 7–ാം ഞായർ

ധാർമ്മിക പ്രബോധനങ്ങളുടെ കാഹള ധ്വനി മുഴക്കുന്ന ഗിരിപ്രഭാഷണങ്ങളിലെ ശ്രദ്ധേയമായ ഒരു ഭാഗമാണ് ഇന്നത്തെ ഏവൻഗേലിയോൻ. ബൃഹത്തും അതിപുരാതനങ്ങളുമായ മത സങ്കല്പങ്ങൾക്ക് പുതിയ ഭാവം നൽകി യേശു പഠിപ്പിച്ചിരിക്കുന്നത് തന്റെ പർവ്വത പ്രസംഗങ്ങളിലൂടെയാണ്. സാമൂഹിക അദ്ധ്യാത്മീക നഭോമണ്ഡലങ്ങളിൽ ശ്രേഷ്ഠമായി വർത്തിച്ച് സ്വർഗീയ പിതാവിന്റെ സൽഗുണ സമ്പൂർണ്ണതയിലേക്ക് വളരുവാനുള്ള ആവശ്യകത ഇവിടെ സ്പഷ്ടമാക്കുന്നുണ്ട്.

മൂന്നു കാര്യങ്ങൾ എടുത്തു പറയുന്നു

1. കൊല ചെയ്യരുതെന്നും ആരെങ്കിലും കൊല ചെയ്താൽ ന്യായവിധിക്ക് യോഗ്യനാകുന്നുവെന്നും പൂർവ്വന്മാരോട് അരുളി ചെയ്തത് നിങ്ങൾ കേട്ടിട്ടില്ലയോ. അക്രമങ്ങളും കൊലപാതകങ്ങളും ചുടലകളങ്ങൾ തീർത്തുകൊണ്ടിരിക്കുന്ന ഒരു വ്യവസ്ഥിതിയിലാണ് നാം ജീവിക്കുന്നത്. നിഷ്കളങ്ക ജീവിതങ്ങൾ നിഷ്കരുണം തകർക്കപ്പെടുന്നു. ഏറ്റുപറയുന്നതു കൊണ്ടുമാത്രം തീരുന്നതല്ല ഈ പാപത്തിന്റെ കറ എന്ന് കൊല ചെയ്യുന്നവരും അതിനു പ്രേരണ നൽകുന്നവരും മനസ്സിലാക്കേണ്ടതാണ്. കൊലപാതകം വളരെ കിരാതമായ ഒരു പാപമാണ്. മരണശിക്ഷയായിരുന്നു ആ പാപത്തിന് പഴയ നിയമത്തിൽ നിശ്ചയിച്ചിരിക്കുന്ന ശിക്ഷ. ജീവനെ അതിന്റെ ഏതു ഘട്ടത്തിലും ജീവനായി കരുതി ആദരിപ്പാനും പരിരക്ഷിപ്പാനുമുള്ള ഉത്തരവാദിത്വം ഗൗരവമാർന്നതാണ്. ശിശുഹത്യയും ഗർഭസ്ഥശിശുഹത്യയും കൊലപാതകം തന്നെ. ഭൂമുഖത്തുള്ള സൃഷ്ടിയിന്മേൽ മനുഷ്യന് അധികാരം നൽകിയ ദൈവം ഈ കർത്തവ്യ നിർവ്വഹണം മനുഷ്യനിൽനിന്നും പ്രതീക്ഷിക്കുന്നു.

2). മറ്റുള്ളവരെ സമൂഹമദ്ധ്യേ താഴ്ത്തി കെട്ടുകയോ കരിതേച്ചു കാണിക്കുകയോ ചെയ്യുന്നത് കൊലപാതകം പോലെ തന്നെ പാപമാണെന്ന് കർത്താവ് പഠിപ്പിച്ചു. സഹോദരനോട് നിസാര എന്നു പറഞ്ഞാലോ ന്യായവിധിസഭയുടെ മുന്നിൽ

നിൽക്കേണ്ടിവരും. മൂഢാ എന്നു പറഞ്ഞാലോ അഗ്നി നരകത്തിനു യോഗ്യനാകും, സഹോദരങ്ങൾ തമ്മിലുള്ള വഴക്കുകൾക്ക് ഒരു പരിധിവരെ മാതാപിതാക്കൾക്ക് പങ്കുണ്ട്. റബേക്ക യാക്കോബിനോടും ഇസഹാക്ക് ഏശാവിനോടും പ്രദർശിപ്പിച്ച വിഭിന്ന നിലപാടുകൾ ഒരുവനിൽ പകയുടെയും വിദ്വേഷത്തിന്റെയും അപരനിൽ ഭയത്തിന്റെയും വിത്തു പാകുവാൻ ഉപോൽബലമാകുന്നു. എല്ലാവരേയും ക്രിസ്തുവിൽ സമന്മാരായി കാണുവാൻ കഴിയണം. വാക്കിലൂടെയും മനോഭാവത്തിലൂടെയും അത് കരഗതമാക്കാം. മറ്റുള്ളവരുടെ വ്യക്തിത്വത്തിന് ഹാനി ഉണ്ടാക്കാതെ ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കാൻ ശ്രമിക്കണം.

3. ആകയാൽ നിന്റെ വഴിപാട് യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരന് നിന്റെ നേരെ വല്ലതും ഉണ്ടെന്ന് അവിടെ വച്ച് ഓർമ്മ വന്നാൽ നിന്റെ വഴിപാട് യാഗപീഠത്തിന്റെ മുമ്പിൽ വച്ചിട്ട് ആദ്യം സഹോദരനോട് നിരന്നുകൊൾക (ഏഫേ.4:32) അന്യോന്യം ക്ഷമിപ്പീൻ. സഹവർത്തിത്വത്തിന്റെ ആദ്യനീക്കം നമ്മുടെ ഭാഗത്തുനിന്നാകട്ടെ. ആദ്യം നീ നിരന്നുകൊൾക. ക്ഷമ എന്ന ദാനത്തിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുക ക്ഷമിച്ചതിനുശേഷം പ്രാർത്ഥിക്കുക അപ്പോൾ ദൈവം കേൾക്കും, ഉത്തരം നൽകും.

## കൂദേശ് ഈത്തോ ഞായർ

കൈസര്യാ ഫിലിപ്പി എന്ന പ്രദേശത്ത് 14 ക്ഷേത്രങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്ന സ്ഥലത്ത് ക്ഷേത്രങ്ങളിലെ ദേവന്മാരെ നോക്കിക്കൊണ്ട് നമ്മുടെ കർത്താവ് ചോദിച്ചു. ഞാൻ ആരാണെന്നു ജനം പറയുന്നു എന്ന്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു പത്രോസ് ഏറ്റു പറയുന്നു. ക്രിസ്തു" എന്ന വാക്കിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. യിസ്രായേൽ ജനം കാത്തിരുന്ന വാഗ്ദത്ത മിശിഹായാണ് യേശു എന്നു പത്രോസ് സമർത്ഥിക്കുന്നു. പെന്തിക്കോസ്തു നാളിൽ തന്റെ പ്രസംഗത്തിൽ പത്രോസ് ഈ കാര്യം പരസ്യമായി പ്രസ്ഥാവിച്ചു. മാനവരാശിയുടെ പാപപരിഹാരത്തിനായി ദൈവം തുറന്ന വഴിയാണ് ക്രിസ്തു. തന്റെ ലേഖനത്തിൽ നമ്മുടെ രക്ഷിതാവായ യേശുക്രിസ്തു എന്നും ദൈവമാണ്, യേശു കർത്താവാണ് എന്നെല്ലാം സാക്ഷിക്കുന്നു. യേശുക്രിസ്തുവിന്റെ നീതിയാൽ മുമ്പിലത്തെ പാപങ്ങളിൽനിന്നും ശുദ്ധീകരണം പ്രാപിച്ചു എന്ന് പത്രോസ് പറയുന്നു. വി.പൗലോസ് എഫേസ്യലേഖനത്തിൽ ഈ ലോകത്തിന്റെ കാലഗതി അനുസരിച്ച് ആകാശത്തിലെ അധികാരത്തേയും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനേയും അനുസരിച്ചു നടന്നു. ദൈവം നമ്മേ സ്നേഹിച്ച് കൃപയാൽ രക്ഷപ്പെടുത്തി സ്വർഗ്ഗത്തിലാക്കിയിരിക്കുന്നു. "നീ പത്രോസ് ആകുന്നു. ഈ പാറമേൽ ഞാൻ സഭയെ പണിയും എന്നു പറഞ്ഞു." പഴയ നിയമത്തിൽ ദൈവത്തെ പാറയായി പറഞ്ഞിരിക്കുന്നു. ആവർ. 32–ാം അദ്ധ്യായത്തിൽ നമ്മേ ജനിപ്പിക്കുന്ന പാറ, രക്ഷയുടെ പാറ, ശരണം നൽകും പാറ, ശാശ്വതമായ പാറ, വീണ്ടെടുക്കുന്ന പാറ എന്നീ നിലകളിൽ ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നു. 1.കൊരി. 10:4ൽ പൗലോസ് പറയുന്നു. ആ പാറ ക്രിസ്തുവാ കുന്നു എന്ന്. പാറയാകുന്ന പത്രോസ് 2:4ൽ പറയുന്നു. മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീക ഗൃഹമായി യേശു മുഖാന്തിരം പണിയപ്പെടുന്ന കല്ലുകളായി നമുക്ക് രൂപാന്തരപ്പെടാം.

സത്യ ദൈവത്തെ അല്ലാതെ ഒന്നിനേയും വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യരുത്. അന്യദൈവത്തെ ആരാധിക്കുന്നവർ അവന്റെ തുല്യമായ ദുഷ്ട സ്വഭാവത്തിന് അടിമയാകുന്നു. സത്യദൈവത്തെ ആരാധിക്കുന്നവൻ അവന്റെ സൽഗുണങ്ങൾ ഉള്ളവരായി തീരുന്നു. ഇന്ന് ക്രിസ്തീയ സഭയിലെ പണ്ഡിതന്മാർ ദൈവ ഭക്തിയുടെയും, പരിജ്ഞാനത്തിന്റെ താഴ്മയുടെയും മാർഗ്ഗംവിട്ട് അഹങ്കാരത്തിന്റെയും ദുരഭിമാനത്തിന്റെയും വഴിയായ ദൈവ വചനത്തെ കോട്ടിക്കളഞ്ഞ് ഈ ലോകത്തിന്റെയും സ്വയാശ്രയത്തിന്റെയും തർക്ക സൂത്രങ്ങളുടെയും വാക്താക്കളായി തീർന്നിരിക്കുമ്പോൾ മഹാദൈവം തന്റെ ദാസന്മാരെ പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ഹൃദയം നിറഞ്ഞവരാക്കുകയാണ് ചെയ്തത്. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ വില കുറഞ്ഞ രാഷ്ട്രീയ കസർത്തുകളോ അധര വ്യായാമ മന്ത്രങ്ങളോ അല്ലായിരുന്നു. പാവങ്ങളെക്കുറിച്ച് മുതല കണ്ണീർ പൊഴിക്കുന്ന പ്രസംഗകരെ നമുക്ക് സുപരിചിതമാണ്. കാറൽ മാക്സും Federic Engels ഉം ഈ രംഗത്തു ആദർശ ധീരരായിരുന്നു. പിന്നീടുള്ളവരാരും പ്രശംസക്കു അർഹതയുള്ളവരല്ല. അവർ സാധുക്കളെ ചൂഷണം ചെയ്തു ജീവിക്കുന്നവരാണ്. അങ്ങനെ ഉള്ളവർക്ക് Socialism പ്രസംഗിക്കുവാൻ അർഹതയില്ല. ക്രിസ്തു യഥാർത്ഥ സോഷ്യലിസ്റ്റ് ആയിരുന്നു. അവനെ അനുകരിക്കുവാൻ ബദ്ധപ്പെടുകയാണ്. അവർ ആ പരിശ്രമത്തിൽ പരാജയപ്പെട്ടു. സ്വാർത്ഥതയും അധികാരമോഹവും, നേതൃത്വത്തിനുള്ള കൊതിയും അതു കൈവശമാക്കുവാൻ ഏതു ഹീനമാർഗ്ഗവും ഉപയോഗിക്കുവാനുള്ള തന്ത്രവും ഇരട്ടത്താപ്പു നയങ്ങളും പൊയ്മുഖങ്ങളും ഉള്ള നേതാക്കന്മാർക്ക് പലപ്പോഴും യേശുവിനെ വിട്ടു വഴി മാറി പോകേണ്ടിവരും. യേശുവിനോടൊപ്പം മുമ്പോട്ടു പോകുന്നതിന് പ്രതിബന്ധം സൃഷ്ടിക്കുന്ന സ്വന്തം അയോഗ്യതകളോടു യാത്ര പറയേണ്ടത് അത്യാവശ്യമാണ്. എന്നാൽ നാം പലപ്പോഴും അതിനു പകരം ക്രിസ്തുവിനെ ഉപേക്ഷിച്ചു രക്ഷപെടുകയാണ്.

## ഹൂദോസ് ഈത്തോ ഞായർ

ദൈവത്തിന്റെ പുത്രനായി ക്രിസ്തുവിനെ അവതരിപ്പിച്ചു എങ്കിൽ ഇന്ന് സ്ത്രീയുടെ സന്തതിയായി സ്വർഗ്ഗത്തിലെ സകല മഹിമകളേയും വെടിഞ്ഞ് ദരിദ്രനായി തീർന്ന ക്രിസ്തുവിനെ അത്രേ വെളിപ്പെടുത്തുന്നത്. യേശു ലോകത്തിൽ ആഗതനായത് മൗലികമായ ഉദ്യേശങ്ങളോടെയാണ്. മനുഷ്യനെ സമഗ്രമായി ഉദ്ധരിക്കുവാനും, അവന് മഹത്വത്തോടെ ജീവിക്കുവാനും ഉതകുന്ന മാർഗ്ഗങ്ങളാണ് യേശു അവതരിപ്പിച്ചത്. ഈ മഹത്വം വെറും ഭൗതീകമല്ല. അതേ സമയം മുഴുവനായും അദ്ധ്യാത്മീകവുമല്ല. പട്ടിണിയും രോഗവും പാപവും തിരസ്ക്കരണവും, ചേരിതിരിവും ഒക്കെ അതിൽപ്പെടും. എല്ലാവരിലും ദൈവത്തിന്റെ സാദൃശ്യം ഉണ്ട്. അക്കാരണത്താൽ എല്ലാവരും ദൈവത്തിന്റെ മക്കളാണ്. സവർണ്ണനെന്നും അവർണ്ണനെന്നും ജാതിമത വ്യത്യാസം ദൈവത്തിനില്ല. ഈ വസ്തുത വ്യക്തമാക്കുന്ന സമീപനമായിരുന്നു യേശുക്രിസ്തുവിന്റേത്. പാപികളും ചുങ്കക്കാരുമൊത്ത് വസിക്കുവാനും അവരോടൊത്ത് തിന്നുവാനും കുടിക്കുവാനും അവിടുന്നു തയ്യാറായി അതിനെതിരായ ആരോപണങ്ങൾ യേശു ഖണ്ഡിച്ചു. യേശു പ്രവാചകനും, വിപ്ലവകാരിയും സാമൂഹ്യപരിഷ്കർത്താവും രാഷ്ട്ര പുനർനിർമ്മാണ ശില്പിയും വിമോചകനുമായിരുന്നു. ഈ ക്രിസ്തു

വിന്റെ കർത്തൃത്വം പ്രായോഗിക ജീവിത്തിൽ പൂർണ്ണമായും നൽകിയിട്ടുണ്ടോ എന്ന് വിശ്വാസികളായ നാം ആത്മ പരിശോധന ചെയ്യേണ്ടതാണ്. അവനെ അനുകരിക്കുവാൻ ആഗ്രഹിക്കുന്നവർ അവന്റെ നിസ്തുല്യ വ്യക്തിത്വത്തെക്കുറിച്ച് പഠിക്കണം. എത്ര നാളുകൾ പഠിച്ചാലും കൊതി തീരാത്ത വിഷയമാണ് ക്രിസ്തുവിന്റെ നിസ്തുല്യത. അവൻ നമുക്കുവേണ്ടി ദരിദ്രനായി തീർന്നു. അവന്റെ ജനനം മുതൽ മരണംവരെ ദരിദ്രനായിരുന്നു. ജനനം വഴിയമ്പലത്തിൽ, പിന്നീട് പശുതൊട്ടിയിൽ കിടത്തി. മാതാപിതാക്കൾ ദരിദ്രരായിരുന്നു. ആട്ടിൻ കുട്ടിക്കു പകരം പ്രാകുഞ്ഞുങ്ങളെ ആണ് കാഴ്ചവച്ചത് സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ചു. വലിയ വിദ്യാഭ്യാസം ഇല്ലായിരുന്നു എങ്കിലും അവന്റെ പ്രസംഗങ്ങൾ വലിയ തത്വങ്ങൾ ആയിരുന്നു. ജ്ഞാനികളിൽ ജ്ഞാനിയായി അവൻ പഠിപ്പിച്ചു. അവൻ പാപത്തെ വെറുത്തു. പാപിയെ സ്നേഹിച്ചു ചുങ്കക്കാരും പാപികളും ദീനക്കാരും മുക്കുവരും അവന്റെ പുറകിൽ നിരന്നു. അവൻ അവരോടു കൂടെ ജീവിച്ചു. ക്രിസ്തുവിനു വീടില്ലായിരുന്നു. അവന്റെ ശിഷ്യന്മാർ ധനികരായിരുന്നുവെങ്കിലും എല്ലാം ഉപേക്ഷിച്ചു ക്രിസ്തുവിനെ അനുഗമിച്ചു. ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ" ഇതാണ് ശിഷ്യത്വത്തിന്റെ അർഹത. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമേ എന്റെ അടുക്കൽ വരുവീൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം അവന്റെ സന്ദേശംപോലെ തന്നെ ജീവിച്ചു കാണിച്ചു. അവൻ വിശപ്പുള്ളവരെ സമ്പന്നനാക്കുന്നവനാണ്. ആകയാൽ നമുക്കുവേണ്ടി മരിച്ച് നമ്മേ ചേർപ്പാൻ വേഗം വരാം എന്നു പറഞ്ഞ കർത്താവ് മദ്ധ്യാകാശത്തിൽ വെളിപ്പെടുവാൻ ഇനിയും അധിക കാലം ഇല്ലാത്തതിനാൽ നമുക്ക് ഒരുക്കമുള്ളവരായി അവനെ എതിരേല്പാൻ ഒരുങ്ങി നിൽക്കാം.കറ, ചുളുക്കം, വാട്ടം, മാലിന്യം ഇല്ലാത്തവർക്ക് മാത്രമേ അവനോടുകൂടെ അവകാശം ലഭിക്കുകയുള്ളു. അതുകൊണ്ട് യേശുവിനെ കർത്താവെന്നു നീ വിളിക്കുന്നത് വാസ്തവമാണെങ്കിൽ അവൻ പറയുന്നതുപോലെ ചെയ്യണം. ക്രിസ്തുവിൽ നിന്റെ സഹോദരനോട് ഭിന്നിച്ചും അവനെ ഭിന്നിപ്പിച്ചും ഞായറാഴ്ച നീ ആരാധിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. ആയതിനാൽ സഭയുടെ പ്രതിഷ്ഠയുടെ ഈ ദിവസം നമുക്ക് നമ്മേതന്നെ ദൈവത്തിനു പ്രതിഷ്ഠിക്കാം.

●

# Rise of Water And Sins

**Alan Raj Manimalparayil**

Water, the elixes of life
Now doorway to death
Crumbling lives cousning hearts..
Why with us?
The sin had risen beyond limits
Those teaching the scriptures
had forgotten the commandments...
Some thing forgotten by Noah
Once again remembered by
descendents in God's land

The arrogant eyes looking to heaven
the stonehearted craving forgiveness
promise, no one would be left until
paid for every deed.

Prayers looking for answers,
seek your deeds you will find it there
It is the beginning
for who has to come will come
Before it nation against nation
Nature against mankind.

# ബൈബിൾ ക്വിസ് സമ്മാനാർഹരായവർ



*ക്നാനായ ദീപം കഴിഞ്ഞ രണ്ടുവർഷങ്ങളിലായി നടത്തിയ ക്വിസ് മത്സരത്തിൽ സമ്മാനാർഹരായ എഫ്രി റോബി പാലക്കുടിയിൽ, അൽബി റോബി പാലക്കുടിയിൽ, അബിൻ റോബി പാലക്കുടിയിൽ എന്നിവർക്ക് സെപ്തംബർ 28 ന് ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽവച്ച് സമ്മാനങ്ങൾ നൽകുകയുണ്ടായി.*

# മാമ്മോദീസാ

ലീലാമ്മ ഏബ്രഹാം, പാലക്കുടിയിൽ, കുഴിമറ്റം

മാമ്മോദീസാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം കുളി, കഴുകൽ, ശുദ്ധിയാക്കുക, മുങ്ങൽ, സ്നാനം എന്നൊക്കെയാണ്. ഇതിന് ഉപയോഗിക്കുന്ന പദാർത്ഥം വെള്ളമാണ്. ഇന്നത്തെപോലെയല്ലെങ്കിലും പഴയ നിയമകാലത്തും ഈ കഴുകൽ പലയിടത്തും കാണുന്നുണ്ട്. യഹൂദന്മാർ ദൈവാലയങ്ങളിലും ഭവനങ്ങളിലും കയറുന്നതിനു മുമ്പ് കൈകാലുകളും മുഖവും കഴുകി ശുദ്ധി വരുത്തിയിരുന്നു. അബ്രഹാമും ലോത്തും ദൈവദൂതന്മാരെ കാലുകൾ കഴുകി സ്വീകരിക്കുന്നതായി ഉല്പത്തി. 17,19 അദ്ധ്യായങ്ങളിൽ കാണുന്നു. യെഹൂദന്മാർ ശുദ്ധീകരണത്തിനു വെള്ളം നിറയ്ക്കുന്ന കൽഭരണികളിലാണല്ലോ യേശു വീഞ്ഞാക്കിയ വെള്ളം നിറച്ചതും.

ക്രിസ്തീയ സഭയുടെ തുടക്കം യഹൂദമതത്തിൽനിന്നാണ്. ദൈവവും അബ്രഹാമുമായി ചെയ്ത ഉടമ്പടി ബന്ധത്തിൽ പ്രവേശിക്കുന്നതിനുള്ള ബാഹ്യ അടയാളമായി ദൈവം നൽകിയ പരിച്ഛേദന കർമ്മം അബ്രഹാം 99 വയസ്സിലും യിശ്മയേൽ 13 വയസ്സിലും യിസഹാക്ക് 8–ാം ദിവസം പരിച്ഛേദ ഏല്ക്കണമെന്നും ദൈവത്തിന്റെ നിയമം ആയിരുന്നു. ഉല്പ. 17:13. അതുപോലെ വിജാതിയർ യഹൂദമതത്തിലേക്ക് വരുമ്പോൾ സ്നാനം ആവശ്യമായിരുന്നു. പഴയ നിയമത്തിൽ ജഡത്തിന്റെ അഴുക്കു കളയാൻ ഉപയോഗിച്ചിരുന്നുവെങ്കിൽ പുതിയ നിയമത്തിൽ യേശുവിന്റെ പുനരുത്ഥാനത്തോട് ഐക്യപ്പെടുവാൻ ഉപയോഗിക്കുന്നു. സൃഷ്ടികർമ്മത്തിൽ വെള്ളത്തിന്മീതെ ആത്മാവ് പരിവർത്തിച്ചുവെന്ന് ഉല്പത്തിയിൽക്കണ്ടതുപോലെ മാമ്മോദീസായിലും പുരോഹിതൻ കുരിശടയാളത്തിൽ ഊതുമ്പോൾ വെള്ളത്തിന്മേൽ ആത്മാവ് പരിവർത്തിക്കുന്നു. യിസ്രായേൽ ജനം ചെങ്കടൽ കടന്നതും നോഹയുടെ പെട്ടകവും സ്നാനത്തിന്റെ മുൻകുറിയാണ്, പാപപങ്കിലമായ ഭൂമിയെ ജലപ്രളയത്താൽ കഴുകി വിശുദ്ധീകരിച്ചു. യേശു യോർദ്ദാനിൽ ഇറങ്ങിയതോടെ നാശഹേതുവായ വെള്ളം ജീവഹേതുവായിത്തീർന്നു.

### എന്തിനാണ് സ്നാനം ഏല്ക്കുന്നത്

വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല എന്ന് യേശു നിക്കോദീമോസിനോടു പറഞ്ഞു. (യോഹന്നാൻ 3:5) യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കാളികളാകുവാനാണ് മാമ്മോദീസാ ഏല്ക്കുന്നത്. മാമ്മോദീസാ തൊട്ടിയിൽ ഇറങ്ങുമ്പോൾ യേശുവിനോടുകൂടെ സംസ്ക്കരിക്കപ്പെടുകയും (റോമർ. 6:6) മാമ്മോദീസാ തൊട്ടിയിൽനിന്നും കയറുമ്പോൾ യേശുവിനോടുകൂടെ ഉയിർക്കുകയും ചെയ്യുന്നു. യേശു ഒരിക്കൽ മാത്രം മരിച്ചുയിർത്തതുപോലെ മനുഷ്യനും ശാരീരിക മരണം ഒരിക്കൽ മാത്രം (എബ്രാ 9:27). മാമ്മോദീസായിൽ പടിഞ്ഞാറോട്ടു തിരിഞ്ഞു സാത്താനെ ഉപേക്ഷിക്കുകയും കിഴക്കോട്ട് തിരിഞ്ഞ് മശിഹായെ സ്വീകരിക്കുകയും ചെയ്യുന്നു.

### പരിശുദ്ധാത്മസ്നാനം അഥവാ ത്രിത്വസ്നാനം ഉണ്ടായത് എന്ന്

പെന്തിക്കോസ്തിയിലാണല്ലോ പരിശുദ്ധ സ്നാനം ആരംഭിച്ചത്. അതിനു മുമ്പ് യോഹന്നാൻ നടത്തിയിരുന്നത് മാനസാന്തര സ്നാനം മാത്രമായിരുന്നു. യേശു സ്വർഗ്ഗാരോഹണം ചെയ്ത സമയത്ത് അപ്പസ്തോലന്മാരോട് ഇപ്രകാരം പറഞ്ഞു. നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങി പോകാതെ പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം. യോഹന്നാൻ വെള്ളംകൊണ്ട് സ്നാനം കഴിപ്പിച്ചു നിങ്ങൾക്കോ ഏറെ നാൾ കഴിയുംമുമ്പേ പരിശുദ്ധാത്മസ്നാനം ലഭിക്കും എന്നു കല്പിച്ചു അപ്പോ.1:4–5. അങ്ങനെ അപ്പസ്തോലന്മാർ യേശുവിന്റെ അമ്മയായ മറിയയോടു ചേർന്ന് 120 പേരടങ്ങുന്ന സംഘം സെഹിയോൻ മാളികയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവരുടെ മേൽ അഗ്നിനാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങിവന്നു. അന്നു തന്നെ 3000 പേർ വിശ്വസിച്ചു സ്നാനം ഏറ്റതായി അപ്പോ.പ്ര. 2:42ൽ കാണുന്നു.

### സുറിയാനിസഭ ശൈശവ പ്രായത്തിൽ തന്നെ സ്നാനപ്പെടുത്തുന്നു: കാരണം

വിശ്വസിച്ചു സ്നാനപ്പെട്ടവർ വിശുദ്ധരാണ് അവരുടെ മക്കളെ വിശ്വാസം ഏറ്റു പറയാതെ തന്നെ സ്നാനപ്പെടുത്താം. 1.കൊരി.7:14 ൽ പൗലോസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖാന്തിരം വിശുദ്ധീകരിക്കപ്പെടും. അവിശ്വാസിയായ ഭാര്യ സഹോദരൻ മൂലം വിശുദ്ധീകരിക്കപ്പെടും അവരുടെ മക്കൾ വിശുദ്ധന്മാർ ആയിത്തീരും. എങ്കിൽ വിശ്വാസികളായ ഭാര്യ ഭർത്താക്കന്മാർക്ക് ജനിക്കുന്ന കുഞ്ഞുങ്ങൾ അതിവിശുദ്ധർ എന്നു വേണ്ടേ പറയാൻ. ഈ വിശുദ്ധരായ കുഞ്ഞുങ്ങൾക്ക് ചെറുപ്രായത്തിൽതന്നെ സ്നാനം ഏല്ക്കുന്നതിന് തടസ്സം എന്ത്?. പാപമോചനത്തിന് മാമ്മോദീസാ ഒരിക്കൽ മാത്രം എന്ന് വിശ്വാസ പ്രമാണത്തിൽകൂടി ദിവസവും നാം ഏറ്റു പറയുന്നുണ്ടല്ലോ. തല തൊടുന്നവർ വിശ്വാസം ഏറ്റു പറഞ്ഞാൽ മതി. വീണ്ടും വരുന്ന പാപം കുമ്പസാരത്തിലൂടെയും വി. കുർബ്ബാന അനുഭവത്തിലൂടെയും മോചിക്കപ്പെടും.

### പാപം മോചിക്കാനും സ്നാനം നല്കാനുമുള്ള അധികാരം ഉള്ളത് ആർക്ക്

കൈവെയ്പ്പുള്ള പുരോഹിതന്മാർക്കാണ് ഇതിനുള്ള അധികാരം. ആദ്യത്തെ പാത്രിയർക്കീസായ പത്രോസിനും ശേഷം അപ്പസ്തോലന്മാർക്കും യേശുവാണ് ഈ അധികാരം നൽകിയത്. മത്താ. 28:16. അത് പിൻതുടർച്ചയായി കൈമാറിക്കൊണ്ടിരിക്കുന്നു. 2–ാ മത്തെ വരവു വരെ തുടരുകതന്നെ ചെയ്യും. യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റാൽ മാത്രം പരിശുദ്ധാത്മാവിനെ ലഭിക്കുകയില്ല. കൈവയ്പുള്ള പട്ടക്കാർ തലയിൽ കൈവച്ചാലെ പരിശുദ്ധാത്മ അഭിഷേകം ലഭിക്കുകയുള്ളു എന്ന് അപ്പോ.പ്ര. 8:16,അപ്പോ. 19:1–6 ഉം കാണുന്നു. ശമര്യർ യേശുവിന്റെ നാമത്തിൽ സ്നാനം ഏറ്റു എങ്കിലും പത്രോസും യോഹന്നാനും കൈവച്ചപ്പോഴാണ് പരിശുദ്ധാത്മാവ് ലഭിച്ചത്. ഇന്ന് ചെറുപ്രായത്തിൽ സ്നാനം ഏറ്റാൽ പോരാ മുതിർന്ന സ്നാനം ഏല്ക്കണം, വിശ്വസിച്ചു സ്നാനം ഏല്ക്കണം അതാണ് യേശു കാണിച്ചു തന്ന മാതൃക എന്നു പറഞ്ഞ് നമ്മെ തെറ്റിക്കുന്ന അനേകരുണ്ട് അവരോടു പറയാനുള്ള മറുപടി.

### യേശു സ്നാനം ഏറ്റതെന്തിന്

യേശുവിന് പാപം വല്ലതും മോചിക്കാനുണ്ടായിരുന്നോ? പാപം കൂടാതെ മനുഷ്യനായി ജനിച്ചവൻ യേശു മാത്രം. യേശു സ്നാനം ഏറ്റതിന് 2 കാരണങ്ങൾ ഉണ്ട്.

1. യേശു ദൈവമാണെന്ന് യെഹൂദന്മാർ വിശ്വസിക്കുന്നില്ല. അവരെ വിശ്വസിപ്പിക്കാണ് യേശു സ്നാനപ്പെട്ടത്. സ്നാനസമയത്ത് സ്വർഗ്ഗം തുറന്നു പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങി വന്നു "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് പിതാവ് പറയുന്നത് കേട്ടു.

2. ന്യായപ്രമാണം അനുസരിച്ച് യഹൂദന്മാർ പൗരോഹിത്യം ആരംഭിക്കുന്നത് 30 വയസ്സിൽ ആയിരുന്നു. യേശു യഹൂദ നിയമമനുസരിച്ചാണല്ലോ ജീവിച്ചിരുന്നത്. ഇതാണ് മത്താ.3:15ൽ കാണുന്നത്. ഇതിനുശേഷം 40 ദിവസത്തെ ഉപവാസം കഴിഞ്ഞു യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുകയായിരുന്നല്ലോ.

യേശു ആരോടെങ്കിലും 30 വയസ്സിൽ സ്നാനപ്പെടണമെന്നോ അത് പുഴയിലും കുളത്തിലും വേണമെന്നോ പറഞ്ഞോ? എന്നാൽ യേശു കാണിച്ചുതന്ന മാതൃക എന്താണ്. തന്നെ ഏല്പിച്ചു കൊടുക്കുന്നതിന്റെ തലേ രാത്രിയിൽ അപ്പവും വീഞ്ഞും വാഴ്ത്തി ഇതെന്റെ ശരീരം, ഇതെന്റെ രക്തം നിങ്ങൾ ഇതു വാങ്ങി ഭക്ഷിക്കുവീൻ എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവീൻ എന്നു പറഞ്ഞു കാണിച്ചു തന്നു. ഇതാരും ചെയ്യുന്നില്ല. 1.കൊരി 11:24. ഇവർക്ക് സ്നാനപ്പെടുത്തുവാനുള്ള അധികാരം എവിടെനിന്നു ലഭിച്ചു. മർക്കോ. 16:16 ൽ വിശ്വസിച്ചു സ്നാനം ഏല്ക്കണം എന്ന വചനം പറഞ്ഞാണ് ഇക്കൂട്ടർ നടക്കുന്നത്. യേശുവിനെ അറിയാൻ പാടില്ലാത്ത ജാതികളെ ഉദ്ദേശിച്ചാണ് ഇതു പറഞ്ഞിരിക്കുന്നത്. അവരാണ് യേശുവിനെ അറിഞ്ഞ് സ്നാനം ഏൽക്കേണ്ടത്. അക്രൈസ്തവർ സഭയിൽ ചേരുന്നത് അങ്ങനെയാണല്ലോ

## ആദ്യമായി ജാതികളിൽ നിന്ന് ക്രിസ്ത്യാനികൾ ആയവർ

1. കൊർന്നൊല്യോസും കുടുംബവും (അപ്പൊ. 10:24). 2. ലുദിയായും കുടുംബവും (അപ്പ. 16:15) 3. കാരാഗ്രഹ പ്രമാണിയും കുടുംബവും (അപ്പൊ. 16:31) 4. പള്ളിപ്രമാണിയായ ക്രിസ്പ്പോസും കുടുംബവും (അപ്പൊ. 18:8) ഇവരുടെയൊക്കെ കുടുംബമാണ് സ്നാനം ഏറ്റത്. അപ്പോൾ ആ കുടുംബങ്ങളിൽ കുഞ്ഞുങ്ങൾ ഇല്ലായിരുന്നോ എല്ലാവരും പ്രായപൂർത്തിയായവർ മാത്രമാണോ?.

പരിശുദ്ധാത്മാവ് നിറയുന്നതിന് പ്രായപരിധിയില്ല എന്ന് വേദപുസ്തകം തന്നെ സക്ഷിക്കുന്നു. യോഹന്നാൻ, ലൂക്കോ.1:44, യെശയ്യാവ്. 49:1, യിരമ്യാവ് 1:5 ശിംശോൻ ന്യായാധിപന്മാർ 12:5 എന്നിവർ മാതൃഗർഭത്തിൽവച്ചു തന്നെ പരിശുദ്ധാത്മാവ് നിറഞ്ഞവരാണ്. അതുകൊണ്ട് ചെറുപ്രായത്തിൽ സ്നാനം നല്കുന്നു. മശിഹായുടെ പരിമള വാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തീകരണവുമായി വി. മൂറോനാൽ നിത്യജീവനുവേണ്ടി പിതാവിന്റേയും പുത്രന്റേയും പ. റൂഹായുടേയും നാമത്തിൽ മുദ്ര കുത്തപ്പെടുന്നു എന്നു പറഞ്ഞ് ശരീരം മുഴുവൻ മൂറോനഭിഷേകം ചെയ്യുന്നു.

## വി. മാമ്മോദീസായുടെ ഫലങ്ങൾ

1. സഭയിലേക്കുള്ള പ്രവേശനം
2. പുത്രസ്വീകാര്യം
3. പരിശുദ്ധാത്മദാനം
4. പാപമോചനം
5. നിത്യജീവൻ

മാമ്മോദീസാ ഏല്ക്കാതെ ഒരു കുഞ്ഞു മരിയ്ക്കാൻ ഇടയായാൽ നിതൃത ലഭിക്കുമോ. ആദ്യത്തെ കൂദാശ ആയതുകൊണ്ട് ഒരു കുഞ്ഞ് മരണാവസ്ഥയിൽ ആയാൽ പട്ടക്കാരൻ ഇല്ലെങ്കിൽ ത്രിത്വ നാമത്തിൽ വീട്ടിലെ പ്രായമുള്ളവർ കുഞ്ഞിനു ഒരു പേരു പറഞ്ഞു വീട്ടു മാമ്മോദീസാ നൽകിയിരുന്നു. മാമോദീസായിലൂടെയാണല്ലോ സഭയുടെ അംഗം ആകുന്നത്. അതുകൊണ്ട് സുറിയാനിസഭ എത്രയും ചെറുപ്പത്തിൽതന്നെ മാമ്മോദീസാ നല്കുന്ന പതിവാണ് സ്വീകരിച്ചിരിക്കുന്നത്. മാമ്മോദീസായുടെ പ്രാധാന്യം എത്രമാത്രം ഉണ്ട് എന്ന് ഇതിൽ നിന്നെല്ലാം മനസിലാക്കാൻ സാധിക്കും.


**RESIDENTAL PLOTS FOR SALE CHINGAVANAM**

**1KM FROM M.C. Road, on Chingavanam - Paruthumpara Road 7 to 10 cent plots.**

***For Details Contact:***

**8075486075**

**No Brockers**



**NAZARETH ASRAMAM, OTHERA**
**Phone: 0469-2656416, 2657347**
**30.8.2018 to 25.09.2018**

**Donations**
Joice Jose Thoppil Kottayam 5000/-
Mitch Abraham Sharan Puthuparambil Ranni 2000/-
Reena Saji Chunkathil Eravellipara 2000/-

**Feast**
Sera mol Jission Poovathumparambil Thirumoola

**Fr.Andrews Kadappanagattu,**
**Secretary/Director**

# പ്രളയബാധിതർക്കൊപ്പം ക്നാനായ കോൺഗ്രസ്

അനീഷ് റ്റി.സി. തകിടിയിൽ

കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഭയാനകവും സമാനതകളില്ലാത്തതുമായ മഹാപ്രളയമായിരുന്നുവല്ലോ കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ നാം നേരിടേണ്ടിവന്നത്. കൊട്ടാരം മുതൽ കുടിലുകൾവരെ വെള്ളം കയറി മുങ്ങുകയുണ്ടായി. പള്ളികളും അമ്പലങ്ങളും മോസ്ക്കുകളും വെള്ളപൊക്കത്തിന്റെ പിടിയിൽ അകപ്പെട്ടു. ഉടുതുണിയുമായി അനേകർ പ്രാണഭയത്താൽ വീടുകളിൽനിന്നും കഴുത്തറ്റം വെള്ളത്തിലേക്ക് ഇറങ്ങി നീന്തി. ഇതിൽ ഹിന്ദുവെന്നോ, ക്രിസ്ത്യാനിയെന്നോ, കുറഞ്ഞ ജാതിക്കാരാണെന്നോ, കറുത്തവനെന്നോ, വെളുത്തവനെന്നോ, പണക്കാരനെന്നോ വ്യത്യാസം ഇല്ലായിരുന്നു. വീടും കൃഷിയും കന്നുകാലികളും, ഗ്രഹോപകരണങ്ങളും ഉൾപ്പെടെ സകലവും നഷ്ടപ്പെട്ടവരുടെ ദയനീയമുഖം മാത്രമായിരുന്നു എവിടെയും കാണുവാൻ സാധിച്ചത്. ദുരിതാശ്വാസ ക്യാമ്പുകളിലും ദുരന്തഭൂമിയിലും ഒരുപോലെ വേദന അനുഭവിച്ചവരുടെ മാനസികാവസ്ഥ നമ്മെ ഏവരെയും തളർത്തുന്നതാണ്. പാഠപുസ്തകങ്ങൾ ഉൾപ്പെടെയുള്ള പഠനസാമഗ്രികളും, സ്ക്കൂൾ യൂണിഫോമുകളും, വിദ്യാലയങ്ങളും വെള്ളം കവർന്നത് വിദ്യാർത്ഥി മനസ്സുകളിൽ വലിയ വേദനയും ഞെട്ടലും ഉണ്ടാക്കിയിട്ടുണ്ട്. കോടിക്കണക്കിനു രൂപയുടെ നാശനഷ്ടങ്ങൾ കേരളത്തെ പിടിച്ചുലക്കുമ്പോഴും പുനർനിർമ്മാണത്തിന്റെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ നമ്മെ തുറിച്ചുനോക്കുമ്പോഴും ചേർന്ന് നിൽക്കുവാനും, ചേർത്തു നിർത്തുവാനും ഉള്ള മലയാളികളുടെ മാനസികവിശാലത ഏറെ പ്രതീക്ഷകൾക്ക് വഴിതുറക്കുകയുണ്ടായി. ദുരന്തമുഖത്തുള്ള രക്ഷാപ്രവർത്തനങ്ങൾക്ക് ലോകത്തിന്തന്നെ കേരളം മാതൃകയാവുകയായിരുന്നു. സർക്കാർ സംവിധാനങ്ങളോടൊപ്പം സന്നദ്ധ സംഘടനകളും മത രാഷ്ട്രീയ സാമുദായിക സംഘടനകളും മാധ്യമങ്ങളും ദുരിശ്വാസ പ്രവർത്തനങ്ങളുടെ മുൻ നിരയിൽ ഉണ്ടായിരുന്നു. സൈനീകരുടെയും മത്സ്യതൊഴിലാളികളുടെയും ആയിരക്കണക്കിന് യുവാക്കളുടെയും സമയോചിതമായ ഇടപെടലുകൾ ദുരന്തത്തിന്റെ വ്യാപ്തികുറക്കുന്നതിന് നിർണ്ണായക പങ്ക് വഹിച്ചു.

## ക്നാനായ കോൺഗ്രസിന്റെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

ഈ നൂറ്റാണ്ടു കണ്ട ഈ തലമുറ അഭിമുഖീകരിച്ച കേരളത്തിലെ അനേകായിരങ്ങളെ ദുരിതക്കയത്തിലേക്ക് വീഴ്ത്തിയ നൂറ്റാണ്ടിന്റെ മഹാപ്രളയത്തിന്റെ കെടുതികളിൽനിന്നും ദുരിതബാധിതരായ നമ്മുടെ സഹജീവികളെ സഹായിക്കുവാനുള്ള കർമ്മ പദ്ധതിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഇറങ്ങി തിരിക്കുന്നതിനും സഹജീവികളുടെ പുനരധിവാസ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ രീതിയിൽ പങ്കാളിത്വം വഹിക്കുന്നതിനും ക്നാനായ കോൺഗ്രസ് കേന്ദ്ര, മേഖലാ, യൂണിറ്റ് കമ്മറ്റികൾക്ക് സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ ജൂലൈമാസം ആദ്യവാരത്തിൽ ഉണ്ടായ കാലവർഷക്കെടുതിമൂലം കുട്ടനാടിന്റെയും കോട്ടയത്തിന്റെ പടിഞ്ഞാറ് മേഖലകളിലും പൂർണ്ണമായും വെള്ളത്തിനടിയിൽ അകപ്പെട്ടുപോയ സാഹചര്യം ഉണ്ടാവുകയുണ്ടായി. ചങ്ങനാശ്ശേരി ആലപ്പുഴ റൂട്ടിൽ ഏകദേശം ഒരു മാസക്കാലത്തോളം ബസ് സർവ്വീസ് നിർത്തി വച്ചു എന്ന് കേൾക്കുമ്പോൾ തന്നെ വ്യക്തമാകും വെള്ളപൊക്കത്തിന്റെ തീവ്രത എത്രയായിരുന്നു. ഈ മേഖലകളിൽ താമസിക്കുന്നവർ എല്ലാം തന്നെ ദിവസ ജോലിക്കാരും, കൃഷിപണിക്കാരും, മത്സ്യബന്ധന തൊഴിലാളികളുമാണ്. ഒരു മാസത്തോളം വെള്ളപൊക്കത്തിന്റെ ഭീഷണിയിൽ അകപ്പെട്ടുപോയ ആ കുടുംബങ്ങളിൽ അടിയന്തിരമായി ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യുന്നതിന് ക്നാനായ കോൺഗ്രസിന് സാധിച്ചിട്ടുണ്ട്. വെളിയനാട്, കുന്നങ്കരി, രാമങ്കരി, മാമ്പുഴക്കരി, ഈര, കാവാലം ചെങ്ങളം തുടങ്ങിയ പ്രദേശങ്ങളിൽ നേരിട്ട് സന്ദർശിച്ച് വേണ്ടതായ സഹായങ്ങൾ ചെയ്യുന്നതിന് ക്നാനായ സമുദായമെത്രാപ്പോലീത്ത അഭി. സേവേറിയോസ് തിരുമേനിയും ക്നാനായ കോൺഗ്രസ് കേന്ദ്ര പ്രസിഡന്റ് ജേക്കബ് കല്ലുകുളം അച്ചനും ജെ.സെക്ര. റോയി പാവുക്കരയും വെളിയനാട് പഞ്ചായത്ത് പ്രസിഡന്റ് സാബു തോട്ടുങ്കലും മറ്റു കേന്ദ്ര ഭാരവാഹികളും നേതൃത്വം നൽകുകയുണ്ടായി. ഈ സഹായഹസ്തത്തിൽ ക്നാനായ കോൺഗ്രസിനോട് സഹകരിച്ച എല്ലാ മാന്യവ്യക്തികളോടും നന്ദി അറിയിക്കുന്നു.

പിന്നീട് ഓഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രിയിൽ പമ്പയാറ് കരകവിഞ്ഞൊഴുകി റാന്നി വെള്ളത്തിൽ മുങ്ങിപ്പോയെന്ന വേദന ഉളവാക്കുന്ന വാർത്തയാണ് വിവിധ ഭാഗങ്ങളിലും കുട്ടനാടിന്റെ വിവിധ പ്രദേശങ്ങളിലും കേരളത്തിന്റെ മറ്റു പല ജില്ലകളിലും ഒരേ സമയം പ്രളയ ദുരന്തത്തിൽ അകപ്പെട്ടുപോയ വാർത്തയാണ് നാം കേൾക്കുന്നത്. രണ്ടാഴ്ചക്കാലം ഈ പ്രദേശങ്ങളിൽ വൈദ്യുതിബന്ധം ഇല്ലാതാവുകയും യാത്രാ സംവിധാനങ്ങൾ നിശ്ചലമാവുകയും ചെയ്തപ്പോൾ ദുരന്തത്തിന്റെ വ്യാപ്തി കൂടുന്നതായി കേരളം തിരിച്ചറിഞ്ഞു. ഓഗസ്റ്റ് 17-ാം തീയതി മുതൽ തുടർച്ചയായിട്ടുള്ള ദിവസങ്ങളിൽ ചിങ്ങവനത്തുനിന്നും ടോറസ് ലോറിയിൽ പ്രളയദുരിതബാധിത പ്രദേശങ്ങളിലേക്ക് ഭക്ഷണ സാധനങ്ങളുമായി പോകുന്നതിനും പ്രളയത്തിൽ അകപ്പെട്ടുപോയ അനേക കുടുംബങ്ങളെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് കൊണ്ടു ചെന്ന് ആക്കുന്നതിനു നമുക്ക് സാധിക്കുകയുണ്ടായി. പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, ഭക്ഷണപദാർത്ഥങ്ങൾ , കുടിവെള്ളം, നിത്യോപയോഗ സാധനങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, പാൽ, കുട്ടികളുടെ ആഹാര പദാർത്ഥങ്ങൾ, മരുന്നുകൾ, വസ്ത്രങ്ങൾ തുടങ്ങിയവ നൽകുന്നതിന് പ്രഥമ പരിഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നാനാജാതി മതസ്ഥരായ അനേകർക്ക് ആശ്വാസകരമായിരുന്നു. ഒരാൾ പൊക്കത്തിൽ വെള്ളം മുങ്ങി

ക്കിടന്ന തിരുവല്ല, ചെങ്ങന്നൂർ റോഡിൽകൂടി വഴിയും പുഴയും തിരിച്ചറിയാൻ മേലാത്ത സാഹചര്യത്തിൽ രക്ഷാ പ്രവർത്തനത്തിനുവേണ്ടി ടോറസ് ലോറി വിട്ടുതന്ന ചിങ്ങവ നത്തെ കൺസോഗ്രൂപ്പിനോടുള്ള നന്ദി പ്രത്യേകം അറിയി ക്കുന്നു. അതൊടൊപ്പം ഈ ദിവസങ്ങളിൽ ഞങ്ങളോടൊപ്പം രക്ഷാപ്രവർത്തന ദൗത്യത്തിൽ സഹകരിച്ച ചിങ്ങവനത്തെ യുവജനങ്ങളോടുള്ള നന്ദിയും അറിയിക്കട്ടെ.

ആദ്യ ദിവസം തന്നെ പ്രഥമഘട്ട രക്ഷാ പ്രവർത്തനങ്ങൾ തീർത്തതിനുശേഷം ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് സഹായം ചെയ്ക എന്നുള്ളതായിരുന്നു. ഈ ദൗത്യത്തിലും ക്നാനായ കോൺഗ്രസിനെ വിദേശത്തും സ്വദേശത്തും ഉള്ള വിവിധ ക്നാനായ പള്ളികൾ, മാന്യ വ്യക്തികൾ, ജർമ്മനിയിലെ ചില സംഘടനകൾ ഇവരൊക്കെ അകമഴിഞ്ഞ് സഹായിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പിന്നാലെ ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. കുവൈറ്റ് ക്നാനായ കോൺഗ്രസ് യൂണിറ്റിന്റെയും, യു.എസ്.എ. യിലെ വാഴയിൽ ഏബ് എബ്രഹാമിന്റെയും സഹകരണത്താൽ മുന്നൂറോളം മെത്തകൾ (Foam beds) അർഹരായവർക്ക് കൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. ശുദ്ധജല ദൗർലഭ്യം നേരി ടുന്ന കുട്ടനാട്ടിലെ വിവിധ പള്ളികളിലായി ഒൻപതോളം വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചുകൊടുക്കുന്നതിനും സാധിച്ചു. ഓതറയിലെയും റാന്നിയിലേയും രാമമംഗലത്തെയും സ്ക്കൂളുകളിലായി വിദ്യാർത്ഥികൾക്ക് വേണ്ടുന്നതായ പഠ നോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് സാധിച്ചു. വെള്ള പൊക്കത്തിൽ വീട് പൂർണ്ണമായോ ഭാഗികമായോ തകർന്നു പോയ 15 കെട്ടിടങ്ങൾ നേരിട്ട് സന്ദർശിച്ച് തികച്ചും അർഹ രാണെന്ന് ബോദ്ധ്യപ്പെട്ട് നിലവിൽ മൂന്നുലക്ഷത്തി തൊണ്ണൂറ്റി മൂവായിരം (Rs 393000) രൂപ ഭവന പുനരുദ്ധാരണ സഹായ മായി കൊടുക്കുവാൻ സാധിച്ചു. ജർമ്മനിയിലെ സമ്റോനോ റോയ്ബാക്കോസിനോടും, ഫാ. തോമസ് ജേക്കബ് മണിമ ലയോടും, സിറിയായോ ഫോർ ഇൻഡ്യൻസിനോടും പ്രത്യേകം നന്ദി അറിയിക്കട്ടെ. ഭവന പുരരുദ്ധാരണ പദ്ധതി യിൽ അർഹരായവരെ കണ്ടെത്തി സഹായിക്കുന്നത് വീണ്ടും തുടർന്നു കൊണ്ടിരിക്കുന്നു. പകർച്ച വ്യാധികൾ പടരാതിരി ക്കുന്നതിനായി പ്രതിരോധ മരുന്നുകളും ക്ലീനിങ്ങ് മെറ്റീരി യൽസും വിവിധ സ്ഥലങ്ങളിൽ കൊടുക്കുകയുണ്ടായി. വെള്ളപൊക്കത്തിൽ മുങ്ങിപ്പോയ പല വീടുകളിലും നഷ്ട പ്പെട്ടുപോയ സത്യവേദപുസ്തകത്തിനും നമസ്ക്കാരക്രമ ത്തിനും പകരമായി പുതിയതു വാങ്ങി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ക്നാനായ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും തുടർന്നു നട ക്കുന്ന പുനരധിവാസ പ്രവർത്തനങ്ങളിലും വേണ്ടുന്നതായ നിർദ്ദേശങ്ങൾ തന്നുകൊണ്ടിരിക്കുന്ന ആർച്ച്ബിഷപ്പ് മോർ സേവേറിയോസ് കുറിയാക്കോസ് വലിയ മെത്രാപ്പോലീത്താ യോടും അഭിവന്ദ്യ തിരുമേനിമാരോടും, സമുദായ ഭാരവാ ഹികളോടും ബഹു. വൈദികരോടും ഞങ്ങളെ ചെറിയ തായോ വലുതായോ സഹായിച്ചിട്ടുള്ള മാന്യ വ്യക്തികളോടും വിവിധ പള്ളികളോടും, മറ്റു സംഘടനക ളോടും പ്രത്യേകിച്ച് അബുദാബി, മസ്ക്കറ്റ്, ബ്രിസ്റ്റോൾ ക്നാനായ പള്ളികൾ, സെന്റ്പീറ്റേഴ്സ്, സെന്റ്പോൾസ് ക്നാനായപള്ളി ലണ്ടൻ, ഷാർജ യൂത്ത് അസോസ്സിയേഷൻ, സതേൺ റോക്സ് ഇവരോടും നന്ദി വീണ്ടും അറിയിക്കു ന്നു. അതിലെല്ലാം ഉപരിയായി പ്രളയമുണ്ടയാപ്പോൾ മുതൽ ഈ രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തന ങ്ങളിലും ചുക്കാൻ പിടിച്ച് മുന്നിൽ നിൽക്കുന്ന കേന്ദ്ര പ്രസി ഡന്റ് ജേക്കബ് കല്ലുകുളം അച്ചനോടും മറ്റു കേന്ദ്ര മേഖലാ യൂണിറ്റ് ഭാരവാഹികളോടും പ്രത്യേകം നന്ദി അറിയിക്കു ന്നു.

പ്രകൃതി ദുരന്തങ്ങൾ തിരിച്ചറിവുകൾ ആകണം. അത് പരസ്പരം കുറ്റപ്പെടുത്തുന്നതിനോ പഴിചാരുന്നതിനോ ആഘോഷിക്കപ്പെടേണ്ടതിനോ അല്ല. കാലവർഷക്കെടുതി യും പ്രകൃതി ദുരന്തങ്ങളും ഒഴിവായി ആശ്വാസകരമായ അവസ്ഥ സകലജനങ്ങൾക്കും ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം......

## ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു ലക്ഷം രൂപ സംഭാവന



കൂട്ടോത്തറ ഫാ. ചെറിയാന്റെ പൗരോഹിത്യ ത്തിന്റെ 25-ാം വാർഷികസമ്മേളനത്തിൽ (സിൽവർ ജൂബിലി സമ്മേളനം) ഒരു വർഷം നീണ്ടുനിൽക്കുന്ന പൗരോഹിത്യ ജൂബിലി പരി പാടികളുടെ ഉൽഘാടനം ബഹു.ക്നാനായ ഭദ്രാ സന വലിയ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിക്ക് തുക കൈമാറി നൽകുന്നതും ആ തുക കുട്ടനാട് പ്രദേ ശത്ത് എത്തിക്കുന്നതിനും ചുമതലപ്പെടുത്തി. പ്രസ്തുത പെരുന്നാളിൽ മൂന്നിന്മേൽ കുർബ്ബാ നയും പെരുന്നാൾ ആഘോഷവും മറ്റിതരപരിപാ ടികളും നടത്തുകയുണ്ടായി.

വി. കന്യകമറിയത്തിന്റെ നാമധേയത്തിലുള്ള പുനലൂർ വാളക്കോട് സെന്റ് മേരീസ് ക്നാനായ പള്ളി എട്ടുനോമ്പ് വലിയ പെരുന്നാളിനോടനു ബന്ധിച്ച് കൂട്ടോത്ര ബ്രദേഴ്സ് സമാഹരിച്ച തുക പെരുന്നാൾ ചിലവുചുരുക്കി മിച്ചം പിടിച്ച ഒരു ലക്ഷം രൂപകുട്ടനാട്ടിൽ ഭാഗീകമായി നശിച്ച തിര ഞ്ഞെടുക്കപ്പെട്ട 10 വീടുകൾക്ക് 10000 രൂപ പ്രകാരം വീതിച്ചു നൽകുന്നതിലേക്കും തീരുമാനിച്ചു.

## ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റി

2018-ജൂലൈ മാസത്തിൽ കുട്ടനാട്ടിലും കോട്ടയത്തും ഉണ്ടായ പ്രളയക്കെടുതിയിൽ ദുരിതമനുഭവിച്ചവർക്കായുള്ള ഭക്ഷ്യധാന്യകിറ്റ് വിതരണത്തിന് സംഭാവന തന്നവരുടെ ലിസ്റ്റും കണക്കും.

**വരവ്**

| | |
|---|---|
| റവ.ഫാ.ഡോ.എ.റ്റി. ഏബ്രഹാം ആലുംമൂട്ടിൽ | 2500 |
| ,, ഫാ. കെ.ഒ. ജോസഫ് കുളത്രാമണ്ണിൽ | 2000 |
| ഒരു വിശ്വാസി, ചിങ്ങവനം | 1000 |
| കൺസോളിഡേറ്റഡ് ബോർഡ്സ്& സ്വീറ്റ്സ് ചിങ്ങവനം | 3000 |
| പുന്നൂസ് ആൻഡ്രൂസ്, നന്ത്യാട്ട്. ചിങ്ങവനം | 3500 |
| ജോജി വേഴക്കാട്ട്, ചിങ്ങവനം | 5000 |
| ജോയി ജേക്കബ്, ആഞ്ഞിലിമൂട്ടിൽ,ദുബായ് | 17500 |
| സന്തോഷ് സഖറിയ കാവുങ്കൽ, ഷാർജ | 35000 |
| അജോ ഏബ്രഹാം കണ്ണോത്ത്, ദോഹ | 2500 |
| തോമസുകുട്ടി എ കുര്യൻ, ആപ്പീസിൽ, വെളിയനാട് | 2000 |
| അരുൺ ജോസഫ്, മൂഴിക്കൽ | 5000 |
| ജോക്സി പുത്തൻപറമ്പിൽ, ചിങ്ങവനം | 2500 |
| റോയ് പുത്തൻപുരയ്ക്കൽ, പാവുക്കര | 5000 |
| സണ്ണി മലയശ്ശേരിയിൽ, വള്ളംകുളം | 5000 |
| ബിനു കല്ലേമണ്ണിൽ, ഓതറ | 5000 |
| പുന്നൂസുകുട്ടി കൊണ്ടൂർ, ചിങ്ങവനം | 1050 |
| രെജു കേളചന്ദ്ര, ചിങ്ങവനം | 3500 |
| മോഹൻ തോമസ് വലിയപറമ്പിൽ, പാക്കിൽ | 3500 |
| കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, റാന്നി | 5000 |
| പ്രസാദ് കാവുങ്കൽപ്പുര, റാന്നി | 2000 |
| മനേഷ് തോമസ്, കണ്ണന്താനം ഗ്രൂപ്പ് | 55000 |
| ആകെ വരവ് | **189050** |

**ചിലവ്**

| | |
|---|---|
| പലവ്യഞ്ജന ധ്യാനകിറ്റ് | 132090 |
| ധ്യാനകിറ്റ് , റാന്നി മേഖലകമ്മറ്റി | 25000 |
| ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജ് | 4900 |
| ഫ്ളക്സ് | 250 |
| മൈക്ക് | 1000 |
| ആകെ ചിലവ് | **163240** |
| ബാലൻസ് | **25810** |

Sd/ പ്രസി. Sd/ സെക്ര. Sd/ ട്രസ്റ്റി



## ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

(യെശയ്യാവ് 1-15 അദ്ധ്യായത്തിൽനിന്ന് ആദ്യത്തെ 8 എണ്ണം മാത്രം)

1. യെശയ്യാവ് പലകമേൽ എഴുതിയതെന്ത്
2. യിസ്രായേലിനെതിരായി ദൈവം കൊതുകിനെ വിളിച്ചു വരുത്തിയതെവിടെനിന്ന്?
3. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും എന്ന അടയാളം ദൈവം കൊടുത്തതാർക്ക്?
4. സ്വർഗ്ഗത്തിൽ കയറും എന്നും, അത്യുന്നതനോടു സമനാകും എന്നും പറഞ്ഞതാര്?
5. അശ്ശൂർ രാജാവ് പടക്കോപ്പ് വെച്ചിരിക്കുന്ന സ്ഥലം ഏത്?
6. യേശു പൈതലിന്റെ ആഹാരം എന്തായിരിക്കും എന്നാണ് യെശയ്യാവ് പറഞ്ഞിരിക്കുന്നത്?
7. ഹെശ്ബോന്റെയും, എലെയാലെയുടെയും നിലവിളിയുടെ ഒച്ച എവിടെവരെ കേൾക്കാം?
8. ജാതികളുടെ ധനത്തെ ഒരു പക്ഷിക്കൂടിനെപ്പോലെ എത്തിപ്പിടിച്ച രാജാവാര്?
9. അതൃല്പമായോരു ശേഷിപ്പും ഇല്ലാത്തതായ രണ്ടു സ്ഥലങ്ങൾ ഏതെല്ലാം?
10. അന്ത്യ അത്താഴമെന്ന (പെസഹാ) പ്രസിദ്ധമായ ചിത്രം വരച്ചതാര്?
11. സമാധാനത്തിന്റെ വൃക്ഷം ഏത്?

### ആഗസ്റ്റ് മാസത്തിലെ ചോദ്യങ്ങളുടെ ശരിയുത്തരങ്ങൾ

1. യെശയ്യാവിനോട് (6:8)
2. യഹോവ (1:18)
3. നിമ്രിമിലെ (15:6)
4. അണലി (14:29)
5. ബാബേൽ (13:21)
6. ഓറേബ് പാറയ്ക്കരികെ (10:26)
7. ആഹാസ് രാജാവ് (7:12)
8. മഹേർ ശലാൽ ഹാശ്ബസ് (8:3)
9. മഞ്ഞനിക്കരയിലേക്ക്
10. മാരാമൺ കൺവൻഷൻ

**എല്ലാം ശരിയുത്തരം അയച്ചവർ**

തോമസ് റ്റി.യു. തോമ്പാറ, കുറിച്ചി
എബിൻ റോബി പാലക്കുടി, ചിങ്ങവനം
എഫ്രി റോബി പാലക്കുടി, ചിങ്ങവനം
ഏബൽ കെ. എബി, കാലായിൽ പരുത്തുംപാറ
എയ്ഞ്ചൽ സാറ എബി കാലായിൽ പരുത്തുംപാറ

**ഉത്തരങ്ങൾ അതാതുമാസം 30ന് മുമ്പായി ഓഫീസിൽ എത്തിക്കണം.**



# കർത്താവിന്റെ മലർവാടി

*പ്രിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനുജത്തിമാരെ,*

മത്സരത്തിന്റെയും വിജയത്തിന്റേയും കാലഘട്ടമാണിത്. എല്ലായിടത്തും മത്സരങ്ങൾ. എല്ലാവരും ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരു അർത്ഥത്തിൽ മത്സരത്തിൽ തന്നെ. വിജയികളെ എല്ലാവരും അനുമോദിക്കുന്നു. പരാജിതരെ പാടെ മറക്കുന്നു. വിജയികൾ തങ്ങൾക്കു ലഭിച്ച വിജയത്തിൽ ആഹ്ലാദിക്കുന്നു. ചിലർ അഹങ്കരിക്കുന്നു. തങ്ങളുടെ കൂടെ ഉണ്ടായിരുന്നവരേയും തങ്ങളെ വിജയിക്കാൻ സഹായിച്ചവരേയും പരാജിതരേയും പൂർണ്ണമായും മറക്കുന്നു.

ഇവിടെ രണ്ടു കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. മഹാത്മ ഗാന്ധിയോട് എന്താണ് ജനാധിപത്യം എന്നു ചോദിച്ച ഒരു കുട്ടിയോട് അദ്ദേഹം പറഞ്ഞ മറുപടി ഇതായിരുന്നു. "നിങ്ങൾ ഒരു ഓട്ട മത്സരത്തിൽ ജയിക്കുമ്പോൾ ജയിച്ചു എന്നു മാത്രം ഓർക്കാതെ കൂടെ ചിലർ കൂടി ഓടിയിരുന്നു എന്ന് ഓർക്കുന്നതാണ് ജനാധിപത്യം. കാരണം ഒറ്റയ്ക്ക് ഓടിയാൽ ആരും ജയിക്കില്ല" അതായത് നിങ്ങൾ വിജയിച്ചതിന്റെ കാരണം കുറെയേറെ ആളുകൾ തോൽക്കാനുണ്ടായിരുന്നതു കൊണ്ടാണ്.

രണ്ടാമത് ഉന്നത സ്ഥാനങ്ങൾ ലഭിക്കുമ്പോഴും അംഗീകാരവും ആദരവും ലഭിക്കുമ്പോഴും അഹങ്കരിക്കുന്നവരും ആഹ്ലാദിക്കുന്നവരും ഒന്നോർക്കുക. നിങ്ങൾക്ക് ലഭിക്കുന്ന ആദരവും അംഗീകാരവും നിങ്ങളെന്ന വ്യക്തിക്കല്ല മറിച്ച് നിങ്ങൾ പ്രതിനിദാനം ചെയ്യുന്ന സ്ഥാനത്തിനാണ്. തമിഴ്സംസ്ക്കാരത്തിൽ ഇപ്രകാരം ഒരു കഥയുണ്ട്. ഒരു മഹാക്ഷേത്രത്തിൽ ഒരു വലിയ ഉത്സവം നടക്കുകയാണ്. ഉത്സവത്തിന്റെ ഘോഷയാത്രയിൽ ക്ഷേത്രത്തിന്റെ ദേവന്റെ വിഗ്രഹം എഴുന്നെള്ളിക്കാൻ അവർ ഒരു ആനയെ അന്വേഷിച്ചു. പക്ഷെ ഉത്സവങ്ങളുടെ കാലമായതിനാൽ ആനയെ കിട്ടിയില്ല. അവർ ആലോചിച്ചു ആനയെ കിട്ടാനില്ല എന്നാൽ പകരം ഒരു നല്ല കുതിരയായാലോ?. അവർ കുതിരയ്ക്കുവേണ്ടി നെട്ടോട്ടം ഓടി. പക്ഷെ കുതിരകളേയും പല ആവശ്യങ്ങൾക്കായികൊണ്ടുപോയി കഴിഞ്ഞിരുന്നു. അവസാനം അവർക്ക് കിട്ടിയത് ഒരു കോവർ കഴുതയെ ആയിരുന്നു.

ക്ഷേത്ര ഭാരവാഹികൾ കോവർ കഴുതയെ കുളിപ്പിച്ച് പട്ട് വസ്ത്രം ധരിപ്പിച്ച് ചന്ദനവും പൂശി മാലയും കുങ്കുമവും ഒക്കെ അണിയിച്ച് ദേവ വിഗ്രഹം അതിന്റെ മുകളിൽ കയറ്റി എഴുന്നള്ളെത്ത് ആരംഭിച്ചു. ആളുകൾ അതിനെ നമസ്ക്കരിക്കുവാനും, മാലയിടാനും തുടങ്ങി. അങ്ങനെ കുറച്ചു ദൂരം ചെന്നപ്പോൾ ഈ കഴുത വിചാരിച്ചു തനിക്കാണ് ഇത്രയും ആദരവും പൂജയും കിട്ടുന്നത് അതുകൊണ്ട് താനെന്തിനാണ് ഈ വിഗ്രഹം ചുമക്കുന്നത്. കഴുത അല്പം അഹങ്കരിച്ച് തന്റെ പുറത്ത് വച്ചിരുന്ന ദേവ വിഗ്രഹം കുലുക്കി താഴെ ഇട്ടു. ചുറ്റും നിന്ന ആളുകൾ കഴുതയെ പൊതിരെ തല്ലി താഴെ ഇട്ടു.


പ്രിയപ്പെട്ട കൂട്ടുകാരെ ചില നേതാക്കളുടേയും വിജയികളുടേയും മനോഭാവം ഈ കഴുതയുടേതാണ്. മറ്റുള്ളവർ തങ്ങളെ ബഹുമാനിക്കുന്നതും അംഗീകരിക്കുന്നതും അനുസരിക്കുന്നതും തങ്ങളുടെ വ്യക്തി പ്രഭാവം കൊണ്ടാണ് എന്ന് വിചാരിക്കുന്നു. അത് അവരുടെ വീഴ്ചയ്ക്ക് കാരണമാകുകയും ചെയ്യും.

അതുകൊണ്ട് വിജയത്തിൽ അഹങ്കരിക്കരുത്. വിജയം മറ്റുള്ളവരെ ഉപദ്രവിക്കുവാനും പ്രതികാരം ചെയ്യുവാനുമുള്ള അവസരമായി നാം ഒരിക്കലും കാണരുത്. നമ്മുടെ വിജയത്തിന്റെ കാരണം അവർ കൂടിയാണെന്ന് മനസ്സിലാക്കി ക്രിസ്തുവിന്റെ താഴ്മയും ഭാവവുമാണ് സ്വീകരിക്കേണ്ടത്. "നിങ്ങളിൽ വലിയവനാകുവാൻ ആഗ്രഹിക്കുന്നവൻ ദാസനാകണം എന്ന ക്രിസ്തുവിന്റെ തിരുമൊഴി നാം എപ്പോഴും ഓർത്തിരിക്കുക.

ഒത്തിരി സ്നേഹത്തോടെ

**നിങ്ങളുടെ കൊച്ചിച്ചാച്ചൻ**

## അഭിനന്ദനങ്ങൾ



പത്തനംതിട്ട ജില്ലയിലെ മികച്ച വിദ്യാർത്ഥി കർഷകനായി തെരഞ്ഞെടുത്ത **യോന ലിജി**. സീതത്തോട് സെന്റ് ജോർജ് ക്നാനായപള്ളി ഇടവകയിൽ മുള്ളാനിൽ ലിജി തോമസിന്റെയും ഹന്നാ ലിജിയുടെയും പുത്രനാണ്.

# വിവാഹിതരായി



വെള്ളുത്തുരുത്തി സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കുലചാങ്കൽ Late Sabu Mathew ന്റെയും Minimol Sabu ന്റെയും മകൻ **Ajith Sabu** ഉം റാന്നി St. Thomas വലിയപള്ളി ഇടവകയിൽ പരവതോടത്തിൽ Biju Mathew ന്റെയും Biji Thomas ന്റെയും മകൾ **Dr Richy Thomas** ഉം തമ്മിലുള്ള വിവാഹം 2018 ആഗസ്റ്റ് 23–നു വെള്ളുത്തുരുത്തി St. Mary's Knanaya Church ൽ അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

## 2 – ാം ചരമ വാർഷികം

**19-10-2018**



## K.A. ഉതുപ്പാൻ (കുഞ്ഞുമോൻ)

കുറ്റിയിൽ, കല്ലിശ്ശേരി

**"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ"**


*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

In Loving memory of our beloved Pappa

## 6th Birthday in Heaven

**31-10-2018**



## T. K. Abraham (Avarachen)

Thundiyilchirayil, Mannar

Inserted by : Sorrowing Wife, Children and Grandchildren

Advt - R




# Congratulations Dr. Jancy Jacob !!!




For obtaining the **Doctor of Nursing Practice Degree in Healthcare Systems Leadership** from Chamberlain University. She is the daughter of the late Mr. Skariah & Mrs. Ammini (Manimala Parayil, Chingavanam), the wife of Mr. Roney Jacob (Puthenchirayil, Eara), and the mother of Lexiah & Jerosh. Jancy is a member of St. James Knanaya Church, Houston, Texas.

Best Wishes!!!
By,
Family & Friends.

## 40 – ാം ചരമ ദിനം

10 – 10 – 2018



**തോമസ് സ്കറിയ (ജോയി)**

**മാണന്തറയിൽ (മാലിയിൽ മാന്നാർ)**

**തിരുവൻവണ്ടൂർ**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 4 – ാം ചരമ വാർഷികം

31 – 10 – 2018



**K. C. Thomas (അനിയൻ)**

**Kochupurackal**

**Thiruvanvandoor**

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 2 – ാം ചരമ വാർഷികം

26 – 10 – 2018



**K. M. Thomas (Aniyan)**

**Kalatharayil**

**Thiruvanvandoor**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 40 – ാം ചരമ ദിനം

30 – 09 – 2018



**കെ. എം. എബ്രഹാം (കുഞ്ഞുകുഞ്ഞ്)**

**കറുകേലിൽ**

**തിരുവൻവണ്ടൂർ**

ജനനം (27 – 04 – 1936)    മരണം (22 – 08 – 2018)

Advt - O

## 40 –ാം ചരമ ദിനം

30 – 09 – 2018



## TITTYMON MATHEW

Kattayil Chelaparambil
(Kollad, Kottayam)

“നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 10th Death Anniversary

28-10-2018



## Biju Joseph

Chirayil Peedikayil, Bangalore
(Jose Villa, Puthenangadi, KTM)

Sorrowing Family

Advt - R



## 26 –ാം ചരമ വാർഷികം

26-10-2018

## ശോശാമ്മ ഏബ്രഹാം

പള്ളിയമ്പിൽ
പടിഞ്ഞാറ്റോതറ
തിരുവല്ല.

പോബ്സ് ഗ്രൂപ്പ്

Advt - S

## 40 – ാം ചരമ ദിനം

**14 – 10 – 2018**



## മോൻസി ജോർജ്

പരവതോടത്തിൽ

വരവൂർ, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - A

## 1 – ാം ചരമ വാർഷികം

**25 – 10 – 2018**



## P.O. Punnoose (കുഞ്ഞൂട്ടി)

പ്ലാന്തോട്ടത്തിൽ (കൊച്ചുചക്കലത്ര)

**Eraviperoor**

**Thiruvalla**

Advt - R

## 40 – ാം ചരമ ദിനം

**29-09-2018**



## ഡോ. എം. ഐ. കുര്യക്കോസ്

മാലത്തുശ്ശേരിൽ

എടവണ്ണ, നിലമ്പൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 1 – ാം ചരമ വാർഷികം

**17-10-2018**



## എബ്രഹാം വി. ജേക്കബ് (85)

വലിയമണ്ണിൽ

പഴവങ്ങാടി, റാന്നി

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - A

## 40 – ാം ചരമ ദിനം

15 – 10 – 2018



# V. P. Thomas

## (Thommachen)

## Vilayil House, Ranni

**“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 7th Death Anniversary

20 – 09 – 2018

## 1st Death Anniversary

6 – 11 – 2018



## Lillykutty

## A. Baby

## Akkarakandathil, Mazhukeer

By Sorrowing Family

Advt -O

## 1st Death Anniversary

**17-10-2018**

## 9th Death Anniversary

**6-11-2018**



## Punnoose Chacko

**(Pappachen)**


## Aleykutty Chacko

**അമ്മേത്ത് അമ്പലപ്പാട്ട്, തിരുവൻവണ്ടൂർ**

**“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ”**

By Sorrowing Family

Advt - R



5 – ാം ചരമ വാർഷികം

27-10-2018

## വി. എം. ജോസഫ്

വളയനാട്ട്

റാന്നി

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

1 – ാം ചരമ വാർഷികം

12 – 10 – 2018



## ലീലാമ്മ കുര്യൻ

